## ഗവൺമെന്റ് പ്രമേയങ്ങൾ (ചട്ടം 118)

1. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും ലഭിച്ചുവരുന്ന സംവരണം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണമെന്ന പ്രമേയം

### (1) ആംഗ്ലോ -ഇന്ത്യൻ പ്രാതിനിധ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയ 126- ാം ഭരണഘടനാ ഭേദഗതി ബിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭയിലുമുള്ള സംവരണം പത്ത് വർഷംകൂടി ദീർഘിപ്പിച്ചുനൽകാൻ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ 2030 ജനുവരി 25 വരെ മേൽപ്പറഞ്ഞ സംവരണം തുടരാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 334(b) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 2020 ജനുവരി 26-ന് അവസാനിക്കുന്ന പ്രത്യേക പ്രാതിനിധ്യം പത്ത് വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുനൽകാൻ 126-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

രാജ്യത്ത് നാളിതുവരെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവരുന്ന

പ്രത്യേക പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇത് സ്വയം വ്യക്തമായതാണ്. ഇതിൽ വിശദീകരണത്തിന്റെ ആവശ്യമില്ലെന്നാണ് തോന്നുന്നത്. ഈ പ്രമേയവും ഐകകണ്ഠ്യേന പാസ്സാക്കാനാകണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇതുമായി ബന്ധപ്പെട്ട് നേരത്തെ സംസാരിച്ചുകഴിഞ്ഞു. ഒരു പ്രമേയം കൂടി എനിക്ക് അവതരിപ്പിക്കാനുണ്ട്. അതിന് കുറച്ച് സമയം കൂടുതൽ വേണ്ടിവരും. അതിനാൽ ഈ പ്രമേയത്തിന് കൂടുതൽ ചർച്ചയില്ലാതെ പാസ്സാക്കുന്നതായിരിക്കും ഉത്തമമെന്നാണ് എനിക്ക് തോന്നുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിനകത്ത് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. ലോകസഭയിൽ ഈ ഭരണഘടനാ

ഭേദഗതി അവതരിപ്പിച്ചപ്പോൾ കേന്ദ്ര നിയമമന്ത്രി പറഞ്ഞത്, ഇന്ത്യയിൽ 296 ആംഗ്ലോ ഇന്ത്യൻസേ ഉള്ളൂവെന്നാണ്. ഇന്ത്യയിലെ ആംഗ്ലോ ഇന്ത്യൻസിന്റെ എണ്ണം 3,47,000 ആണ്. അപ്പോൾ incorrect ആയ ഒരു കാര്യം പറഞ്ഞാണ് ഇത് എടുത്തുകളയുന്നത്. ഇത് മിസ് ലീഡിംഗ് ആണ്. ആർട്ടിക്കിൾ 334(b)-ൽ പറയുന്ന കാര്യങ്ങൾ എടുത്തു കളയുന്ന നടപടി ഒരു സമൂഹത്തെ മാത്രമല്ല, ഈ രാജ്യത്തുള്ള ഒരു മൈനോറിറ്റിക്കെതിരായ വലിയൊരു കടന്നാക്രമണമാണ്. ലോക്സഭയിൽ ഇതുസംബന്ധിച്ച് ശ്രീ. ഹൈബി ഈഡൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഒരു മറുപടിയും പറഞ്ഞില്ല. വസ്തുതകൾ ഇതായിരിക്കെ, കേന്ദ്ര ഗവൺമെന്റ് തിരുത്തേണ്ട ഒരു കാര്യമാണ്. ഈ രാജ്യത്തിന്റെ സാമൂഹ്യവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ രംഗങ്ങളിൽ വലിയ തോതിലുള്ള സംഭാവന ചെയ്ത സമൂഹമാണ് ആംഗ്ലോ ഇന്ത്യൻസ്. അതുകൊണ്ട് അവരെ ഉൾപ്പെടുത്തുക എന്നത് നമ്മുടെ നാടിന്റെ ആവശ്യമാണ്. ഇപ്പോൾ വിവിധ കാറ്റഗറികൾക്ക് പലതരത്തിലുള്ള സംവരണങ്ങളും ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്, എന്തുകൊണ്ടാണ്? They cannot be elected from among the people. ഇലക്ട് ചെയ്ത് വരാൻ കഴിയാത്തതുകൊണ്ടാണ് അവർക്ക് സംവരണം

ഏർപ്പെടുത്തിയിട്ടുള്ളത്. ആ വിശാലമായ ലക്ഷ്യത്തോടെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ആലോചിച്ച് എടുത്തൊരു തീരുമാനമാണ്. അതൊരിക്കലും മാറ്റാൻ പാടില്ലാത്തതാണ്. മാറ്റിയ നടപടി ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. ഈ സഭ ഒറ്റക്കെട്ടായി ആ തീരുമാനത്തെ നിരാകരിക്കണം. അതിനെതിരെ പ്രതിഷേധിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: സർ, ഈ പ്രമേയത്തിൽ സംവരണം എന്ന പറഞ്ഞ സ്ഥാനത്ത് പ്രത്യേക പ്രാതിനിധ്യം എന്നാക്കി മാറ്റണം. അങ്ങനെ ഒരു തിരുത്ത് വരുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാന നിയമസഭകളിലും ജനുവരി 26-ന് അവസാനിക്കുന്ന 'സംവരണ' കാലാവധി എന്നത് 'പ്രത്യേക പ്രാതിനിധ്യം' എന്നാക്കി മാറ്റണം. 'സംവരണം' എന്നുള്ളത് 'പ്രത്യേക പ്രാതിനിധ്യം' എന്നാക്കി മാറ്റണം.

മി. സ്പീക്കർ: Representation എന്നുള്ള വാക്കാണ് ഭരണഘടനയിലുള്ളത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിൽ മാത്രം ഒരു ലക്ഷത്തിനടുത്ത് വരുന്ന ആംഗ്ലോ ഇന്ത്യൻസുണ്ട്. ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ നാലുലക്ഷത്തിനടുത്ത് വരുന്ന ആംഗ്ലോ ഇന്ത്യൻ സമുദായം രാജ്യവ്യാപകമായിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷവും മതന്യൂനപക്ഷവുമായിട്ടുള്ള ഈ വിഭാഗത്തിന്റെ പ്രാതിനിധ്യം സംരക്ഷിക്കാനാവശ്യമായ ഉറച്ച തീരുമാനം ഈ നിയമസഭ ഏകകണ്ഠേന കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ പ്രമേയം അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തിൽ കൂട്ടിച്ചേർക്കേണ്ട ഒരു കാര്യം, രാജ്യത്തുള്ള ആംഗ്ലോ-ഇന്ത്യൻ സമുദായങ്ങളുടെ അംഗസംഖ്യ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു.

ശ്രീ. പിണറായി വിജയൻ: സർ, രാജ്യത്ത് നാളിതുവരെയുള്ള ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവരുന്ന പ്രത്യേക പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാഭേദഗതിക്കായി എന്നാണ് ഇതിൽ പറയുന്നത്. അപ്പോൾ രാജ്യത്തെ തന്നെയാണ് പറയുന്നത്, അതിൽ വ്യത്യാസമില്ല.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ശ്രദ്ധയിലേയ്ക്ക്, പാർലമെന്റിൽ ഇത് അവതരിപ്പിച്ചപ്പോൾ 296 അംഗങ്ങളേ ഈ വിഭാഗത്തിൽ ഉണ്ടായിരുന്നുള്ളൂവെന്നാണ് പറഞ്ഞത്. എന്നാൽ 3,47,000 ആംഗ്ലോ ഇന്ത്യൻസുണ്ട് എന്നുള്ളതാണ് വസ്തുത. അതിന്റെ കണക്ക് എന്റെ കൈയിലുണ്ട്. അത് എന്തുകൊണ്ട് സ്പെസിഫൈ ചെയ്തുകൂടാ എന്നാണ് എന്റെ ചോദ്യം. പാർലമെന്റിൽ 296 എന്ന് പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്.

ശ്രീ. പിണറായി വിജയൻ: സർ, സംസാരത്തിൽ എന്തുപറഞ്ഞുവെന്നുള്ളതല്ല. ഇതിന്റെ പൊതുവായ കാര്യങ്ങൾ ശരിയായ രീതിയിൽ തന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. എണ്ണത്തിന്റെ കാര്യത്തിലേയ്ക്കൊന്നും ഇപ്പോൾ പോയിട്ടില്ല. ആ വിഭാഗത്തിന്റെ പ്രാതിനിധ്യം തുടരേണ്ടതാണ്. അത് ന്യായമാണെന്നതാണ് നാം ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## 2. പൗരത്വ ഭേദഗതി നിയമം റദ്ദാക്കുന്നതിനുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "2019-ലെ പൗരത്വ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിച്ചതിനെത്തുടർന്ന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെയിടയിൽ ആശങ്കകൾ രൂപപ്പെടുകയും രാജ്യവ്യാപകമായി പ്രതിഷേധമുയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ സമാധാനപരമായ പ്രതിഷേധം ഒറ്റക്കെട്ടായി ഉയർന്നുവന്നിട്ടുണ്ട്.

പൗരത്വം നൽകുന്നതിനായി പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന 2019-ലെ പൗരത്വ ഭേദഗതി നിയമം നമ്മുടെ ഭരണഘടനയുടെ പാർട്ട് III-ലെ മൗലികാവകാശമായ സമത്വ തത്വത്തിന്റെ ലംഘനമാണ്.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വിവിധ ധാരകളുടെ സമന്വയം കൂടിയായിരുന്നു. അവ മുന്നോട്ടുവച്ച ആധുനിക ജനാധിപത്യത്തെയും മതനിരപേക്ഷ കാഴ്ചപ്പാടിനെയും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെട്ടുവന്നത്. പൗരാവകാശങ്ങൾക്കും സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു

നാഴികക്കല്ലായി രൂപീകരിക്കപ്പെട്ട നമ്മുടെ ഭരണഘടന ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സമത്വത്തിലും ശാസ്ത്രീയ മനഃസ്ഥിതിയിലും അധിഷ്ഠിതമായ ഒന്നുകൂടിയാണ്. വിവിധ ജനവിഭാഗങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് ഇന്ത്യൻ ദേശീയത. നാനാത്വത്തിൽ ഏകത്വം എന്ന വീക്ഷണത്തിന്റെ അടിത്തറ അതുകൊണ്ടുതന്നെയാണ് ഭരണഘടന ഉൾക്കൊണ്ടിട്ടുള്ളത്.

2019-ലെ പൗരത്വ ഭേദഗതി നിയമം പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേയ്ക്ക് 2014 ഡിസംബർ 31-ന് മുമ്പ് കുടിയേറിപ്പാർത്ത ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ മതവിശ്വാസികൾക്ക് പൗരത്വം നൽകുന്നതും മുസ്ലീങ്ങളെ അതിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥ ഉൾപ്പെടുന്ന ഒന്നാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുമ്പോൾ മത-രാഷ്ട്ര സമീപനമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നത്. ഇത് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ കാഴ്ചപ്പാടിന് കടകവിരുദ്ധമായതിനാൽ ഈ നിയമം ഭരണഘടനയുടെ അടിസ്ഥാനഘടനയുമായി പൊരുത്തപ്പെടുന്നതല്ല.

ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ

മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം എല്ലാ മതവിഭാഗങ്ങളുടെയും മതനിരപേക്ഷ കാഴ്ചപ്പാടുള്ളവരുടെയും ഭാഗത്തുനിന്നുണ്ടാകേണ്ട സന്ദർഭമാണിത്.

നമ്മുടെ രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങളിൽ ഉയർന്നുവരുന്ന ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പൗരത്വം നൽകുന്നതിൽ മതാടിസ്ഥാനത്തിലുള്ള വിവേചനത്തിന് വഴിവയ്ക്കുന്നതും ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷത തകർക്കുന്നതുമായ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ ഇതുവരെയുള്ള പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയം നമ്മുടെ നിയമസഭയ്ക്ക് ഐകകണ്ഠ്യേന തന്നെ പാസ്സാക്കാൻ കഴിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ രാജ്യത്തെമ്പാടും വലിയ പ്രക്ഷോഭത്തിനാണ്

ഈ പൗരത്വ ഭേദഗതി നിയമം തിരികൊളുത്തിയിരിക്കുന്നത്. സർവ്വകലാശാലാ വിദ്യാർത്ഥികൾ, തൊഴിലാളികൾ, ജീവനക്കാർ, പൊതുപ്രവർത്തകർ ഇങ്ങനെ സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ളവർ ശക്തമായ പ്രതിഷേധമുയർത്തിക്കൊണ്ട് മുന്നോട്ടുനീങ്ങുകയാണ്. മതവിവേചനത്തിന്റെ രീതിയിലുള്ളതാണ് ഈ ഭേദഗതി. ഇത് അന്താരാഷ്ട്ര സമൂഹത്തിൽ തന്നെ നമ്മുടെ നാടിനെക്കുറിച്ച് തെറ്റായ ചിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ലോകത്തെമ്പാടും പ്രവാസികളായി ജീവിക്കുന്നവരാണ് മലയാളിസഹോദരങ്ങൾ. ആ പ്രവാസി സമൂഹത്തിനിടയിലും പൗരത്വ ഭേദഗതി നിയമം വലിയ ആശങ്കയാണ് ഉയർത്തിയിരിക്കുന്നത്. ഈ അന്തരീക്ഷത്തിൽ നിന്നുകൊണ്ടാണ് പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ചുള്ള ഈ പ്രമേയം നമ്മുടെ നിയമസഭ ചർച്ചയ്ക്കെടുക്കുന്നത്. രാജ്യത്തിന്റെ സവിശേഷതകളായി നാം അഭിമാനിക്കാറുള്ള ഘടകങ്ങളാണ് മതനിരപേക്ഷതയും അതിന്റെ ഭാഗമെന്നോണം നിലകൊള്ളുന്ന നാനാത്വത്തിൽ ഏകത്വം എന്ന കാഴ്ചപ്പാടും. ഇന്ത്യയെപ്പോലെ ഇത്രയേറെ വൈവിധ്യമാർന്ന ഭൂമിശാസ്ത്രവും ഭാഷകളും സംസ്കാരങ്ങളും മതവിഭാഗങ്ങളും എല്ലാമുണ്ടായിരുന്നിട്ടും ഒരു രാഷ്ട്രം എന്ന

നിലയിൽ നമുക്ക് നിലനിൽക്കാൻ കഴിഞ്ഞത് നേരത്തെ പറഞ്ഞ രണ്ട് കാഴ്ചപ്പാടുകളെ മുന്നോട്ടുവച്ചുകൊണ്ട് പ്രവർത്തിക്കുന്നുവെന്നതുകൊണ്ടാണ്. മതനിരപേക്ഷതയ്ക്കും വൈവിധ്യങ്ങളെ അംഗീകരിക്കുന്ന രീതിക്കും പോറലേൽക്കുമ്പോൾ അത് രാജ്യത്തിന്റെ നിലനിൽപ്പിനെത്തന്നെ ദുർബലപ്പെടുത്തുന്ന സാഹചര്യമാണുണ്ടാവുക. ഇത് നാം ഗൗരവമായി ഓർക്കേണ്ട കാര്യമാണ്. അതുകൊണ്ട് തന്നെ മേൽപ്പറഞ്ഞ മൂല്യങ്ങളെ കണക്കിലെടുക്കാതെ രൂപീകരിക്കുന്ന ഏത് നിയമനിർമ്മാണവും വലിയ പ്രത്യാഘാതങ്ങൾ രാജ്യത്ത് സൃഷ്ടിക്കുമെന്ന് നാം കാണേണ്ടതായിട്ടുണ്ട്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷത രൂപപ്പെട്ടുവന്നത് നൂറ്റാണ്ടുകളായി ഇവിടെ വളർന്നുവന്ന രാഷ്ട്രീയ സാമൂഹ്യ മുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിലാണ്. നാം ഇന്ന് കാണുന്ന ഇന്ത്യൻ ജനതയുടെ സംസ്കാരം രൂപപ്പെട്ടുവന്നത് ഏറെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന പ്രക്രിയയിലൂടെയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ച അവ്യക്തമായ ധാരണകൾ മാത്രമേ നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ചരിത്രത്തിന്റെ വികാസത്തിനനുസരിച്ച് ആധുനിക ഇന്ത്യ രൂപപ്പെട്ട് വരികയാണുണ്ടായത്. ആധുനിക ഇന്ത്യയുടെ രൂപീകരണം ഉണ്ടാകുന്നത് ദേശീയ സ്വാതന്ത്ര്യ

പ്രസ്ഥാനത്തിന്റെ അടിത്തറയിലാണ്. നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ഏറെ സവിശേഷതകളുണ്ട്. വൈവിധ്യമാർന്ന നിരവധി ധാരകളുടെ മഹാ പ്രവാഹമായിരുന്നു ആ സ്വാതന്ത്ര്യ പ്രസ്ഥാനം. ആദിവാസികളിലും കർഷകരിലും നിന്ന് ആരംഭിച്ച പ്രക്ഷോഭങ്ങൾ, അക്കാലത്ത് ഉയർന്നുവന്ന ആധുനിക മൂല്യങ്ങളെക്കൂടി സ്വാംശീകരിച്ച് വളർന്നുവരികയാണുണ്ടായത്. ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും സാമൂഹ്യനീതിയുമൊക്കെ അതിന്റെ ഭാഗമായി ഉയർന്നുവന്നു. അത് ജനതയുടെ കാഴ്ചപ്പാടും വികാരവുമായി രൂപപ്പെടുകയും ചെയ്തു.

ബ്രിട്ടീഷുകാർ മുന്നോട്ടുവച്ച ശിഥിലീകരണ പ്രവണതകളെയെല്ലാം അതിജീവിച്ച് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുകയായിരുന്നു. ഭരണഘടനാ നിർമ്മാണത്തിനായി രൂപീകരിച്ച കോൺസ്റ്റിറ്റ്യൂഷണൽ അസംബ്ലിയിലെ ചർച്ചകളിലൂടെ സ്വാതന്ത്ര്യസമരത്തിലെ മൂല്യങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ഭരണഘടനയും രൂപപ്പെട്ടു. അങ്ങനെ മതനിരപേക്ഷതയിലും സാമൂഹ്യനീതിയിലും സമത്വത്തിലും ഊന്നിനിന്നുകൊണ്ടുള്ള നാനാത്വത്തിൽ ഏകത്വം എന്ന കാഴ്ചപ്പാടും എല്ലാം ഇതിൽ ഉൾച്ചേരുകയായിരുന്നു. അതിന്റെ കരുത്തിലാണ് ഇന്ത്യ എന്ന രാജ്യം ഒരു വികാരമായി നമ്മുടെ മനസ്സിൽ

സ്ഥാനം പിടിച്ചത്. ഈ കാഴ്ചപ്പാടാണ് ലോകം മുഴുവനും ബഹുമാനിക്കുന്ന രാജ്യമായി നമ്മുടെ രാജ്യത്തെ ഉയർത്തിയത്. ഒരു രാഷ്ട്രം എങ്ങനെയാണ് എന്നത് നിർണ്ണയിക്കുന്നത് അതിന്റെ പൗരത്വത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഏതുതരം ജനവിഭാഗങ്ങളെ രാഷ്ട്രം ഉൾക്കൊള്ളുന്നു എന്നുള്ളതാണ് അതിന്റെ സ്വഭാവ സവിശേഷതകളുടെ മർമ്മ പ്രധാനമായ ഘടകം. അതുകൊണ്ടുതന്നെ പൗരത്വം എന്നത് രാഷ്ട്രസ്വഭാവത്തിന്റെയും അതിന്റെ ഘടനയുടെയും അടിത്തറയായി തീരുന്നു. എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നിടത്താണ് മതേതര രാഷ്ട്രം എന്ന നിലയിലേയ്ക്ക് ഒരു രാജ്യം മാറുന്നത്. ഏതെങ്കിലും മത വിഭാഗങ്ങൾക്ക് നിയന്ത്രണവും ഏതെങ്കിലും മതവിഭാഗത്തിന് പൗരത്വത്തിന് കൂടുതൽ പരിഗണനയും നൽകുന്നിടത്ത് അതിന്റെ മതേതരഭാവം നഷ്ടപ്പെടും. അങ്ങനെ നാനാത്വത്തിൽ ഏകത്വം എന്ന നാം ഉയർത്തിപിടിച്ച മൂല്യം നഷ്ടപ്പെട്ടാൽ രാഷ്ട്രത്തിന്റെ ശൈഥില്യത്തിലേയ്ക്ക് ആയിരിക്കും അത് നയിക്കുക. അത് ഒഴിവാക്കപ്പെടണമെങ്കിൽ ഇത്തരം മൂല്യങ്ങളെ മുന്നോട്ടുവയ്ക്കുന്ന നിയമങ്ങളും പരിരക്ഷകളും ഉണ്ടായേപറ്റൂ. അതുകൊണ്ടാണ് പുതിയ പൗരത്വ നിയമ ഭേദഗതി പിൻവലിക്കണമെന്ന ആവശ്യം

രാജ്യത്തിന്റെ പാരമ്പര്യത്തെയും അതിന്റെ വൈവിധ്യങ്ങളെയും അറിയാവുന്നവർ മുന്നോട്ടുവയ്ക്കുന്നത്. രാജ്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങളെന്ന് നാം മറക്കരുത്.

പൗരത്വ ഭേദഗതി നിയമം 2019-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള മതാടിസ്ഥാനത്തിലുള്ള വിവേചനപരമായ വ്യവസ്ഥകൾക്കെതിരെ ജാതി-മത-പ്രാദേശിക വേർതിരിവുകൾക്ക് അതീതമായി രാജ്യത്തെമ്പാടും ഒരു പൊതുവികാരം ഉയർന്നുവന്നിട്ടുണ്ട്. അത് പ്രക്ഷോഭമായി തെരുവുകളിലേയ്ക്ക് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. നമ്മുടെ ഭരണഘടനയുടെയും ജനാധിപത്യ വ്യവസ്ഥയുടെയും അടിസ്ഥാന തത്വങ്ങളെ വെല്ലുവിളിക്കുന്ന ആശയങ്ങളാണ് ഈ ഭേദഗതിയിലൂടെ നിയമപ്രാബല്യം നേടിയിരിക്കുന്നത് എന്നതാണ് ഈ എതിർപ്പിന്റെ അടിസ്ഥാനം.

മതനിരപേക്ഷത നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ഭാഗമാണ്. ഇതിനെ കേവലം നിയമനിർമ്മാണ സഭകളിലെ ഭൂരിപക്ഷം കൊണ്ടുമാത്രം തകർക്കാൻ സാധ്യമല്ലായെന്ന് വിഖ്യാതമായ വിധിന്യായങ്ങളിലൂടെ ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ

വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയമം പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയെന്ന ഒറ്റകാരണംകൊണ്ട് എല്ലാവരും ശിരസ്സാവഹിച്ചു കൊള്ളണമെന്ന കൽപ്പനകൾ പുറപ്പെടുവിക്കുന്നത് നമ്മുടെ ഉയർന്ന ജനാധിപത്യ മൂല്യങ്ങൾക്ക് അനുയോജ്യമല്ല. നമ്മൾ നമുക്കായി നൽകിയ ഭരണഘടനയും അതിന്റെ അന്തഃസത്തയുമാണ് പരമപ്രധാനം. ഇതിനുപരിയായി ഒരു നിയമനിർമ്മാണത്തിനും സ്ഥാനം നൽകാൻ കഴിയില്ല.

ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് നിയമസഭയും പാർലമെന്റുമെല്ലാം രൂപീകരിച്ചിട്ടുള്ളത്. ഭരണഘടനാമൂല്യങ്ങളോട് കൂറ് പുലർത്തുമെന്ന പ്രതിജ്ഞയോടെയാണ് നമ്മളെല്ലാം ഈ സഭയിലിരിക്കുന്നത്. ഈ കടമ നിർവ്വഹിക്കുന്നതിൽനിന്നും നാം അണുകിട പോലും പിന്തിരിയില്ല എന്നതിന്റെ ഉറച്ച പ്രഖ്യാപനമാണ് ഇന്ന് ഈ പ്രമേയം പരിഗണിക്കാൻ നാം ഇവിടെ കൂടിയിരിക്കുന്നതിലൂടെ പൊതുസമൂഹത്തിന് നൽകുന്ന സന്ദേശം.

പലവിധ പ്രതിസന്ധികളെയും അതിജീവിച്ച ശക്തി നമ്മുടെ രാജ്യത്തിനും ജനാധിപത്യ വ്യവസ്ഥയ്ക്കുമുണ്ട്. നിയമനിർമ്മാണ സഭകളിലൂടെ,

കോടതി വിധിന്യായങ്ങളിലൂടെ, ജനകീയ പ്രക്ഷോഭങ്ങളിലൂടെയെല്ലാം ശക്തമായ ഇടപെടലുകൾ നമ്മുടെ പൗരാവകാശ സംരക്ഷണത്തിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും എക്കാലത്തും താങ്ങും തണലും ആയിരുന്നിട്ടുണ്ട്. ഇതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്, മതപരമായ വിവേചനം ഉൾപ്പെടുത്തുന്ന വ്യവസ്ഥയുള്ള ഒരു നിയമത്തിനെതിരെ ജാതി-മത-പ്രാദേശിക വേർതിരിവുകൾക്ക് അതീതമായി നടക്കുന്ന അഭിപ്രായ രൂപീകരണവും പ്രതിഷേധവും. ഇവ സമാധാനപരമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താനും ഏതെങ്കിലും തരത്തിലുള്ള മത മൗലികവാദങ്ങൾക്ക് സ്ഥാനമില്ലെന്നും സമരത്തിന് അണിനിരക്കുന്ന ജനത പ്രഖ്യാപിക്കുന്ന സ്ഥിതിയുമുണ്ട്. എത്ര ഭീകരമായ പ്രത്യാക്രമണങ്ങൾ ഉണ്ടായാലും അണഞ്ഞുപോകാത്ത വെളിച്ചമാണ് ജനാധിപത്യത്തിന്റെയും മത നിരപേക്ഷതയുടെയും സാമൂഹ്യ സാമ്പത്തിക നീതിയുടെയും മൂല്യങ്ങളും തത്വങ്ങളും എന്ന് നാം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രയാണത്തിലെ ചുവടുവയ്പ്പാണ് കേരളത്തിലെ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവച്ചുകൊണ്ടുള്ള ഒരുമയും ഇവിടെ ഈ സഭ പരിഗണിക്കുന്ന പ്രമേയവും.

കേരളത്തിന് മഹത്തായ ഒരു പാരമ്പര്യമുണ്ട്. അത് മതനിരപേക്ഷതയുടേതാണ്. അറേബ്യൻ രാജ്യങ്ങളുമായുള്ള നമ്മുടെ ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഗ്രീക്കുകാരും റോമക്കാരുമെല്ലാം ഈ നാട്ടിൽ മുമ്പേ വന്ന് പോയവരാണ്. എല്ലാ മതങ്ങളേയും അതിന്റെ ആരംഭകാലത്തുതന്നെ നമ്മുടെ നാട് ഉൾക്കൊണ്ടിട്ടുണ്ട്. ക്രിസ്തുമതവും ഇസ്ലാംമതവും ആരംഭിക്കുന്ന കാലത്തുതന്നെ കേരളത്തിൽ വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ആദ്യകാല ക്രിസ്ത്യൻ, മുസ്ലീം പള്ളികൾ കേരളത്തിലായിരുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്. മലബാറിലെ കാർഷിക കലാപത്തിന്റെ ചരിത്രത്തെ ഓർക്കാതെ ബ്രിട്ടീഷ് വിരുദ്ധ കലാപത്തെക്കുറിച്ച് ചിന്തിക്കാനാകില്ല. മുഹമ്മദ് അബ്ദുറഹിമാൻ സ്വാതന്ത്ര്യസമരത്തിലെ ഇതിഹാസമായിരുന്നു. നവോത്ഥാന പ്രസ്ഥാനവും ദേശീയ പ്രസ്ഥാനവും കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളും ഉയർത്തികൊണ്ടുവന്ന മതനിരപേക്ഷതയുടെ ജീവിത സംസ്കാരത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഉത്തരവാദിത്വമാണ് നമുക്ക് ഏറ്റെടുക്കാനുള്ളത്. ആ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നിലപാട് മുന്നോട്ട് വയ്ക്കാൻ നമ്മുടെ നിയമസഭയ്ക്ക് കഴിയേണ്ടതുണ്ട്. ആ പാരമ്പര്യത്തെ ഏറ്റുപിടിക്കുകയാണ് ഈ

പ്രമേയത്തിലൂടെ കേരള നിയമസഭ ചെയ്യുന്നത്. മതവിദ്വേഷത്തിന്റെയല്ല, മതവിശ്വാസത്തെ ബഹുമാനിക്കുന്ന, നമ്മുടെ പാരമ്പര്യത്തെ ഉൾക്കൊള്ളുന്നതാണ് ഈ പ്രമേയം. പുതിയ പൗരത്വ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത ആശങ്കകൾ പരിഹരിക്കുക എന്നത് ഏറ്റവും പ്രധാനമാണ്.

ജനങ്ങളുടെ തികഞ്ഞ സഹകരണത്തോടെ മുന്നോട്ട് പോകേണ്ട ഒന്നാണ് സെൻസസ് പോലുള്ള പ്രവർത്തനങ്ങൾ. ഇപ്പോൾ കേന്ദ്ര സർക്കാർ മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച രീതിയിൽ തയ്യാറാക്കാൻ ശ്രമിക്കുന്നത് ആശങ്കകൾ വർദ്ധിപ്പിക്കുവാൻ മാത്രമേ ഇടയാക്കൂ. അതുകൊണ്ടാണ് ഇപ്പോൾ പ്രഖ്യാപിച്ച രീതിയിലുള്ള ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കലും അതിനുതകുന്ന വിവരങ്ങൾ ശേഖരിക്കാനുദ്ദേശിച്ചിട്ടുള്ള ദേശീയ ജനസംഖ്യാ രജിസ്റ്ററും തയ്യാറാക്കുന്നത് നിർത്തിവയ്ക്കുവാൻ തീരുമാനിച്ചത്. ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള മറ്റൊരു ആശങ്ക പൗരത്വത്തിൽനിന്നും പുറത്താക്കപ്പെടുന്നവരെ പാർപ്പിക്കുവാനുള്ള detention centre- കളെ പറ്റിയാണ്. ഇത്തരത്തിലുള്ള ഒരു detention centre-കളും കേരളത്തിലുണ്ടായിരിക്കുകയില്ല. അതിനായുള്ള യാതൊരു

നടപടിയും സംസ്ഥാന സർക്കാർ സ്വീകരിക്കുകയുമില്ല. പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നാം അംഗീകരിക്കുന്ന പ്രമേയം ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം നേടുമെന്ന് ഉറപ്പാണ്. പൗരത്വ നിയമ ഭേദഗതി 2019 റദ്ദ് ചെയ്ത് രാജ്യത്തെ ജനതയെ ഒന്നായി കാണുന്ന ഭരണഘടന കാഴ്ചപ്പാട് മുറുകെ പിടിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. നമ്മുടെ സംസ്ഥാനത്തിന്റെ മതനിരപേക്ഷത പാരമ്പര്യം ഒരിക്കൽക്കൂടി ഉയർത്തിപിടിക്കുന്നതിന്റെ ഭാഗമായി ഈ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതേ വിഷയത്തെ അധികരിച്ചുകൊണ്ട് ചട്ടം 130 പ്രകാരം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിരുന്നു. ഗവൺമെന്റ് തന്നെ ഈ പ്രമേയം കൊണ്ടുവന്ന സാഹചര്യത്തിലാണ് അതിന് അനുമതി നൽകാൻ കഴിയാതെ പോയത്. ശ്രീ. കെ. സി. ജോസഫിന്റെ ഭേദഗതി മൂവ് ചെയ്യാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ വികാരങ്ങളോടും പ്രമേയത്തോടും പൂർണ്ണമായും യോജിക്കുകയാണ്. പക്ഷേ പ്രമേയത്തിന്റെ അവസാനത്തെ ഖണ്ഡികയിൽ ഒരു ക്ലാരിറ്റിയുണ്ടാകണം.

'നമ്മുടെ രാജ്യത്തെ  വലിയ വിഭാഗം ജനങ്ങളിൽ ഉയർന്നുവരുന്ന ആശങ്കകൾ കണക്കിലെടുത്ത് പൗരത്വം നൽകുന്നതിൽ മതാടിസ്ഥാനത്തിലുള്ള വിവേചനത്തിന് വഴിവയ്ക്കുന്നതും ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷത തകർക്കുന്നതുമായ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാൻ നടപടി സ്വീകരിക്കണമെന്ന് നിയമസഭ അഭ്യർത്ഥിക്കുന്നു' എന്നാണ് അതിൽ പറയുന്നത്. ഇപ്പോൾ രണ്ട് സഭകളും ഈ ബിൽ പാസ്സാക്കി. പ്രസിഡന്റ് അസന്റ് കൊടുത്തു. അത് സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമാണ്.

പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയിൽ, "സ്വീകരിക്കണമെന്ന്" എന്നതിനുപകരം "സ്വീകരിക്കണമെന്നും ഈ കാര്യത്തിൽ തീരുമാനമുണ്ടാകുന്നതുവരെ 2019-ലെ പൗരത്വ ഭേദഗതി നിയമം സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കരുതെന്നും" എന്ന് ചേർക്കുക എന്നതാണ് എന്റെ ഭേദഗതി. നിയമം ബുക്കിന്റെ ഭാഗമായി നിൽക്കുകയാണ്. അതുകൊണ്ട് തുടർനടപടിയുണ്ടാകാൻ പാടില്ല. അതുകൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ പ്രമേയം പൂർണ്ണമാവുകയില്ല. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

<u>മി. സ്പീക്കർ</u>: പ്രമേയത്തിന്റെ ചർച്ച അവസാനിച്ചതിനുശേഷം ഭേദഗതി

പരിഗണിക്കാം.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഈ ദിവസം കേരളത്തിന്റെ ചരിത്രത്തിൽ മാത്രമല്ല ഇന്ത്യയുടെ ചരിത്രത്തിലും സുപ്രധാന ദിവസമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നീണ്ട 72 വർഷങ്ങൾക്കിപ്പുറവും നമ്മൾ ഒരമ്മപെറ്റ മക്കളെപ്പോലെ ജീവിക്കുന്നുവെങ്കിൽ, ഇന്ത്യ എന്റെ രാജ്യമാണ്, എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്, ഞാൻ അവരെ ജീവനുതുല്യം സ്നേഹിക്കുന്നു എന്ന് ചിന്തിക്കുന്നതുകൊണ്ടാണ്. ഇന്ത്യൻ ഭരണഘടനയുടെ കാതൽ യഥാർത്ഥത്തിൽ വ്യത്യസ്ത വിശ്വാസങ്ങൾ വച്ചുപുലർത്തുന്ന, വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന, വ്യത്യസ്ത സംസ്കാരത്തിനുടമകളായ വിഭിന്ന വിഭാഗം ജനങ്ങളുടെ ഏകത്വമാണ്. 72 വർഷം പിന്നിട്ടിട്ടും ഒരമ്മപെറ്റ മക്കളെപ്പോലെ ജീവിക്കാൻ നമുക്ക് സാധിക്കുന്നത് ലോകത്തിനുതന്നെ മാതൃകയാണ്. നമ്മുടെ അയൽരാജ്യങ്ങളായ പാകിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, മ്യാൻമർ (ബർമ്മ), നേപ്പാൾ ഇവിടങ്ങളിലെല്ലാം ഈ കാലയളവിനിടയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ എത്രമേൽ ആശങ്കയോടെയാണ്

ഇന്ത്യക്കാർ കണ്ടിട്ടുള്ളത്, ലോകം വീക്ഷിച്ചിട്ടുള്ളത്. അപ്പോഴെല്ലാം നാം അഭിമാനത്തോടെ ചിന്തിച്ചു, ഇന്ത്യയുടെ ഭരണഘടന നമുക്ക് അനുവദിച്ചുതരുന്ന ജനാധിപത്യമൂല്യങ്ങളും മതനിരപേക്ഷതയും നഷ്ടപെടാതെ കാത്തുസൂക്ഷിക്കാൻ സാധിക്കുന്നു എന്നുള്ളതുകൊണ്ടാണ് നമുക്ക് ഒരു രാഷ്ട്രമെന്ന നിലയിൽ നിലനിൽക്കാൻ സാധിക്കുന്നത്. അതിനാണ് ഇന്ന് വിള്ളലേൽപ്പിക്കപ്പെട്ടിരിക്കുന്നത്. തീർച്ചയായും ആശങ്ക ഏതെങ്കിലുമൊരു വിഭാഗത്തിന്റേത് മാത്രമല്ല. 'നാം അഥവാ നമ്മുടെ രാഷ്ട്രം നിർവ്വചിക്കപ്പെടുന്നു' എന്ന പുസ്തകം ഗോൾവാൾക്കറുടേതാണ്. ഗോൾവാൾക്കറുടെ പുസ്തകത്തിൽ എങ്ങനെയാണ് ഈ രാഷ്ട്രത്തെ നിർവ്വചിക്കുന്നതെന്ന് നമുക്കെല്ലാം നന്നായറിയാം. ഈ രാഷ്ട്രത്തിൽ പൊതുശത്രുക്കളായി മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും കമ്മ്യൂണിസ്റ്റുകാരെയും പ്രഖ്യാപിച്ചുകൊണ്ട് ആ പൊതുശത്രുക്കളെ ഇല്ലായ്മചെയ്തുകൊണ്ടുള്ള ഒരു രാഷ്ട്രം അതാണ് 'നാം അഥവാ നമ്മുടെ രാഷ്ട്രം നിർവ്വചിക്കപ്പെടുന്നു' എന്ന പുസ്തകത്തിന്റെ അന്തഃസത്ത. ഇന്ത്യൻ ഭരണഘടനയും ഗോൾവാൾക്കറുടെ പുസ്തകവും രണ്ട് കൈകളിൽ വച്ചുകൊണ്ട് ഇന്ത്യൻ ഭരണഘടനയെ തള്ളിക്കളഞ്ഞ് ഗോൾവാൾക്കറുടെ പുസ്തകം

വേദപുസ്തകംപോലെ സ്വീകരിക്കണമെന്ന് ഇന്ത്യയിലെ 135 കോടിയോളം വരുന്ന ജനങ്ങളിൽ ആർക്കുപറയാൻ സാധിക്കും. ഇന്ന് ഇന്ത്യ ഭരിക്കുന്ന ആർ.എസ്.എസ്.-നാൽ നയിക്കപ്പെടുന്ന ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. സർക്കാർ ഇന്ന് ഈ രാഷ്ട്രത്തെ ഏത് ദിശയിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്ന് വളരെ വ്യക്തമാണ്. ഇത് ഗോൾവാൾക്കറുടേത് മാത്രമല്ല, 1935 സെപ്റ്റംബർ മാസം 15-ാം തീയതി, അന്ന് നാസിജർമ്മനിയിൽ ഹിറ്റ്ലറുടെ നേതൃത്വത്തിൽ ന്യൂറംബർഗ് നിയമങ്ങൾ കൊണ്ടുവന്നു. ആ നിയമങ്ങളുടെ അന്തഃസത്ത വംശശുദ്ധിയും രക്തശുദ്ധിയുമായിരുന്നു. വംശശുദ്ധിക്കുവേണ്ടിയും രക്തശുദ്ധിക്കുവേണ്ടിയും ജർമ്മൻകാർ ജൂതന്മാരെ വിവാഹം കഴിക്കാനോ ലൈംഗിക ബന്ധത്തിലേർപ്പെടാനോ പാടില്ല. അത്തരത്തിൽ ജനിക്കുന്ന കുഞ്ഞുങ്ങൾ തിരസ്കരിക്കപ്പെടേണ്ടവരാണ്. അതിന് എന്തുചെയ്യണമെന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് മഡഗാസ്കറിലേയ്ക്ക് അവരെ നാടുകടത്താൻ തീരുമാനിച്ചത്. ഇവിടെയും ചിലർ നാടുകടത്താനാണ് ആലോചിക്കുന്നത്. അവർക്ക് മഡഗാസ്കറിനെക്കുറിച്ച് പറയാൻ കഴിയാത്തതുകൊണ്ട് പാകിസ്ഥാനെക്കുറിച്ച് പറയുന്നു. നിങ്ങൾ പാകിസ്ഥാനിലേയ്ക്ക് പോകണം.

തങ്ങളുടെ രാജ്യത്തിന്റെ വംശശുദ്ധിക്കുവേണ്ടി, വംശശുദ്ധിയില്ലാത്തവരെന്ന് അവർ വിവക്ഷിച്ചവരെ മഡഗാസ്കറിലേയ്ക്ക് നാടുകടത്താൻ തീരുമാനിച്ചപ്പോൾ, മഡഗാസ്കറിൽ എത്രപേർക്ക് ജീവിക്കാൻ സാധിക്കുമെന്ന് പരിശോധിക്കാനായി ഹിറ്റ്ലർ ഒരു കമ്മീഷനെ നിയോഗിച്ചു. 5000 കുടുംബങ്ങൾക്കുമാത്രമേ അവിടെ ജീവിക്കാൻ സാധിക്കുകയുള്ളൂവെന്ന് കമ്മീഷൻ കണ്ടെത്തി. എങ്കിൽപ്പിന്നെ എന്തുചെയ്യും? കമ്മീഷൻ തിരികെവന്ന് നൽകിയ റിപ്പോർട്ടാണ് ലോകമനസ്സാക്ഷിയെ ഞെട്ടിച്ചുകൊണ്ട് 60 ലക്ഷത്തോളം ജൂതന്മാരെ കൊന്നൊടുക്കിയ ഹോളോകാസ്റ്റ് നടപ്പിലാക്കിയത്. അതിനുശേഷം ഏതാണ്ട് 15 ലക്ഷത്തോളം ജിപ്സികളെയും കൊന്നൊടുക്കി. വംശശുദ്ധിക്കുവേണ്ടിയും രക്തശുദ്ധിക്കുവേണ്ടിയും ഹിറ്റ്ലർ നടപ്പിലാക്കിയ നാസിജർമ്മനിയുടെ അതേ കാലഘട്ടത്തിലെ ചിന്താഗതികളിലേയ്ക്കും പ്രവർത്തികളിലേയ്ക്കുമാണ് ഇവിടെ ആർ.ആർ.എസ്.എസ്.-നാൽ നയിക്കപ്പെടുന്ന ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. സർക്കാർ പോകുന്നതെന്ന് ഓരോ നിമിഷത്തിലെയും അവരുടെ പ്രവർത്തനം നമ്മളെ ബോദ്ധ്യപ്പെടുത്തുകയാണ്. വളരെ സവിശേഷമായ രണ്ട് ദിവസങ്ങളാണ്

ഡിസംബർ 9-ഉം ഡിസംബർ 11-ഉം. ഇന്ത്യൻ പാർലമെന്റ്, രാജ്യസഭയും ലോകസഭയും, പൗരത്വ ഭേദഗതി നിയമം പാസ്സാക്കിയ രണ്ട് ദിവസങ്ങളാണിത്. ഇതിനിടയിലൊരു ദിവസമുണ്ട്, ഡിസംബർ 10. അന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമാണ്. വളരെ വൈചിത്ര്യമെന്നേ പറയാൻ സാധിക്കൂ. ഒരു രാജ്യത്ത് ഒരുപക്ഷേ ലോകജനസംഖ്യയുടെ ആറിലൊന്ന് വരുന്ന ഇന്ത്യൻ ജനതയുടെ മനുഷ്യാവകാശം പൂർണ്ണമായും എടുത്തുകളയുന്നതിന് ഇവർ തീരുമാനിച്ച ദിവസം എത്രകൃത്യമായി ഡിസംബർ 9-ഉം ഡിസംബർ 11-ഉം ആയിരിക്കുന്നു. അന്താരാഷ്ട്ര മനുഷ്യാവകാശ ദിനത്തിന് മുമ്പും പിൻപുമുള്ള രണ്ട് ദിവസംകൊണ്ട് ഒരു രാജ്യത്തെ ജനങ്ങളുടെ മനുഷ്യാവകാശത്തെ ഇവർ ഇല്ലാതാക്കിയിരിക്കുകയാണ്. ആർ.എസ്.എസ്.-ഉം ബി.ജെ.പി.യും എൻ.ഡി.എ.യും ഇതിന് മുതിരുന്നത് എന്തുകൊണ്ടാണ്? നിസ്സംശയം ആർക്കും പറയാൻ സാധിക്കും, നല്ല ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരുമ്പോഴും തങ്ങളുടെ രാജ്യവും ഭരണവും ഭദ്രമല്ലെന്ന് അവർക്ക് ബോദ്ധ്യമുണ്ട്. എന്തുകൊണ്ട് ഭദ്രമല്ല? തൊഴിലില്ലായ്മയും ദാരിദ്ര്യവും പെരുകുന്നു, നിരവധി ദുരന്തങ്ങളും ദുരിതങ്ങളും രാജ്യം അനുഭവിക്കുന്നു,

കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു, കാർഷികമേഖല തകർന്നുകൊണ്ടിരിക്കുന്നു. ഈ ദുരവസ്ഥയ്ക്ക് ആരാണുത്തരവാദി? വ്യാവസായിക മേഖലയും വാണിജ്യ മേഖലയും തകർന്നു. നോട്ട് അസാധുവാക്കിയപ്പോഴും ജി.എസ്.ടി. നടപ്പാക്കിയപ്പോഴും അവർ ഉയർത്തിപ്പിടിച്ച അവകാശവാദങ്ങളൊന്നുപോലും ശരിയായിരുന്നില്ലെന്ന് തെളിയിക്കപ്പെട്ടു. അനുനിമിഷം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ തകർച്ചയിലേയ്ക്ക് മുതലക്കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണെന്ന് വസ്തുതകളും കണക്കുകളും അടിസ്ഥാനപ്പെടുത്തി ലോകമെമ്പാടുമുള്ള ഇക്കണോമിക് ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നു. ദാരിദ്ര്യം അനുഭവിക്കുന്നവരും തൊഴിലില്ലായ്മ നേരിടുന്നവരും ഭവനരഹിതരും കിടപ്പുരോഗികളും നിരക്ഷരരുമായവർ ആരാണ്? നമ്മുടെ രാജ്യത്തെ ഹൈന്ദവ മതവിശ്വാസികളാണ് ഈ ഇല്ലായ്മകളും ദുരിതങ്ങളും പേറുന്നവരിൽ 85 ശതമാനം ആളുകളുമെന്നതിൽ യാതൊരു സംശയവുമില്ല. തങ്ങളനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഉത്തരവാദി ആരാണെന്ന് ഈ 85 ശതമാനം ആളുകൾ തിരിച്ചറിയുന്ന നിമിഷം, ഈ ഗവൺമെന്റിന്റെ ഭരണവും ഭരണാധികാരികളുടെ ഹുങ്കും അവസാനിക്കാൻ ആ നിമിഷം മതി.

അവർക്കത് തിരിച്ചറിയാതിരിക്കണമെങ്കിൽ ഒരൊറ്റ വഴിമാത്രമേയുള്ളൂ, ആൾക്കൂട്ട കൊലപാതകങ്ങൾ നടത്തണം. അതിന് മറ്റൊരു വഴി 370-ാം വകുപ്പ് ഭേദഗതി ചെയ്യണം, അതിനുള്ള മറ്റൊരു വഴി മുത്തലാഖ് ക്രിമിനൽ കുറ്റമാക്കി മാറ്റണം. അതിനുള്ള ഏറ്റവും മികച്ച വഴിയാണ് പൗരത്വ ഭേദഗതി നിയമത്തിലൂടെ അവർ നടപ്പാക്കാൻ ശ്രമിക്കുന്നത്. ആസ്സാമിൽ ഇത് നടപ്പാക്കിയപ്പോൾ 19 ലക്ഷത്തോളം ആളുകൾ ഇന്ത്യൻ പൗരന്മാരല്ലാതായി തീർന്നിരിക്കുന്നു, ഒരു രാഷ്ട്രത്തിന്റെ അവകാശികളല്ലാതായി തീർന്നിരിക്കുന്നുവെന്ന് നമ്മൾ കണ്ടതാണ്. ആരാണവരെന്ന് പരിശോധിച്ചപ്പോൾ ഒരുകാര്യം വ്യക്തമായി, അതിൽ മഹാഭൂരിപക്ഷവും അമുസ്ലീങ്ങളാണ്. പ്രശ്നം രൂക്ഷമായപ്പോഴാണ് ഇങ്ങനെ വഴിതിരിച്ചുവിടാനും മതവിവേചനം നിയമവിധേയമാക്കി കൊണ്ടുവരാനും അവർ ശ്രമിക്കുന്നത്. സ്വാതന്ത്ര്യ സമരചരിത്രം പഠിച്ച കാലത്ത് നമ്മൾ ഓരോരുത്തരും ആഗ്രഹിച്ചു, സ്വാതന്ത്ര്യ സമരകാലത്ത് ജീവിച്ചിരുന്നെങ്കിൽ ആ പോരാളികളെപ്പോലെ വീരമൃത്യുവരിക്കാൻ ഞാനുമുണ്ടാകുമായിരുന്നുവെന്ന് ചിന്തിച്ചെങ്കിൽ അതുപോലെയൊരു കാലത്തേയ്ക്കാണ് നാം പോകുന്നത്. ഈ സ്വാതന്ത്ര്യവും ജനാധിപത്യവും മതനിരപേക്ഷതയും നിങ്ങളപഹരിച്ചാൽ

ജീവൻ ത്യജിക്കാനും തയ്യാറായിക്കൊണ്ട് രാജ്യത്തെ നിലനിർത്താൻ ഞങ്ങൾ അവസാന ശ്വാസംവരെ പോരാടുമെന്നും അതിന് കേരളം ഒറ്റക്കെട്ടാണെന്നും ഞങ്ങൾ നിസ്സംശയം പറയുന്നു. കേരളത്തിൽ ഈ കരിനിയമങ്ങൾ, വിവേചനപൂർവ്വമായ നിയമങ്ങൾ, നടപ്പാക്കില്ലെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞത് ആവർത്തിച്ച് ഉറപ്പിക്കുന്നതിനുവേണ്ടി ഈ സഭ ഒറ്റക്കെട്ടായി പൗരത്വ ഭേദഗതി നിയമം റദ്ദ് ചെയ്യണമെന്നാവശ്യപ്പെടുന്ന പ്രമേയത്തെ ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ശിലകളെ തകർത്ത് തരിപ്പണമാക്കുന്ന പൗരത്വ നിയമ ഭേദഗതിക്കെതിരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ലോകചരിത്രത്തിൽ ഏറ്റവും കുപ്രസിദ്ധമായിട്ടുള്ള രണ്ട് പൗരത്വ ഭേദഗതികളാണുണ്ടായിട്ടുള്ളത്. ഒന്ന്, 1935-ൽ ഹിറ്റ്ലറുടെ കാലത്ത് ജർമ്മനിയിൽ കൊണ്ടുവന്ന ജർമ്മൻ സിറ്റിസൺഷിപ്പ് പ്ലാൻ. ആ ഭേദഗതിയിലൂടെ ജർമ്മനിയിലെ ജൂതന്മാർ ഉൾപ്പെടെ ആര്യന്മാർ എന്ന് അവർ വിശ്വസിച്ചിരുന്ന ജർമ്മൻകാരല്ലാത്തവരെ മുഴുവനും പൗരത്വത്തിൽ

നിന്ന് നീക്കംചെയ്യുന്ന നിയമ ഭേദഗതിയാണ് കൊണ്ടുവന്നത്. ആ നിയമം പാസ്സായതോടുകൂടി 60 ലക്ഷം പേരാണ് നാസി ജർമ്മനിയിൽ കൊലചെയ്യപ്പെട്ടത്. അവിടെ നടന്നത് വംശഹത്യയായിരുന്നു. അതിനുശേഷം 1982-ൽ മ്യാൻമറിൽ നടന്ന പൗരത്വ നിയമഭേദഗതി-മ്യാൻമർ സിറ്റിസൺഷിപ്പ് ലോ, ആ പൗരത്വ ഭേദഗതിയിലൂടെ മ്യാൻമറിലെ ന്യൂനപക്ഷങ്ങളായ രോഹിംഗ്യൻ മുസ്ലീങ്ങളെ പൂർണ്ണമായി ആ പൗരത്വത്തിൽനിന്ന് നീക്കംചെയ്തു. അതോടുകൂടി അവിടെ നടന്നത് കൂട്ട നരഹത്യയും വംശഹത്യയുമായിരുന്നു. ഇന്ന് മ്യാൻമർ International Court of Justice-ൽ ഈ വംശഹത്യയ്ക്കും നരഹത്യയ്ക്കും വിചാരണ നേരിടുന്ന ഒരു രാജ്യമായി മാറിയിരിക്കുകയാണ്.

മൂന്നാമതാണ് ലോകചരിത്രത്തിലെ ഏറ്റവും കുപ്രസിദ്ധമായ ഒരു പൗരത്വ നിയമ ഭേദഗതി നമ്മുടെ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയത്. കേന്ദ്ര ഗവൺമെന്റ് പറയുന്നതുപോലെ, ഈ പൗരത്വ നിയമ ഭേദഗതി കുറേ പേർക്ക് പൗരത്വം കൊടുക്കാനുള്ളതാണ്, നിഷേധിക്കാനുള്ളതല്ലായെന്നുപറയുന്നു. യഥാർത്ഥത്തിൽ വളരെ കൃത്യമായ, മതപരമായ വിവേചനം ഭരണഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ

പരാജയപ്പെടുത്തുന്ന യഥാർത്ഥത്തിലുള്ള വിവേചനം അവിടെയുണ്ട്. ഇത് കൊണ്ടുവരുമ്പോൾ പൗരത്വ പട്ടികയും ഇതും തമ്മിൽ ഒരു ബന്ധവുമില്ലായെന്ന് അവർ പറയുന്നു. പൗരത്വ നിയമവും പൗരത്വ പട്ടികയും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. പൗരത്വ നിയമ ഭേദഗതിയിലൂടെ ഒരു വിഭാഗം ആളുകളെ പൗരത്വത്തിൽനിന്ന് മാറ്റി പുറത്തുനിർത്തുന്നു. പൗരത്വ പട്ടികയെന്ന് പറയുന്നത് ഒരു വലയാണ്. ആ വലയിൽ കുടുങ്ങാൻ പോകുന്ന മത്സ്യങ്ങൾ ഇപ്പോൾ പൗരത്വ നിയമത്തിലൂടെ പുറത്താക്കപ്പെട്ട ഒരു വിഭാഗം ആളുകളാണ്. ആ പൗരത്വ നിയമ ഭേദഗതിയും പൗരത്വ പട്ടികയും ഒരുമിച്ച് ചേർക്കുമ്പോൾ കൃത്യമായ മതപരമായ വിവേചനം ഇതിലൂടെ നടപ്പാകുകയാണ്. നമ്മുടെ ഭരണഘടന സമാനതകളില്ലാത്ത ഭരണഘടനയാണ്. ഇത്ര ആഴത്തിൽ ഭരണഘടനാ അസംബ്ലിയിൽ ചർച്ച നടന്നിട്ടില്ല. നമ്മുടെ ഭരണഘടനാ അസംബ്ലിയിൽ പ്രൊവിൻഷ്യൽ കൗൺസിലിൽനിന്ന് വിജയിച്ചുവന്ന 296 അംഗങ്ങളാണുണ്ടായിരുന്നത്. ആ 296 പേരിൽ 211 പേർ കോൺഗ്രസ്സുകാരായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് വേണമെങ്കിൽ ഇഷ്ടമുള്ളതുപോലെ ഈ ഭരണഘടന ഉണ്ടാക്കാമായിരുന്നു. ഒരു രാജ്യത്തുമില്ലാത്ത തരത്തിലുള്ള

ജനാധിപത്യത്തെയും മതേതരത്വത്തെയും സോഷ്യലിസത്തെയും ഉയർത്തിപ്പിടിക്കുന്ന, ഒരു വിട്ടുവീഴ്ചയും ചെയ്യാത്ത, ഒരു തുള്ളി വെള്ളം പോലും ചേർക്കാത്ത, ഉജ്ജ്വലമായ ഒരു ഭരണഘടനയാണ് ദേശീയ പ്രസ്ഥാനത്തിന്റെ പിൻമുറക്കാരായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ, ഡോ. ബി. ആർ. അംബേദ്കറിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധിയുടെ ആശയപരമായ പിന്തുണയോടുകൂടി നമ്മൾ പാസ്സാക്കിയെടുത്തത്. അതിന്റെ നഗ്നമായ ലംഘനമാണിത്.

ഇവിടെ ഈ പൗരത്വ നിയമഭേദഗതിയിലൂടെ ആർട്ടിക്കിൾ 13, 14, 15 എന്നീ വകുപ്പുകളുടെ കൃത്യമായ ലംഘനമാണ് നടക്കുന്നത്. ഇവിടെ ആർട്ടിക്കിൾ 14-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി സുപ്രധാനമായ വിധി പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ആർബിട്രറിനസ്സ്, ക്ലാസ്സിഫിക്കേഷൻ തുടങ്ങി അതിന്റെ മുഴുവനായിട്ടുള്ള വിവേചനം എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് ചോദിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 13 എന്നത് 'Laws inconsistent with or in derogation of the fundamental rights' ആണ്. നമ്മുടെ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായ എല്ലാ നിയമങ്ങളും ഏത് പാർലമെന്റ്

പാസ്സാക്കിയാലും ഏത് നിയമസഭ പാസ്സാക്കിയാലും അതെല്ലാം നിയമപരമായി നിലനില്ക്കുന്നതല്ലായെന്ന് പറഞ്ഞിട്ടുണ്ട്. ആർട്ടിക്കിൾ 15-ൽ പറയുന്നത് 'Prohibition of discrimination on grounds of religion, race, caste, sex or place of birth.' എന്നാണ്. Article 13, 14, 15, are the soul of Indian Constitution'. ഇൻഡ്യൻ ഭരണഘടനയുടെ ആത്മാവായ ഈ മൂന്ന് വകുപ്പുകളുടെ നഗ്നമായ ലംഘനമാണ് ഇവർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഡോ. ബി. ആർ. അംബേദ്കർ പല കാര്യങ്ങളിലും ഗാന്ധിജിയുടെയും നെഹ്റുവിന്റെയും വിമർശകനായിരുന്നു. എന്നാൽ നെഹ്റു ഇൻഡ്യയുടെ പ്രധാനമന്ത്രിയായപ്പോൾ തങ്ങളുടെ വിമർശകനായ ഡോ. ബി. ആർ. അംബേദ്കറിനെ ഇൻഡ്യയുടെ ആദ്യത്തെ നിയമ വകുപ്പുമന്ത്രിയാക്കുക മാത്രമല്ല, ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് അസംബ്ലിയുടെ ചെയർമാനുംകൂടിയാക്കി. ഇന്ന് സ്വപ്നം കാണാൻ പറ്റുമോ? ഇന്ന് എതിർക്കുന്നവരെ, വിമർശിക്കുന്നവരെ എൻഫോഴ്സ്മെന്റിനെ വിട്ട് പിടിപ്പിക്കുകയും സി.ബി.ഐ.-യെക്കൊണ്ട് അറസ്റ്റ് ചെയ്യിപ്പിക്കുകയും തടങ്കൽ പാളയത്തിൽ അടയ്ക്കുകയും ചെയ്യുന്ന ഒരു കാലത്താണ് ഇത്രയും വലിയ വിശാലമായ മനസ്സുള്ള ഒരു പൈതൃകം, ഒരു പാരമ്പര്യം നമ്മുടെ

രാജ്യത്തിനുള്ളത്.

ഞാൻ അവസാനിപ്പിക്കുന്നു. ഞാൻ ആഗ്രഹിക്കുന്നത്, ഇസ്ലാമിനോട് വിവേചനം കാണിക്കുന്നുവെന്നുള്ളതുകൊണ്ട് ഇതൊരു മുസ്ലീം cause ആയിട്ടല്ല ഉയർന്നുവരേണ്ടത്, മറിച്ച് ഈ രാജ്യത്തിന്റെ അടിസ്ഥാന ശിലകളെ തകർക്കുന്ന ഒരു വിഷയമായിട്ടാണ് വരേണ്ടത്. ഈ സമരത്തിന്റെ, ഈ പ്രക്ഷോഭണത്തിന്റെ മുൻപന്തിയിൽ ഇൻഡ്യയിലെ ലക്ഷക്കണക്കിന് ഹിന്ദുക്കളുണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. കാരണം ഇൻഡ്യയിലെ ഹിന്ദുക്കൾ സംഘപരിവാറുകാരെപ്പോലെ കപട ദേശീയവാദികളല്ല; അവർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരാണ്. ബ്രിട്ടീഷുകാരന്റെ ചെരിപ്പ് നക്കിയിട്ട് ജയിലിൽനിന്ന് പുറത്തിറങ്ങാൻവേണ്ടി അവർക്ക് എല്ലാ ഔദാര്യവും ചെയ്തുകൊടുക്കാമെന്ന് പറഞ്ഞ് കോൺഗ്രസ്സിന്റെ സന്നദ്ധ ഭടന്മാരെ, ഒളിവിൽ പോയവരെ ഒറ്റികൊടുത്ത അഞ്ചാംപത്തികളല്ല ഇൻഡ്യയിലെ ഹിന്ദുക്കൾ. ഇൻഡ്യയിലെ ഹിന്ദുക്കൾ, സ്വതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഹിന്ദുക്കൾ ഈ സമരത്തിന്റെ മുൻപന്തിയിലുണ്ടാകും. ഏതെങ്കിലും ഒരു മതവിഭാഗത്തിൽപ്പെട്ട ഒരാളോട് ഇൻഡ്യ വിട്ട് പോകാൻ ആരെങ്കിലും ആജ്ഞാപിച്ചാൽ തിരിഞ്ഞുനിന്നുകൊണ്ട് ഇത് എന്റെ

ഇൻഡ്യയാണ്; ഞങ്ങളുടെ ഇൻഡ്യയാണ് എന്ന് അഭിമാനത്തോടെ പറയാൻ കഴിയുന്ന ഒരു തലമുറ വളർന്നുവരുന്നുവെന്നതാണ് ആവേശകരം. അതുകൊണ്ട് ഒരാളോട് പുറത്തുപോകാൻ പറഞ്ഞാൽ അയാൾക്ക് സംരക്ഷണവലയം തീർക്കാൻ ഹിന്ദുക്കളായ 10 പേരും മറ്റ് മതവിഭാഗങ്ങളിൽപ്പെട്ട ആളുകളുമുണ്ടാകും. ആ മതേതര ഇൻഡ്യയുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻവേണ്ടിയുള്ള പോരാട്ടങ്ങളിൽ എല്ലാവരും പങ്കാളികളാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇങ്ങനെയൊരു പ്രമേയം ഈ നിയമസഭയിൽ പാസ്സാക്കേണ്ടിവരുന്ന ഒരു സാഹചര്യം നമ്മുടെ രാജ്യത്ത് നിലനിൽക്കുകയാണ്. അങ്ങനെ കേരളത്തിന്റെ നിയമസഭയെക്കൊണ്ടുപോലും ശക്തമായി ഇതിനകത്ത് ഇടപെടാനുള്ള സാഹചര്യം സൃഷ്ടിച്ചു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി, ആഴ്ചകളായി ഇടതടവില്ലാതെ രാത്രിയും പകലും പതിനായിരക്കണക്കിനാളുകൾ ഇൻഡ്യയുടെ ഭരണഘടനയ്ക്കുവേണ്ടി ശബ്ദമുയർത്തുകയും സമരം ചെയ്യുകയും 8

വയസ്സായ ഒരു കുഞ്ഞടക്കം 20 പേർ ഇതിനകം രക്തസാക്ഷികളാകുകയും ചെയ്തിരിക്കുകയാണ്. ആ രക്തസാക്ഷികളെ ഞാൻ അഭിവാദ്യം ചെയ്യുന്നു. അവർ രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ രക്തസാക്ഷികളാകും. ഇൻഡ്യ കത്തിപ്പടരുകയാണ്; ശ്രീ. നരേന്ദ്ര മോദിയുടെ തലസ്ഥാന നഗരം പ്രക്ഷുബ്ധമാണ്; മിക്ക സംസ്ഥാനങ്ങളിലും ജനങ്ങളുടെ വമ്പിച്ച ജനകീയസമരം അണപൊട്ടിയൊഴുകുകയാണ്. സമകാലീന രാഷ്ട്രീയരംഗത്ത് ഒരിക്കലും പ്രകടമാകാത്ത, ഒരു സമരത്തിലും പങ്കെടുക്കാത്ത വിദ്യാർത്ഥികൾ ലോകത്തിന്റെ അഭിമാനം എന്നുള്ള നിലയിൽ തങ്ങളുടെ രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ നമ്മുടെ തലമുറ വീണ്ടും വരുന്നുവെന്നുള്ളതാണ് ഈ പ്രമേയം പാസ്സാക്കുമ്പോൾ നമ്മുടെ ഉള്ളിലുള്ളത്. ഈ സഭ വീണ്ടും ഇന്ത്യയുടെ പാർലമെന്ററി പ്രവർത്തന ചരിത്രത്തിൽ ഒന്നാം സ്ഥാനത്ത് എത്തുകയാണ്. ഇന്ത്യയിലെ എല്ലാ നിയമസഭകളും അറച്ചുനിൽക്കുമ്പോൾ പൗരത്വ ഭേദഗതി ബിൽ അംഗീകരിക്കില്ല എന്ന ശബ്ദം ആദ്യം ഉയർന്നത് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയിൽ നിന്നുതന്നെയാണ്. ലോകം മുഴുവൻ അത് ശ്രദ്ധിച്ചു. ഇന്ത്യയിൽ സമരം ചെയ്യുന്ന നിരപരാധികളായ, ദേശാഭിമാനികളായ എല്ലാവരെയും അത് പ്രോത്സാഹിപ്പിച്ചു. നമ്മൾ

അതിനെ ഈ സഭയിൽ ഔദ്യോഗികമായി, ജനാധിപത്യപരമായി, ഒരിക്കൽക്കൂടി അരക്കിട്ട് ഉറപ്പിക്കുകയാണ്. ഈ നിയമം പാസ്സാക്കിയ ആളുകൾ പറയുന്നത് അവരുടെ തെരഞ്ഞെടുപ്പ് വാഗ്ദാനമാണ് നിറവേറ്റിയത് എന്നാണ്. ഏറ്റവും വലിയ തമാശയാണിത്. അവരുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം, പ്രകടന പത്രിക പലതവണ ഞാൻ എടുത്ത് വായിച്ചു നോക്കുകയുണ്ടായി. ആ പ്രകടന പത്രികയിൽ പ്രധാനപ്പെട്ട കാര്യമായി പറയുന്നത്, ഇന്ത്യാ മഹാരാജ്യത്തിലെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണും, രണ്ടുകോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കും, കർഷകന്റെ കണ്ണുനീരൊപ്പും, കടബാദ്ധ്യതകൾ എഴുതിത്തള്ളും, ഭൂമിയില്ലാത്തവന് ഭൂമി നൽകും, വിലക്കയറ്റം തടയും, സാമ്പത്തിക വികാസം ചൈനയോടൊപ്പം എത്തും; ഇതൊക്കെയായിരുന്നു ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ. അതിൽ അമ്പേ പരാജയപ്പെട്ടു. ബി.ജെ.പി.-യുടെ അകത്തളങ്ങളിൽപോലും ഇന്ന് അപശബ്ദങ്ങൾ ഉയരുകയാണ്. അതിനുകാരണം അവരുടെ വഴിവിട്ടുള്ള ജനദ്രോഹ നടപടികളാണ്. പൗരത്വഭേദഗതി നിയമത്തിന്റെ മാത്രമല്ല, ഭാവിയിൽ വരാൻ പോകുന്ന ഭീകരമായ ഒരു ഇന്ത്യയുടെ, കറുത്ത ഇന്ത്യയുടെ ആദ്യത്തെ മുഖം

പുറത്തുവരാൻ പോകുകയാണ്. ഇത് മുളയിലേ നുള്ളണം. കേരളത്തിലെ ജനങ്ങൾ അക്കാര്യത്തിൽ പ്രത്യക്ഷമായി വലിയ സമരത്തിന് തയ്യാറെടുക്കുകയാണ്. ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം തയ്യാറെടുത്ത് നിൽക്കുകയാണ്. ഇന്ത്യയിലെ കർഷകർ തയ്യാറെടുത്ത് നിൽക്കുകയാണ്. ഒന്ന്, ജനാധിപത്യ വിരുദ്ധമായ ഈ നിയമം പിൻവലിക്കണം. എന്റെ സുഹൃത്ത് ശ്രീ. കെ. സി. ജോസഫ് പറഞ്ഞ ഉപാധിയോട് ഞാൻ യോജിക്കുന്നില്ല. നിർത്തിവയ്ക്കണമെന്നല്ല, റദ്ദാക്കണം. ഇതിനകത്ത് ഒരു കോംപ്രമൈസുമില്ല. നിർത്തിവയ്ക്കണം എന്നുവച്ചാൽ നിങ്ങൾ അത് അഡ്മിറ്റ് ചെയ്തുകഴിഞ്ഞു എന്നാണ്. നമ്മൾ അത് അഡ്മിറ്റ് ചെയ്യുന്നില്ല. മൃഗീയമായ ഭൂരിപക്ഷമുണ്ടെന്ന് കരുതി എന്ത് അനാവശ്യവും ചെയ്ത്, തോക്കും പട്ടാളവുമുണ്ടെങ്കിൽ ഒരു രാജ്യത്ത് എന്തും ചെയ്യാമെന്നുള്ള ധാരണ, അതാണ് ഈ അധികാരത്തിൽ വന്നിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരുകാരണവശാലും ഒരു കോംപ്രമൈസിന്റെയും കാര്യമില്ല. ഇവർ എവിടെ ആയിരുന്നു? എന്റെ സുഹൃത്ത് ശ്രീ. വി. ഡി. സതീശൻ ഭരണഘടനയുടെ സൃഷ്ടിയെക്കുറിച്ച് പറഞ്ഞു. ഭരണഘടന അംബേദ്കറുടെ നേതൃത്വത്തിൽ രൂപീകരിക്കുമ്പോൾ നരേന്ദ്രമോദിയുടെ പാർട്ടി എവിടെ ആയിരുന്നു; ഈ

ഭരണഘടനയിൽ അവർക്ക് എന്ത് പങ്കാണുള്ളത്; നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ എന്ത് പങ്കാണുള്ളത്; ഇത് ഭേദഗതി ചെയ്യാൻ ഇവർക്ക് എന്ത് അവകാശമാണുള്ളത്; അതാണ് കേരളത്തിലെ ജനങ്ങൾ, ഇന്ത്യയിലെ ജനങ്ങൾ ചോദിക്കുന്നത്. നിങ്ങൾക്ക് എന്ത് അവകാശം; ഈ ഭരണഘടനയ്ക്കുവേണ്ടി, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി രക്തപുഴ ഒഴുക്കിയവർ, ചൗരി ചൗരാ സംഭവം, ജാലിയൻവാലാബാഗ് സംഭവം, പുന്നപ്ര-വയലാർ സമരം, തെലങ്കാന സമരം, തൊഴിലാളികളുടെ സമരം, വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും സമരം, പുസ്തകങ്ങളെല്ലാം ദൂരെ എറിയാൻ പറഞ്ഞ മഹാത്മാഗാന്ധിയുടെ പുറകെ പോയ ഇന്ത്യയിലെ വിദ്യാർത്ഥികൾ, ക്വിറ്റ് ഇന്ത്യാ സമരം.... ആ സമയത്തെല്ലാം ഇവർ എവിടെയായിരുന്നു; നമ്മുടെ ദേശീയ സമരത്തിന്റെ ഒരു ഘട്ടത്തിലും കാണാൻ കഴിയാത്ത ഒരു വിചിത്രമായ പാർട്ടിയാണ് ഇവർ. ഇവർ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ ഒറ്റുക്കൊടുക്കാൻ ശ്രമിച്ചവരാണ്. അതിന് ഒരുപാട് രേഖകൾ ചരിത്രത്തിലുണ്ട്. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ കേരളത്തിലെ സംഭവ വികാസങ്ങൾ, കേരളത്തെ കാത്തുനിൽക്കുകയാണ് ഇന്ത്യ. കേരളം എങ്ങോട്ടാണ് പോകുന്നത്; ഇന്ന്

കേരളം പോകുന്ന വഴിയേയാണ് നാളെ ഇന്ത്യ പോകാൻ പോകുന്നത്. അതുകൊണ്ട് കേരളത്തിലെ ശബ്ദത്തിന് ഉണർവ്വുണ്ടാകണം. ഈ വിഷയത്തിൽ മുൻകയ്യെടുത്ത് എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുപോകുന്നതിൽ ഞാൻ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. അതിനിടയിൽ ചില അപശബ്ദങ്ങളുണ്ടാകാം. എന്നാലും ഇക്കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നാണ് കേരളത്തിലെ സാമാന്യജനത ആഗ്രഹിക്കുന്നത്. ഇത് മുസ്ലീങ്ങളുടെ പ്രശ്നമല്ല. നിർഭാഗ്യവശാൽ പല കേന്ദ്രങ്ങളിലും മുസ്ലീങ്ങളുടെ ഒരു വലിയ ആവശ്യമായി ഇതിനെ ചിത്രീകരിക്കുന്നത് അത്യന്തം ആപത്കരമാണ്. ഇത് മുസ്ലീങ്ങളുടെ വിഷയമല്ല, ഹിന്ദുക്കളുടെ വിഷയമല്ല, ഇന്ത്യയുടെ വിഷയമാണ്. ജനാധിപത്യത്തിന്റെ വിഷയമാണ്, ഭരണഘടനയുടെ സംരക്ഷണമാണ്. ഇത് ഏതെങ്കിലുമൊരു മതത്തിന്റെ കാര്യമല്ല. നമ്മുടെ രാജ്യത്തെ ആബാലവൃദ്ധം ജനങ്ങളും സേവ് ഇന്ത്യ, സേവ് കോൺസ്റ്റിറ്റ്യൂഷൻ, സേവ് ഡെമോക്രസി എന്നതിനുവേണ്ടിയുള്ള വലിയ പോരാട്ടമാണ് നടത്തുന്നത്. ഞാൻ എല്ലാ സർവ്വകലാശാലകളിലെയും വിദ്യാർത്ഥികളെ അഭിവാദ്യം ചെയ്യുകയാണ്. ധീരോദാത്തരാണവർ. ക്യാമ്പസുകൾ എല്ലാം

അഗ്നിപർവ്വതങ്ങളായി കിടക്കുകയാണ്. സമരം ഒഴുകുകയാണ്. ഒരു പട്ടാളത്തിനും ഒരു വെടിവയ്പിനും ഒരു മർദ്ദനത്തിനും ഒരു നിരോധനത്തിനും തടയാനാകാത്തവിധം വമ്പിച്ച ഒരു കൊടുങ്കാറ്റായി നമ്മുടെ രാജ്യത്ത് ആഞ്ഞടിക്കുകയാണ്. ബി.ജെ.പി.-യുടെ ഭരണഘടന ഭേദഗതി മാത്രമല്ല, ജനങ്ങളെ വഞ്ചിച്ച, ഭരണത്തിൽ പരാജയപ്പെട്ട ഒരു ഭരണകൂടം, ഒരു ഫാസിസ്റ്റ് ഭരണകൂടം ജനങ്ങളെ തടവിലാക്കുന്നു. എന്ത് അവകാശമാണ് ഇവർക്കുള്ളത്; ജനങ്ങളുടെ ഇന്റർനെറ്റ് കണക്ഷൻ റദ്ദാക്കാൻ ശ്രീ. നരേന്ദ്രമോദിക്ക് എവിടെയാണ് അധികാരം; ജനങ്ങളുടെ വാർത്താവിനിമയങ്ങൾ സ്തംഭിപ്പിക്കാൻ, ജനങ്ങളെ തടവറയിലാക്കാൻ, ജനങ്ങളെ ബന്ദികളാക്കാൻ യാതൊരു അവകാശവും ഈ പാർലമെന്റിനില്ല. ഭൂരിപക്ഷമുണ്ടെന്ന് കരുതി ജനങ്ങളെ ഇങ്ങനെ കൈകാര്യം ചെയ്യുന്നതിനെതിരായി, ഈ പ്രമേയം പാസ്സാക്കുന്നതോടുകൂടി തീർച്ചയായും ഇന്ത്യയുടെ വലിയൊരു ചെറുത്തുനിൽപ്പിൽ നമ്മൾ പങ്കാളികളാകുകയാണ്. ഞാൻ ഈ പ്രമേയത്തെ വീണ്ടും പിന്താങ്ങുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

മതനിരപേക്ഷ ഇന്ത്യയുടെ ഹൃദയവികാരമാണ് മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിലുള്ളത്. ലോകത്തിന് മുന്നിൽ ഭാരതീയന്റെ അഭിമാനമാണ് നമ്മുടെ ഭരണഘടന. ലോകത്തെ മറ്റ് രാജ്യങ്ങളുടെ മുമ്പാകെ തികച്ചും അഭിമാനപൂർവ്വമായാണ് ഭരണഘടനയെ നമ്മൾ ഉയർത്തിപ്പിടിക്കുന്നത്. ഭാരതത്തിലെ ജനങ്ങളായ നാം ഒരു പരമാധികാര സ്ഥിതി സമത്വ മതേതരത്വ ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യാനും അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും പദവിയിലും അവസര സമത്വത്തിലുമുള്ള സമത്വവും പ്രദാനം ചെയ്യുന്നതാണ് ഇന്ത്യൻ ഭരണഘടന. ഇന്ത്യയിൽ ഏത് തരത്തിലുള്ള നിയമങ്ങൾ മാത്രമേ ഉണ്ടാക്കാൻ പാടുള്ളൂവെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 14-ലും 15-ലും വളരെ കൃത്യമായി പറയുന്നുണ്ട്. ആർട്ടിക്കിൾ 14-ൽ ഭാരതത്തിന്റെ ഭ്ര

പ്രദേശത്തിനകത്ത് ഏതൊരാൾക്കും നിയമത്തിന്റെ മുമ്പാകെ സമത്വമോ നിയമങ്ങളുടെ സമമായ സംരക്ഷണമോ നിഷേധിക്കാൻ പാടുള്ളതല്ല എന്നും ആർട്ടിക്കിൾ 15-ൽ മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനനസ്ഥലമോ കാരണമാക്കിയുള്ള വിവേചനത്തിന് നിരോധനം എന്നും വളരെ കൃത്യമായി പറയുന്നുണ്ട്. മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനനസ്ഥലമോ കാരണമാക്കിയിട്ടുള്ള നിരോധനം എന്ന് വളരെ കൃത്യമായി ഭരണഘടനയുടെ 14, 15 ആർട്ടിക്കിൾ ചൂണ്ടിക്കാണിക്കുമ്പോൾ ആ ഭരണഘടനയുടെ ലംഘനമാണ് ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയ ഈ നിയമം. ഭരണഘടനയുടെ 5 മുതൽ 11 വരെയുള്ള അനുച്ഛേദങ്ങളിലാണ് പൗരത്വം സംബന്ധിച്ചുള്ള വ്യവസ്ഥകളുള്ളത്. ഭരണഘടനയുടെ കൃത്യമായ ഈ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടുള്ള ഈ നിയമം; ഒരു പ്രത്യേക മതവിഭാഗത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു നിയമം ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചുവെന്നുള്ളത് മതേതര ഇന്ത്യയെ ഞെട്ടിച്ചിരിക്കുകയാണ്. ഇന്ത്യയുടെ സുപ്രീം കോടതി ഈ ഭരണഘടനാ വിരുദ്ധ നിയമത്തെ എങ്ങനെയാണ് കേൾക്കുക എന്ന് ലോകമാസകലമുള്ള ജനങ്ങൾ വളരെ താൽപ്പര്യപൂർവ്വം കാതോർത്തുനിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, സാർവ്വദേശീയതലത്തിൽ ഈ നിയമഭേദഗതിയെ സംബന്ധിച്ചുള്ള സമരങ്ങളും പ്രക്ഷോഭങ്ങളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയെന്ന മതനിരപേക്ഷ രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും സമത്വം നൽകുന്നുവെന്നുള്ളതാണ് ഇന്ത്യയെക്കുറിച്ച് ലോകരാജ്യങ്ങൾക്കുള്ള ഒരു നിലപാട്. ഈ പ്രക്ഷോഭങ്ങളുടെ പുറകിലുള്ള ആളുകളെ അവരുടെ വേഷംകൊണ്ടറിയാമെന്നാണ് ഇന്ത്യയുടെ പ്രധാനമന്ത്രി ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ട് പറഞ്ഞത്. ജനാധിപത്യ ഇന്ത്യയുടെ ചരിത്രത്തിൽ ഇന്ത്യയുടെ ഒരു പ്രധാനമന്ത്രിയും ഒരു പ്രത്യേക വിഭാഗത്തെ അവരുടെ വേഷം കണ്ടാൽ അറിയാമെന്ന് പറഞ്ഞിട്ടില്ല. ജനാധിപത്യത്തിന്റെ കടയ്ക്കൽ, മതനിരപേക്ഷതയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഈ പൗരത്വ ഭേദഗതി നിയമം ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും കറുത്ത, അപകടകരമായ നിയമമാണ്. ഈ നിയമത്തിനെതിരായി ഇന്ത്യയിൽ ഉയരുന്ന ശക്തമായ പ്രതിഷേധത്തിന് ഈ നിയമസഭ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന പ്രമേയം രാജ്യമാസകലം ആവേശപൂർവ്വം കാണുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്ര ഗവൺമെന്റ് ഈ നിയമം പാസ്സാക്കിയതിനുശേഷം പൗരത്വ രജിസ്റ്റർ വരുന്നുണ്ടെന്ന്

ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു. ആ പൗരത്വ രജിസ്റ്ററിൽനിന്നും ആളുകളെ പുറത്താക്കുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. പാസ്പോർട്ട് പൗരത്വ രേഖയല്ലെന്ന് അദ്ദേഹം പറയുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളിൽ ഏറ്റവും അപകടകരമായ ഒന്നാണത്. ലോകത്തെ വിവിധ രാജ്യങ്ങളിൽ നമ്മുടെ ആളുകൾ, മലയാളികൾ, ഇന്ത്യാക്കാരൊക്കെ പണിയെടുക്കുന്നു. ഏതൊരു രാജ്യത്തിന്റെയും വിമാനത്താവളത്തിൽ ചെന്നാൽ എമിഗ്രേഷനിൽ അകത്തുകടക്കാൻ അനുവദിക്കുന്നത് പാസ്പോർട്ടാണ്. ഭാരതീയന്റെ അഭിമാനമാണ് പാസ്പോർട്ട്. പാസ്പോർട്ട് പൗരത്വ രേഖയല്ലെന്ന് കേന്ദ്ര ഗവൺമെന്റ് പറയുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ പുതിയ നയം അനുസരിച്ച് പാസ്പോർട്ട് പൗരത്വ രേഖയല്ലെന്ന നിലപാട് ഏതെങ്കിലും ഒരു രാജ്യം അംഗീകരിച്ചാൽ, മറ്റ് രാജ്യങ്ങളിലുള്ള ഭാരതീയർ അവരുടെ പൗരത്വം തെളിയിക്കാൻ മറ്റ് രേഖകൾ ഹാജരാക്കണമെന്ന് പറഞ്ഞാൽ അവരെല്ലാം എന്ത് ചെയ്യും. പ്രവാസി ഇന്ത്യാക്കാർ എന്ത് ചെയ്യും? നമ്മുടെ രാജ്യത്തിന് വലിയ തോതിൽ സാമ്പത്തിക സംഭാവന നൽകുന്ന പ്രവാസി ഇന്ത്യാക്കാരുടെ വയറ്റത്തടിക്കുകയാണ് ഈ നിയമം. അതുമാത്രമല്ല, പ്രത്യേക വിഭാഗങ്ങളെ നിയമത്തിൽ ഒഴിച്ചുനിർത്തുമ്പോൾ ലോകത്തെ

വിവിധ രാജ്യങ്ങൾ, അതിൽ ക്രൈസ്തവ രാജ്യങ്ങളും മുസ്ലീം രാജ്യങ്ങളുമുണ്ട്. ഹിന്ദുവിനും മുസ്ലീമിനും ക്രിസ്ത്യാനിക്കും ജൈനനും പാഴ്സിക്കും ഒരു മതത്തിലും വിശ്വസിക്കാത്തവനുമെല്ലാം സ്വതന്ത്രമായി ജീവിക്കാൻ കഴിയുന്ന ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ അടിത്തറയിൽ കത്തിവയ്ക്കുകയാണ് ഈ നിയമം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, ഈ നിയമം ഒരു ദിവസംകൊണ്ടുണ്ടായതല്ല. പോരാട്ടങ്ങളുടെ അഗ്നിപഥത്തിൽ ബലിയർപ്പിച്ച ആയിരക്കണക്കിന് രക്തസാക്ഷികളുടെ ജീവിതംകൊണ്ട് പടുത്തുയർത്തിയതാണ് ഇന്ത്യൻ ഭരണഘടന. 'നാനാത്വത്തിൽ ഏകത്വം' എന്ന മഹനീയ ആശയത്തെ ഉയർത്തിപ്പിടിക്കുന്നതാണ് ഇന്ത്യൻ ഭരണഘടന. വ്യത്യസ്ത വിഭാഗങ്ങൾ, ചിന്താധാരകൾ, സംസ്കാരങ്ങൾ, ആരാധനാ രീതികൾ, ഭാഷകൾ എല്ലാമുള്ള ഒരു രാജ്യത്ത് ആ വൈവിധ്യങ്ങളുടെ ഏകീകരണമാണ് ഇന്ത്യൻ ഭരണഘടനയുടെ കാതൽ. ആ കാതലിന് കത്തി വയ്ക്കുന്ന ഒരു നിയമം പാർലമെന്റിൽ പാസ്സാക്കിയിട്ട് ഇതിൽ എന്ത് കുഴപ്പമെന്നാണ് ഇവിടത്തെ ബി.ജെ.പി.-ക്കാർ ചോദിക്കുന്നത്. ഈ നിയമത്തിൽ എന്താണ് കുഴപ്പമെന്ന് അവർ ചോദിക്കുന്നു. ഏതെങ്കിലും ആളുകളോട് പോകാൻ പറയുന്നുണ്ടോ?

പാർലമെന്റിൽ ഒരു നിയമം പാസ്സാക്കുമ്പോൾ ഒരു പ്രത്യേക വിഭാഗത്തിന്, ഒരു പ്രത്യേക മതത്തിന് ഇത് ബാധകമല്ലെന്ന് പറയുന്നതുതന്നെ ഭരണഘടനയുടെ ലംഘനമല്ലേ; പൗരത്വ രജിസ്റ്റർ ഉണ്ടാക്കുമ്പോൾ അത് ഏത് തരത്തിലാണ് ഉണ്ടാകുകയെന്നത് വളരെ കൃത്യമാണ്. അതുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യത്തെ സ്വാതന്ത്ര്യ സമര പോരാട്ടത്തിലൂടെ ഉയർന്നുവന്ന ഭാരതീയൻ എന്ന കാഴ്ചപ്പാടിനെയെല്ലാം ലംഘിക്കുന്ന നിയമം ഇവിടെ നടപ്പിലാക്കുകയാണ്. ഈ നിയമം പാർലമെന്റിൽ അവതരിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റ് നമ്മുടെ രാജ്യത്ത് കഴിഞ്ഞ അഞ്ചര വർഷക്കാലം എന്ത് സംഭാവനയാണ് നൽകിയത്? മഹനീയമായ ഒരുപാട് നേട്ടങ്ങൾ നൽകുമെന്ന് പറഞ്ഞ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ രാജ്യത്തെ പട്ടികജാതിക്കാർക്ക്, പട്ടികവർഗ്ഗക്കാർക്ക്, തൊഴിലാളികൾക്ക്, കൃഷിക്കാർക്ക്, കർഷകത്തൊഴിലാളികൾക്ക് എന്ത് നേട്ടമാണ് സംഭാവന ചെയ്തത്? നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന അപകടകരമായ വിധത്തിൽ താഴേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ രൂക്ഷമാകുന്നു. കോടിക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടമായി. കമ്പനികൾ അടച്ചുപൂട്ടുന്നു. ഇന്ത്യയുടെ പൊതുസ്വത്തായ പൊതുമേഖലാ സ്ഥാപനങ്ങൾ

സ്വകാര്യ മുതലാളിമാർക്ക് കണ്ണിൽക്കണ്ട വിലയ്ക്ക് നൽകുന്നു. ഇതാണോ രാജ്യ താൽപ്പര്യവും ദേശീയ താൽപ്പര്യവും. നമ്മുടെ രാജ്യത്തിന്റെ പൊതുസ്വത്തായിട്ടുള്ള സമ്പത്ത് ശ്രീ. മുകേഷ് അംബാനിക്കും ഇന്ത്യയിലെ ശതകോടീശ്വരന്മാർക്കും നൽകിക്കൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയും സാമൂഹ്യ ജീവിതവും അപകടകരമായി തകർന്നുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിൽ ജനശ്രദ്ധ തിരിച്ചുവിടാൻ, ജനങ്ങളെ ഭിന്നിപ്പിക്കാൻ വേണ്ടിയുള്ള ശ്രമമാണ് കേന്ദ്ര ഭരണാധികാരികൾ നടത്തുന്നത്. ബ്രിട്ടീഷുകാർക്ക് ഒരു നയമുണ്ടായിരുന്നു. ഇന്ത്യയിൽ സ്വാതന്ത്ര്യ സമരം കത്തിപ്പടരുന്ന ഘട്ടങ്ങളിലെല്ലാം അവർ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിച്ചു. ഭിന്നിപ്പിച്ചുകൊണ്ട് രാജ്യത്തെ ഭരിക്കുക എന്ന നയമാണ് ബ്രിട്ടീഷ് ഗവൺമെന്റ് ആസൂത്രണം ചെയ്തത്. അതേ നയം ഇന്ന് കേന്ദ്ര ഗവൺമെന്റ് തുടരുകയാണ്. കർഷകർ ഇന്ത്യയിൽ വലിയ പോരാട്ടങ്ങൾ നടത്തുന്നു. ഇന്ത്യയിലെ കൃഷിക്കാർ സമാനതകളില്ലാത്ത വലിയ പോരാട്ടങ്ങൾ നടത്തുന്നു. തൊഴിലാളികൾ കക്ഷിരാഷ്ട്രീയത്തിന് അതീതമായി പൊതു പണിമുടക്ക് നടത്തുന്നു. ആ സമരങ്ങളെല്ലാം ശക്തിപ്രാപിച്ചുവരുന്ന ഘട്ടത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ വേണ്ടിയുള്ള ഈ

ശ്രമം അപകടകരമാണെന്നുള്ളതുകൊണ്ട് ശക്തമായി ഈ നിയമ ഭേദഗതിയെ എതിർക്കേണ്ടതുണ്ട്. കേരളം ആ പോരാട്ടത്തിന്റെ മുൻനിരയിൽ നിൽക്കുന്നു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സാമൂഹ്യ സംഘടനകളുമെല്ലാം ഒന്നിച്ചുകൊണ്ട് ആ പോരാട്ടത്തിന് നേതൃത്വം കൊടുത്തത് അഭിമാനകരമാണ്. ആ പോരാട്ടങ്ങളുടെ തുടർച്ചയാണ് ഈ പ്രമേയമെന്നുകൂടി പറഞ്ഞുകൊണ്ട്, പ്രമേയത്തെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, സ്വാതന്ത്ര്യ സമ്പാദനത്തിനുമുമ്പുതന്നെ അനുക്രമമായി ഇന്ത്യയിൽ രൂപപ്പെട്ട പൊതുസമൂഹം സ്വീകരിച്ച മൂല്യങ്ങൾ സമ്പൂർണ്ണമായി ഉൾക്കൊള്ളിച്ചുകൊണ്ടാണ് നമ്മുടെ ഭരണഘടന രൂപപ്പെട്ടത്. ആ ഭരണഘടനയുടെ സത്ത മുഴുവൻ നശിപ്പിക്കുന്ന രൂപത്തിലുള്ള നിയമ നിർമ്മാണങ്ങളും ഭരണ നടപടികളും ഈ രാജ്യത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ എം. എസ്. ഗോൾവാൾക്കറുടെ കാഴ്ചപ്പാടിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഭരണഘടനയും ആ കാഴ്ചപ്പാടും ഒരുമിച്ചുപോകുകയില്ല. എം. എസ്. ഗോൾവാൾക്കറുടെ വികലമായ കാഴ്ചപ്പാടിനനുസൃതമായി ഇന്ത്യൻ ഭരണഘടനയുടെ പുനരെഴുത്ത്

നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇതിനെയാണ് ചെറുക്കേണ്ടത്. ഈ ചെറുത്തുനിൽപ്പിന്റെ സ്വഭാവത്തിന് ഒരു മതേതര സ്വഭാവമുണ്ടെന്ന് പറയുന്നത് വളരെ ആശാവഹമാണ്. സർവ്വകലാശാലാ വിദ്യാർത്ഥികൾ, തൊഴിലാളികൾ, ചരിത്രകാരന്മാർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരെല്ലാം ഒരു മതത്തിന്റെ അടിസ്ഥാനത്തിലല്ല മതധ്രുവീകരണം ലക്ഷ്യമിട്ടുകൊണ്ട് നടക്കുന്ന നിയമനിർമ്മാണത്തെയും ഭരണനടപടികളെയും എതിർത്തുകൊണ്ടിരിക്കുന്നുവെന്നത് വളരെ ആശാവഹമാണ്. ഇവിടെ നിഷ്കാസിതരാക്കപ്പെടേണ്ടവരുടെ പട്ടിക ആർ.എസ്.എസ്. തയ്യാറാക്കിയിട്ടുണ്ട്. അതിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും കമ്മ്യൂണിസ്റ്റുകളുമുണ്ട്. പക്ഷേ, ഇപ്പോൾ പൗരത്വ ഭേദഗതി നിയമത്തിൽ അവരെ പൂർണ്ണമായി ഒഴിവാക്കുന്നില്ലെന്നതുകൊണ്ട് തൽക്കാലം രക്ഷപ്പെട്ടുവെന്ന് ധരിച്ച് ചില ആളുകൾ നിസ്സംഗരായി, നിഷ്ക്രിയരായി ഇരിക്കുകയാണ്. അത് അപകടകരമാണ്. ഇന്ന് അവർ ലക്ഷ്യംവയ്ക്കുന്നത്, സാർവ്വദേശീയ സാമ്രാജ്യത്വ ശക്തികളുടെ അജണ്ട നടപ്പിലാക്കിക്കൊടുക്കുകയെന്നതാണ്. സാമ്രാജ്യത്വ ശക്തികൾ ഇസ്ലാമിനെ ശത്രുവായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആ സാമ്രാജ്യത്വ ശക്തികളുടെ

കാര്യപരിപാടികളിലേയ്ക്ക് ഇന്ത്യ പോകേണ്ട കാര്യമെന്താണ്? അമേരിക്കയുടെയും ഇസ്രയേലിന്റെയും കാര്യപരിപാടി നടപ്പിലാക്കേണ്ട രാജ്യമാണോ മതേതര രാഷ്ട്രമായ ഇന്ത്യ. അതിനനുസൃതമായി തൽക്കാലം ചില വിട്ടുവീഴ്ചകൾ ചെയ്യുന്നുവെങ്കിലും ആത്യന്തികമായി നേരത്തെ പ്രഖ്യാപിക്കപ്പെട്ട ആളുകളെ മുഴുവൻ ഈ സമൂഹത്തിൽനിന്നും നീക്കം ചെയ്യാനുള്ള നടപടികൾ ആകുമ്പോഴാണ് തങ്ങൾക്ക് നേരത്തെ അബദ്ധം പറ്റിയല്ലോയെന്ന് ധരിച്ച് പുതിയ സമൂഹം ഉയർത്തെഴുന്നേൽക്കുന്നത്. ഇവിടെ അതല്ല ആവശ്യം. മതത്തിന്റെയും ജാതിയുടെയും സമുദായത്തിന്റെയും അടിസ്ഥാനത്തിലല്ല, നാട്ടിലെ മതേതരത്വം തകർക്കുന്ന നടപടികൾ ഉണ്ടാകുമ്പോൾ ഒരുമിച്ചുനിന്ന് എതിർക്കാൻ മുഴുവൻ ആളുകളും തയ്യാറാകുന്ന കാഴ്ചയാണ് നാം ആഗ്രഹിക്കുന്നത്. അതാണ് രാജ്യത്ത്, പ്രത്യേകിച്ച് കേരളത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്നതെന്നതിൽ നമുക്ക് വലിയ ആശ്വാസമുണ്ട്. മതപരമായ വിവേചനത്തിന് വഴിയൊരുക്കുന്ന ആദ്യത്തെ നിയമനിർമ്മാണമാണ് ഈ പൗരത്വ ഭേദഗതി നിയമം. മതം യോഗ്യതയും അയോഗ്യതയുമായി പരിഗണിക്കപ്പെടുന്ന ഒരു നിയമം. മതം ഒരു അളവുകോലായി മാറുന്നത് ഭരണഘടനയുടെതന്നെ ലംഘനമാണ്.

പൗരത്വ ഭേദഗതി നിയമം മാത്രമല്ല, 370-ാം അനുച്ഛേദം പിൻവലിക്കൽ, പൗരത്വ രജിസ്റ്റർ, ആംഗ്ലോ ഇന്ത്യൻ സമുദായങ്ങൾക്ക് നിയമസഭയിൽ ഉണ്ടായിരുന്ന വിവേചനം തുടങ്ങിയവയെല്ലാം മാറ്റിക്കളഞ്ഞുകൊണ്ട് ഒരു പ്രത്യേക കാര്യപരിപാടി നടപ്പിലാക്കാൻ, മുന്നേറാൻ, ചെറുക്കാൻ കേരളം ഒറ്റക്കെട്ടായി നിൽക്കുന്നുവെന്നത് വളരെ ആശാവഹമാണ്. ഒരു കാര്യംകൂടി സൂചിപ്പിച്ച് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. കരട് വിദ്യാഭ്യാസ നയം 2019 ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ വിദ്യാഭ്യാസ നയത്തിലൂടെയും കഴിഞ്ഞ നാളുകളിലെ വിദ്യാഭ്യാസത്തിലൂടെയും നാം എന്തൊക്കെ നേടിയോ അത് മുഴുവൻ ഇല്ലായ്മചെയ്യാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. അക്കാര്യവും കേരളത്തിലെ ജനങ്ങൾ, ഈ സഭയടക്കം ഗൗരവമായി എടുക്കണം. ഇന്ന് പാസ്സാക്കിയിരിക്കുന്ന നിയമം നടപ്പിലാക്കാതിരിക്കാനുള്ള ശക്തമായ ചെറുത്തുനിൽപ്പ് കേരളത്തിലും ഇന്ത്യയിലെമ്പാടും ഉയർന്നുവരുന്നതിന്റെ ഭാഗമായി ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നമ്മുടെ രാജ്യത്തിന്റെ ഏറ്റവും അഭിമാനകരമായ നിലപാട് ഭാരതം ഉയർത്തിപ്പിടിക്കുന്ന മതേതരത്വ നിലപാടും മത നിരപേക്ഷതയുമാണ്. ഇന്ത്യയെ മുന്നോട്ട് നയിക്കുന്നതിൽ രാഷ്ട്ര ശിൽപ്പികളെല്ലാം നേതൃത്വം നൽകിയത് ഈ മതേതരത്വ നിലപാടുകളിലും ജനാധിപത്യ മൂല്യങ്ങളിലും അടിയുറച്ച് നിന്നുകൊണ്ടാണ്. രാഷ്ട്രപിതാവായ മഹാത്മജിയുടെ നേതൃത്വത്തിൽ ഭാരതം സ്വാതന്ത്ര്യത്തിലേയ്ക്ക് കടന്നുവന്നതിനുശേഷമുള്ള കാലഘട്ടം മുഴുവൻ അദ്ധ്വാനകരമായ ഈ കാഴ്ചപ്പാടിലാണ് മുന്നോട്ട് പോയിട്ടുള്ളത്. രാജ്യം സംരക്ഷിച്ച പവിത്രമായ നിലപാടുകളെ മുഴുവൻ തകർക്കുന്ന നടപടിയിലേയ്ക്കാണ് ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ കടന്നുവന്നിരിക്കുന്നതെന്ന ഏറ്റവും നിർഭാഗ്യകരമായ സ്ഥിതിവിശേഷം രാജ്യത്തെ ജനങ്ങൾ മുന്നിൽ കാണുന്ന അവസ്ഥയുണ്ടായിരിക്കുന്നു എന്നുള്ളത് ആശങ്കയോടുകൂടി നോക്കിക്കാണുന്ന പശ്ചാത്തലത്തിലാണ് ഇന്ത്യയൊട്ടാകെ ഇന്ന് വലിയ പ്രക്ഷോഭത്തിലേയ്ക്ക് വന്നിരിക്കുന്നത്. ഈ പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കേരളം ഒറ്റക്കെട്ടായി നിൽക്കുന്നുവെന്ന സന്ദേശമാണ് കേരള നിയമസഭയുടെ ഇന്ന് ചേരുന്ന ഈ

പ്രത്യേക സമ്മേളനത്തിലൂടെ നമുക്ക് വിളിച്ചറിയിക്കാൻ കഴിഞ്ഞിട്ടുള്ളത്. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും മതേതരത്വവും സംരക്ഷിക്കാൻ വേണ്ടിയുള്ള പോരാട്ടത്തിൽ ഇന്ത്യൻ ജനതയുടെ വികാരമുൾക്കൊണ്ടുകൊണ്ട് കേരളം മുന്നോട്ടുവരുന്നുവെന്ന മഹത്തായ നിലപാടാണ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത്. ആദരണീയനായ മുഖ്യമന്ത്രിയുടെയും ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെയും നേതൃത്വത്തിൽ ഈ കാര്യത്തിൽ സ്വീകരിച്ച നല്ല നിലപാടുകളെയും പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. ശക്തമായ പോരാട്ടത്തിന്റെ പാതയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയണം. ഇവിടെയുണ്ടായിരിക്കുന്ന പ്രശ്നങ്ങളെല്ലാം എത്ര ആശങ്കാജനകമാണെന്ന് വിവിധ കക്ഷി നേതാക്കന്മാരും മറ്റംഗങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യൻ പൗരത്വം ഓരോരുത്തർക്കും ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശമാണ്. ഏതെങ്കിലും നിയമത്തിലൂടെ ഇത് ഉറപ്പ് വരുത്തുന്നതോ മാറ്റം വരുത്താൻ കഴിയുന്നതോ ആയ കാര്യങ്ങളായിട്ടല്ല ഇതുവരെ നമ്മുടെ രാജ്യത്ത് നിലനിന്നിട്ടുള്ളത്. എന്നാൽ ഇത്രയും ഗൗരവമേറിയ പൗരത്വഭേദഗതി നിയമത്തിന്റെ പശ്ചാത്തലം കൊണ്ടുവന്നിരിക്കുന്നത്

ഗൗരവമേറിയ നടപടിക്രമങ്ങളിലേയ്ക്ക് നമ്മുടെ രാജ്യത്തെ കൊണ്ടുപോകാൻ വേണ്ടിയാണെന്ന് നമ്മൾ മനസ്സിലാക്കുന്നു. പൗരത്വ ഭേദഗതി നിയമവും അതിന്റെ ഭാഗമായി വരുന്ന ദേശീയ ജനസംഖ്യാ പട്ടികയും പൗരത്വ രജിസ്റ്ററും ഭരണഘടനാ വിരുദ്ധമാണെന്ന് വ്യക്തമാകുകയാണ്. ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങളെ നിഷേധിക്കുന്നതിലൂടെ ഇത് ഭരണഘടനാ വിരുദ്ധമായ ഒരു നടപടിയായി രാജ്യത്തെ ജനങ്ങൾ ഉയർത്തിക്കൊണ്ട് വന്നിരിക്കുകയാണ്. ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കൽ നടപ്പാക്കിയാൽ രാജ്യത്ത് താമസിക്കുന്ന ഒരു വിഭാഗത്തിനും അതിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കാൻ കഴിയില്ലെന്നുള്ളതാണ് ഇപ്പോൾ ബോദ്ധ്യപ്പെടുന്ന യാഥാർത്ഥ്യം. മുസ്ലീം സമുദായത്തെ ഇത് കൂടുതലായി ബാധിക്കുമെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഇതുമാത്രമല്ല, എല്ലാ വിഭാഗങ്ങളെയും ബാധിക്കുന്ന സ്ഥിതിയാണ് ഇതിലൂടെ ഉണ്ടായിരിക്കുന്നതെന്നാണ് ആസാമിലെ അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ആസാമിൽ ദേശീയ പൗരത്വ പട്ടിക നടപ്പാക്കിയപ്പോൾ പൗരത്വം നഷ്ടമായ പത്തൊൻപത് ലക്ഷത്തിലധികം പേർ ഉണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പുറത്തായ പത്തൊൻപത്

ലക്ഷം പേരിൽ ഏകദേശം ആറ് ലക്ഷം പേരാണ് മുസ്ലീം സഹോദരങ്ങളായിട്ടുള്ളത്. ബാക്കിയുള്ളവരെല്ലാം അമുസ്ലീങ്ങളാണ്. മുപ്പത് വർഷം ഇന്ത്യൻ കരസേനയിൽ രാജ്യത്തിനായി സേവനമനുഷ്ഠിച്ച മുഹമ്മദ് സലാവുല്ല മികച്ച സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ വാങ്ങിയ സൈനികനാണ്. ഇന്ത്യയിൽ താമസിക്കുന്ന ഇന്ത്യയ്ക്കുവേണ്ടി ജീവിതം മാറ്റിവച്ച രാജ്യസ്നേഹി, ഈ വ്യക്തിത്വം ഉൾപ്പെടെ ഈ പൗരത്വ പട്ടികയിൽനിന്നും പുറത്തുപോയിരിക്കുകയാണ്. ബി.ജെ.പി. സർക്കാർ പറയുന്ന നിയമഭേദഗതി രാജ്യദ്രോഹ നടപടിയാണെന്ന് വ്യക്തമാക്കുന്ന അനുഭവമാണ് ഇത് നടപ്പാക്കിയ ആസാമിൽ ഉണ്ടായിരിക്കുന്നത്. ഇതുപോലുള്ള സാഹചര്യങ്ങളിലേയ്ക്കാണ് രാജ്യത്തെ തള്ളി നീക്കുന്നതെങ്കിൽ ഇന്ത്യയെ തകർക്കുന്ന, ഇന്ത്യയുടെ മൂല്യങ്ങളെ തകർക്കുന്ന, ഇന്ത്യയുടെ മതേതരത്വ നിലപാടുകളെ തകർക്കുന്ന നടപടി ഭരണാധികാരികൾതന്നെ നടപ്പാക്കുകയെന്ന് പറഞ്ഞാൽ ഈ രാജ്യത്തെ ജനങ്ങൾക്ക് ഒരിക്കലും അതംഗീകരിക്കാൻ കഴിയില്ല. ശക്തമായ ചെറുത്തുനിൽപ്പിന്റെ പാതയിൽ ഇന്ത്യൻ ജനത നിൽക്കുമ്പോൾ കേരളം ഒറ്റക്കെട്ടായി മുന്നോട്ട് വരുന്നുവെന്ന് പറയുന്നത് അഭിമാനകരമാണ്. ഈ പോരാട്ടത്തിന് എല്ലാ പിന്തുണയും

പ്രഖ്യാപിക്കുന്നു, നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് ശക്തമായി പിന്തുണ നൽകിക്കൊണ്ട് കേരളം ഒറ്റക്കെട്ടായി ഇന്ത്യൻ ജനതയോടൊപ്പം നിൽക്കുന്ന, ഭാരതത്തെ ഒന്നായി സംരക്ഷിക്കാനുള്ള ഈ പോരാട്ടത്തിൽ തെറ്റായ ഈ നിയമ ഭേദഗതി റദ്ദാക്കണമെന്ന ആവശ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് ഈ പോരാട്ടത്തിന്റെ പാതയിൽ നമുക്ക് മുന്നോട്ട് പോകാം. ഇതിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഇന്ത്യയിലെ 80 ശതമാനത്തിലധികം വരുന്ന ഹിന്ദുവിന്റെ വിശുദ്ധ ഗ്രന്ഥം ശ്രീമദ് ഭഗവത് ഗീതയും 13 ശതമാനത്തിലധികം വരുന്ന മുസ്ലീം സമുദായത്തിന്റെ ഗ്രന്ഥം ഖുറാനും 2 ശതമാനത്തിലധികം വരുന്ന ക്രിസ്ത്യാനികളുടേത് ബൈബിളും രണ്ട് ശതമാനത്തോളം വരുന്ന സിക്കുകാരന്റെ ഗ്രന്ഥം ഗുരു ഗ്രന്ഥ് സാഹിബും ബുദ്ധ മതക്കാരന്റെ ത്രിപീഠികയും അതുപോലെതന്നെ ജൈനമതക്കാരുടെ വിശുദ്ധ ഗ്രന്ഥം കൽപ്പ സൂത്രയുമൊക്കെയാണ്. ഇവരെല്ലാം ഉൾക്കൊള്ളുന്ന ഭാരതീയന്റെ വിശുദ്ധ ഗ്രന്ഥം ഇന്ത്യയുടെ ഭരണ ഘടനയാണ്. ഇതിനെ തകർക്കാനും ഇതിന്റെ മൂല്യങ്ങളെ വേരോടെ പിഴുതെറിയാനും ഭരണകൂടം

നടത്തുന്ന ശ്രമങ്ങളെ ഒറ്റ വാക്കിൽ വിശേഷിപ്പിക്കേണ്ടത് ഫാസിസമെന്നാണെങ്കിൽ അതിനെ എന്ത് വില കൊടുത്തും ചെറുക്കാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്. ഇന്ത്യയിൽ ആ പോരാട്ടത്തിന് മുൻപന്തിയിൽ കേരളം ഉണ്ടാകുകയും ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഭരണഘടനതന്നെ വർഗ്ഗീയത ചാർത്തുന്ന ഏറ്റവും നാണംകെട്ട അവസ്ഥയിലേയ്ക്ക് ഈ രാജ്യം എങ്ങനെ ചെന്നെത്തി? ഈ ലോകത്തിലെ വാഷിംങ്ടൺ പോസ്റ്റും ന്യൂയോർക്ക് ടൈംസും ഗാർഡിയനുമുൾപ്പെടെയുള്ള മുഴുവൻ പത്രങ്ങളും ഇന്ത്യയ്ക്ക് ഇതെന്ത് പറ്റിയെന്ന് ചോദിക്കുകയാണ്. ലോകത്തെ ഇന്ത്യ വിസ്മയിപ്പിച്ചത് മതത്തിന്റെ പേരിൽ നടക്കുന്ന, വർഗ്ഗീയതയുടെ പേരിൽ നടക്കുന്ന അക്രമങ്ങളുടെ പേരിൽ ആയിരുന്നില്ല. ആ വൈവിദ്ധ്യങ്ങൾക്ക് നടുവിലും ഒരുമിച്ച് ജീവിക്കാൻ കഴിഞ്ഞതിലൂടെ ലോകത്തെ വിസ്മയിപ്പിച്ച ഇന്ത്യാരാജ്യം ഇന്ന് അതിന്റെ ഭരണഘടനയിൽ, മതം ഈ രാജ്യത്തിന്റെ പൗരത്വത്തിന് ഒരു മാനദണ്ഡമാകുന്ന നാണംകെട്ട അവസ്ഥയിലേയ്ക്ക് തള്ളിവിട്ടവർക്കെതിരെ ഈ നാട്ടിൽ ഒന്നാകെ പ്രതിഷേധം ഉയരുകയാണ്. ബീഹാറിൽ മരിച്ച കോൺഗ്രസ് നേതാവ് രാഗേഷ് കുമാർ യാദവ് ഉൾപ്പെടെ ഉത്തർപ്രദേശിൽ

കൊല്ലപ്പെട്ട പത്തിരുപത്തിരണ്ട് മനുഷ്യ ജീവനുകൾ, മംഗലാപുരത്തും ലക്നൗവിലും ഡൽഹിയിലുമെല്ലാം കൊല്ലപ്പെട്ടവർ അവരുടെ വീട്ടിൽനിന്നും കുടിയിറക്കപ്പെടുമോയെന്ന ഭയത്തിലായിരുന്നില്ല ഈ പോരാട്ടത്തിനിറങ്ങിയത്. മറിച്ച് രാജ്യത്തിന്റെ ഭരണഘടനയെ സംരക്ഷിക്കാൻ, രാജ്യത്തിലെ ജനങ്ങളെ സംരക്ഷിക്കാനുള്ള പോരാട്ടത്തിലാണ് അവരെല്ലാം വീരചരമം പ്രാപിച്ചത്. ഇന്ത്യയിലെ സർവ്വകലാശാലകളെ ഫാസിസ്റ്റ് ഗവൺമെന്റ് ഉന്നം വയ്ക്കുന്നത് നമുക്ക് ഇതിന് മുമ്പും വാർത്തകളാണ്. അതിന്റെ കാരണമെന്താണെന്ന് ഇപ്പോൾ രാജ്യത്തിനുതന്നെ ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ജാതിയും മതവും നോക്കാതെ ഇന്ത്യയുടെ തെരുവുകളിലേയ്ക്ക് അധികാരത്തോട് വിരൽ ചൂണ്ടി സംസാരിക്കാനിറങ്ങിയ, പോരാടാനിറങ്ങിയ ഇന്ത്യയുടെ വിദ്യാർത്ഥി സമൂഹത്തിന് കേരള നിയമസഭയുടെ ആദരവും അഭിവാദ്യവും ഈ സഭയിൽ അർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാജ്യസ്നേഹികളും കപട രാജ്യസ്നേഹികളും തമ്മിലുള്ള വ്യത്യാസം നമ്മൾ തിരിച്ചറിഞ്ഞതാണ്. അത് രണ്ട് കത്തുകളിലൂടെ ഇന്ത്യയ്ക്ക് ഓർമ്മയുമുള്ളതാണ്. ഒരു കത്ത് പറയുന്നത്, ബ്രിട്ടീഷ് ഗവൺമെന്റിന്റെ പൈതൃക വാതായനങ്ങളിലേയ്ക്കല്ലാതെ

മറ്റെവിടേയ്ക്കാണ് മുടിയനായ പുത്രന് മടങ്ങി വരാനാകുക. ബ്രിട്ടീഷ് ഗവൺമെന്റിന്റെ അപാരമായ ഔദാര്യത്താലും ദയാവായ്പാലും എന്നെ വിട്ടയക്കുകയാണെങ്കിൽ നവോത്ഥാനത്തിന്റെ പരമോന്നതമായ ഇംഗ്ലീഷ് ഗവൺമെന്റിന്റെ ശക്തനായ വക്താവായി ഞാൻ മാറുമെന്ന് കത്തെഴുതി വച്ച വീരസവർക്കറെന്ന് നിങ്ങൾ വിളിക്കുന്ന സവർക്കർ; ഞങ്ങൾ പറയുന്ന വെള്ളക്കാരന്റെ ഷൂ നക്കിയ സവർക്കറുടെ രാജ്യസ്നേഹം പിൻപറ്റുന്നവർ ഞങ്ങളെ രാജ്യസ്നേഹം പഠിപ്പിക്കരുതെന്ന് ഈ നാട്ടിലെ ചെറുപ്പക്കാരും വിദ്യാർത്ഥികളും ഈ സമര രംഗത്ത് ഏർപ്പെടുന്നവരും പറയുന്നു. അതുപോലെതന്നെ മറ്റൊരു കത്തും നമുക്കറിയാം, Having waged war against H.M. King George, The King of England, ഭഗത് സിംഗിന്റെ കത്തുകളുടെ വാചകമായ I accept, ഞങ്ങൾ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് പറയുന്നു, We request and hope, that you will very kindly order the military department to send its detachment to perform our execution, ഞങ്ങളെ തൂക്കി കൊല്ലുന്നതിന് പകരം നിങ്ങളുടെ ബ്രിട്ടീഷ് ഡിപ്പാർട്ടുമെന്റിന്റെ പട്ടാളം വന്ന് ഞങ്ങളെ വെടിവച്ച് കൊന്നാലും ഈ യുദ്ധം ഇന്ത്യയിൽ തുടരുമെന്ന് പ്രഖ്യാപിച്ച ഭഗത്സിംഗ് അയച്ച കത്തും ഇന്ത്യയുടെ

ചരിത്രത്തിലുണ്ട്. അതുകൊണ്ട് അവർ നമ്മളെ രാജ്യസ്നേഹം പഠിപ്പിക്കേണ്ട. പ്രധാനമന്ത്രിയായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇരുന്നതിന്റെ കണക്കുകളായിരിക്കും ഒരുപക്ഷേ ഈ സംഘികൾ നമ്മളോട് പറയുന്നത്. 3259 ദിവസം ഇന്ത്യയുടെ ജയിലുകളിൽ ഈ നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മാപ്പും കോപ്പും എഴുതി കൊടുക്കാതെ ഈ നാടിനുവേണ്ടി കിടന്നിട്ടുണ്ടെങ്കിൽ, ഇപ്പോൾ അഭിനവ രാജ്യസ്നേഹികളായ ആളുകൾ പ്രതിഷേധത്തെ രാജ്യദ്രോഹ കുറ്റമായി കാണുന്ന അവസ്ഥയിലേയ്ക്ക് മാറുന്നത് ഫാസിസത്തിന്റെ മറ്റൊരു അടവും അടയാളപ്പെടുത്തലുംതന്നെയാണ്. ഈ രാജ്യത്തെ ജനങ്ങളെ കീറി മുറിക്കാനുള്ള ശ്രമങ്ങൾക്കെതിരെ, രാഷ്ട്രീയമായ നിലപാടുകൾക്കെതിരെ, ഗവൺമെന്റിന്റെ ചെയ്തികൾക്കെതിരെ, ഏറ്റവും ഒടുവിൽ ഭരണഘടന എന്ന നമ്മുടെ ആത്മാവിൽപ്പോലും വർഗ്ഗീയത കലർത്താനുള്ള ഈ ശ്രമങ്ങൾ മറ്റെല്ലാം മറന്ന് നമ്മൾ ചെറുത്തേ പറ്റൂ. അതിന് പിന്തുണ പ്രഖ്യാപിക്കുന്നവർ ഇവിടെയുമുണ്ട്. ഇപ്പോൾ ഗവർണർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ, ഈ നാട്ടിലെ ജനങ്ങൾ ഒന്നടങ്കം പറയുന്നത് ഇന്ത്യയെ മറ്റൊരു പാകിസ്ഥാനാക്കി നരേന്ദ്ര മോദിയും അമിത്

ഷായും മാറ്റാൻ ശ്രമിക്കുകയാണ് എന്നാണ്. അവിടത്തെ ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന പാകിസ്ഥാന്റെ നയങ്ങൾ ഇന്ത്യയുടെ മണ്ണിൽ ആവർത്തിക്കാൻ ശ്രമം നടക്കുകയാണ്. ഇവിടെ അതിനെ പിന്തുണയ്ക്കുന്ന ആളുകൾ.... ഗവർണറെ സംബന്ധിച്ച് യു.പി.-യിലെ അബ്ദുള്ള കുട്ടിയാണെന്ന് ഒരു ചാനൽ ചർച്ചയിൽ പറയുന്നത് കേട്ടു. പല പാർട്ടികളിൽനിന്നും മാറി,, ഈ പറയുന്ന വിവേചനത്തിന് കുടപിടിക്കുന്ന തരത്തിലുള്ള ഏർപ്പാടുകൾ. ചോദ്യം ചെയ്യുന്ന ചരിത്രകാരൻമാരെപ്പോലും രാമചന്ദ്ര ഗുഹ, ഇർഫാൻ ഹബീബിനെപ്പോലെയുള്ള ആളുകളെ ഈ നാട്ടിൽ ഇവർ ഭയപ്പെടുന്ന അവസ്ഥയിലേയ്ക്ക് മാറുന്നു. ഇന്ത്യയുടെ സൈനിക മേധാവി, ആ സൈനിക മേധാവി രാഷ്ട്രീയത്തിൽ വന്ന് അഭിപ്രായം പറയുന്നു. ഇതൊന്നും ഇന്ത്യയിൽ ഇതിനുമുമ്പ് നമ്മൾ ശീലിച്ചിട്ടില്ലാത്ത കാര്യങ്ങളാണ്. ഇതും നമ്മൾ കണ്ടിട്ടുള്ളത് പാകിസ്ഥാനിലാണ്. സൈനിക മേധാവി രാഷ്ട്രീയത്തിൽ ഇടപെട്ട് സംസാരിക്കുന്ന അവസ്ഥയും നമ്മൾ കണ്ടിട്ടുള്ളത് പാകിസ്ഥാനിലാണ്. ഇന്ത്യയെ മതത്തിന്റെ പേരിൽ ഒരു രാഷ്ട്രമാക്കി മാറ്റാൻ ശ്രമിക്കുമ്പോൾ ഈ നാടിന്റെ ഐക്യത്തെ സ്വപ്നം കണ്ട് ദീർഘവീക്ഷണപരമായി ഈ നാടിന്റെ ഭരണഘടന ഉണ്ടാക്കി വച്ച ആളുകൾ

നമ്മളോട് പറയുന്നുണ്ട്, The state has no religion, രാജ്യത്തിന് മതമില്ല. എല്ലാ മതങ്ങളിലുംപെട്ട ആളുകൾക്ക് ജീവിക്കാനും അവരുടെ വിശ്വാസത്തിൽ പിന്തുടരാനും അവരുടെ ഭാഷ സംസാരിക്കാനും അവരുടെ വേഷമണിയാനും അവരുടെ ഭക്ഷണം കഴിക്കാനും സ്വാതന്ത്ര്യം നൽകിയിരുന്ന ഇന്ത്യയുടെ മണ്ണിനെ ഇങ്ങനെ വിവേചനത്തിന്റെ മണ്ണാക്കി മാറ്റാൻ ശ്രമിക്കുന്നവർ ഗാന്ധിജിയുടെയോ നെഹ്റുവിന്റെയോ പിൻമുറക്കാരല്ല. അവർ മുഹമ്മദാലി ജിന്നയുടെ പിൻമുറക്കാരാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ വിവേചനം ഒരു കഷണം ഭൂമിക്കുവേണ്ടി മുഹമ്മദാലി ജിന്ന നടത്തിയതിനേക്കാൾ വലിയ വിവേചനമായി മാറുന്നത് ഇന്ത്യയിലെ ജനങ്ങളുടെ മനസ്സിൽ ഇവർ വിവേചനം തീർക്കാൻ ശ്രമിക്കുന്നതുകൊണ്ടുതന്നെയാണ്. അതിനെ നമുക്ക് ചെറുത്തേപറ്റൂ, അതിനെതിരായ പോരാട്ടം നമുക്ക് നയിച്ചേ പറ്റൂ. ആ പോരാട്ടത്തിൽ ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നമ്മുടെ പോലീസിന്റെ ക്ലറും നാഗ്പൂരിൽ അല്ല എന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത അങ്ങേയ്ക്കുണ്ട് എന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. യു.എ.പി.എ.-യും എൻ.ഐ.എ.-യും ഉൾപ്പെടെയുള്ള നിയമങ്ങൾ അനാവശ്യമായി ഇവിടെ

വലിച്ചിഴയ്ക്കപ്പെടുന്ന സാഹചര്യങ്ങളെ തടയിടാൻ അങ്ങയുടെ ഗവൺമെന്റിനും അങ്ങേയ്ക്കും കഴിയേണ്ടതുണ്ടെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ നാടിന്റെ ഐക്യത്തെ തകർക്കുന്ന ആളുകൾ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് നിർത്തുന്നതാണ്... ഇറാനിലെ ഹിജാബ് ധരിക്കാത്തതിന്റെ പേരിൽ അവിടത്തെ ഭരണകൂടത്തിന്റെ സങ്കുചിതമായ നിലപാടിനെതിരെ പ്രതികരിച്ച ഒരു പ്രശസ്ത സിനിമ നടിയാണ് ഫാത്തിമാ മൊത്മദ് ആര്യ. അവർ ഇറാനെപ്പറ്റി ആവേശത്തോടെ പറയുമ്പോൾ ലേഖകൻ ചോദിക്കുന്നുണ്ട്, ഇത്രയും സങ്കുചിതത്തോടെ ചിന്തിക്കുന്ന നാടിനെപ്പറ്റി നിങ്ങൾ എങ്ങനെയാണ് ആവേശത്തോടെ പറയുന്നത്? ആ ചോദ്യത്തിന് അവർ പറയുന്ന ഒരു മറുപടിയുണ്ട്, രാഷ്ട്രമെന്നാൽ ജനതയാണ്. ഇന്ത്യയെന്നാൽ നരേന്ദ്ര മോദിയും അമിത് ഷായുമല്ല; ഇന്ത്യയെന്നാൽ ഇന്ത്യയിലെ കോടാനുകോടി ജനങ്ങളാണെന്ന് ഈ ദിവസങ്ങളിൽ അവർക്ക് ബോധ്യം വരും. ഇന്ത്യയിലെ ജനങ്ങളെ കീറി മുറിക്കാനുള്ള നീക്കത്തിനെതിരെ നടത്തുന്ന ഈ പ്രമേയത്തിന് എന്റെ പിന്തുണ ഞാൻ പ്രഖ്യാപിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, എനിക്ക് ഒരു മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. എല്ലാവരുടെയും ആക്ഷേപങ്ങൾ കേട്ടുകഴിഞ്ഞു. അതിനെക്കുറിച്ചൊന്നും പരാമർശിക്കാൻ സമയം ലഭിക്കില്ല. ഒരു കാര്യമേ ഞാൻ പറയാനാഗ്രഹിക്കുന്നുള്ളൂ. രാഷ്ട്രീയവും രാഷ്ട്രവും രണ്ടും രണ്ടാണ്. രാഷ്ട്രീയത്തിന്റെ താൽക്കാലിക ലാഭം നോക്കി കുറെ അർദ്ധസത്യങ്ങളും പൂർണ്ണസത്യവും എല്ലാംകൂടി ചേർന്ന് പറയാൻവേണ്ടി ചിലപ്പോൾ ചിലയാളുകൾ ശ്രമിക്കാറുണ്ട്. പക്ഷേ രാഷ്ട്രത്തിന്റെ കാര്യത്തെക്കുറിച്ച് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ഈ രാഷ്ട്രത്തെ എങ്ങനെ രക്ഷിക്കണമെന്ന് ആരും പറയുന്നില്ല. ഇന്ന മതക്കാരേ പാടുള്ളൂ, ഇന്ന മതക്കാർക്കേ ഇന്ന അവകാശം ഉണ്ടാകാൻ പാടുള്ളൂ എന്നിവിടെ ആരും പറഞ്ഞിട്ടില്ല. മുസ്ലീംങ്ങൾക്ക് എതിരായിട്ടുള്ള കാര്യമാണെന്ന് ഇവിടെ പറയുന്നു. മുസ്ലീമായ ഡോ. എ.പി.ജെ. അബ്ദുൽ കലാമിനെ രാഷ്ട്രപതിയാക്കിയത് ബി.ജെ.പി.യാണ് എന്നുള്ള കാര്യം ഇവർ ഓർക്കേണ്ടതാണ്. (...ബഹളം...)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കു. അദ്ദേഹം സംസാരിക്കട്ടെ. നിങ്ങൾക്ക് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മറുപടി പറയാം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, വാസ്തവത്തിൽ ഇവിടത്തെ പ്രശ്നമെന്താണ്? ദൂരെനിന്ന് നമ്മുടെ നാട്ടിലേയ്ക്ക് ധാരാളം കച്ചവടക്കാർ വരുന്നു, ടൂറിസ്റ്റുകൾ വരുന്നു, അങ്ങനെ പലതരത്തിൽ ആളുകൾ വരുന്നു, വരണം. പരമ്പരാഗതമായി മുൻപും വന്നിട്ടുള്ളതാണ്. വരേണ്ടത് ആവശ്യമാണ്, ഇനിയും വരും. പക്ഷേ അവർക്കൊന്നും അധികാരമില്ല. പൗരത്വമെന്ന് പറഞ്ഞാൽ അതൊരു അധികാരം കൊടുക്കലാണ്. ജാതിക്കും മതത്തിനുമെല്ലാം അതീതമായി നമ്മുടെ നാട്ടിൽ ജീവിക്കുകയും ഈ രാജ്യത്തെ സ്നേഹിക്കുകയും ഈ നാടിന്റെ സംസ്കാരത്തിൽ അഭിമാനംകൊള്ളുന്നവരൊക്കെത്തന്നെ പൗരൻമാർ തന്നെയാണ്. അക്കാര്യത്തിൽ ആർക്കാണ് വിരോധമുള്ളത്; ഇന്നയാൾക്ക് കൊടുക്കണം, ഇന്ന മതക്കാർക്ക് കൊടുക്കാൻ പാടില്ല എന്നൊന്നും ആരും വാദിച്ചിട്ടില്ല. അങ്ങനെ തെറ്റായി വാദിച്ചുവെന്ന് പറഞ്ഞ് അതിന്റെ മുകളിൽ കുതിര കയറാൻവേണ്ടി നടക്കുന്ന ശ്രമങ്ങൾ വൃഥാവിലാണ്.

ഒരു കാര്യം ഓർക്കണം. ഇന്നിപ്പോൾ വീരവാദം പറയുന്ന ആളുകളല്ലേ മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വെട്ടിമുറിച്ചത്? ഈ രാജ്യത്തെ വെട്ടിമുറിക്കാൻ പാടില്ല എന്നുപറഞ്ഞ് അതിനെ തള്ളിമാറ്റിക്കൊണ്ട്

മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രാജ്യത്തെ വിഭജിച്ചില്ലേ; (...ബഹളം...). എന്നിട്ടാണിപ്പോൾ വലിയ വീരസ്യമൊക്കെ പറയുന്നത്. ബി.ജെ.പി.യെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഭരണഘടന നമുക്കെല്ലാവർക്കും ഒരുപോലെ... ശ്രീ. നരേന്ദ്ര മോദി പറയുന്നതുപോലെ എന്റെ വിശുദ്ധഗ്രന്ഥം ഭരണഘടനയാണ്. ആ ഭരണഘടനയനുസരിച്ചുള്ള കാര്യങ്ങൾ നടക്കണമെന്ന് മാത്രമേ ആഗ്രഹമുള്ളൂ. അതിനെ തെറ്റായ നിലയ്ക്ക് വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് സങ്കുചിതമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടിയാണ്. രാഷ്ട്രത്തിന്റെ നന്മയ്ക്കുവേണ്ടിയല്ല.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, നമ്മുടെ രാഷ്ട്രം ഇന്ന് സമരസാന്ദ്രമായിരിക്കുകയാണ്. ഇന്ത്യയിലെ സർവ്വകലാശാലകളിലും ജനപഥങ്ങളിലും തെരുവുവീഥികളിലുമാകെ തീക്ഷ്ണ സമരത്തിന്റെ തീനാമ്പുകൾ ഉയരുകയാണ്. ഈ രാജ്യത്തെ രക്ഷിക്കണമെന്ന ആവശ്യമാണ് എല്ലാ സമരത്തിലും ഉയർന്നുവന്നിട്ടുള്ളത്. നമ്മുടെ രാജ്യം കേവലമൊരു രാഷ്ട്രം എന്നതിലുപരി ഒരു ആശയമാണ്, സംസ്കാരമാണ്, ലോകത്തിന്റെ മുമ്പാകെ ഒരു സന്ദേശവുമാണ്. ജനാധിപത്യമാണ് ഇന്ത്യ, മതനിരപേക്ഷതയാണ് ഇന്ത്യ, സഹിഷ്ണുതയാണ് ഇന്ത്യ, ഉൾക്കൊള്ളലാണ്

ഇന്ത്യ. ആ ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകളാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കാലത്ത് നമ്മളെല്ലാവരും സംസാരിച്ചത്. നമ്മളെല്ലാം അന്ന് പറഞ്ഞു, ഈ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൗലികമായ രാഷ്ട്രീയ പ്രശ്നം ഇന്ത്യ ആര് ഭരിക്കുമെന്നതല്ല, നാളെയും ഇന്ത്യ നിലനിൽക്കുമോ എന്നതാണ്. അത് ഉൾക്കൊള്ളാൻ നമ്മുടെ രാജ്യത്തെ പല ഭാഗങ്ങളിലുമുള്ളവർക്ക് അന്ന് കഴിയാതെ പോയി. നിർഭാഗ്യവശാൽ ഇന്ത്യയുടെ സംസ്കാരത്തിനും മൗലികമായ ഭാവങ്ങൾക്കും വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നവർ നമ്മുടെ രാജ്യത്ത് അധികാരത്തിൽ വന്നു. അങ്ങനെ അധികാരത്തിൽവന്ന സംഘപരിവാർ നമ്മുടെ മതനിരപേക്ഷ രാജ്യത്തെ മതരാഷ്ട്രമാക്കി മാറ്റാൻ ശ്രമിക്കുകയാണ്. ആർ.എസ്.എസ്.-നെ സംബന്ധിച്ചിടത്തോളം അവരുടെ രാഷ്ട്രീയം മൂടിവയ്ക്കപ്പെട്ടിട്ടുള്ള ഒന്നല്ല. ആർ.എസ്.എസ്.-ൽനിന്ന് ഇങ്ങനെയൊരു നിയമമേ നമുക്ക് പ്രതീക്ഷിക്കാനാകൂ. ആർ.എസ്.എസ്.-ന്റെ രണ്ടാമത്തെ സർസംഘചാലക് ആയ മാധവ സദാശിവ ഗോൾവൽക്കർ ആർ.എസ്.എസ്.-ന്റെ പ്രത്യയശാസ്ത്രവും രാഷ്ട്രീയവും എഴുതി തയ്യാറാക്കിയപ്പോൾ അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ ഇന്ത്യയെ വിശദീകരിച്ചിട്ടുണ്ട്. 'വിചാരധാര' ഇവിടെ

വിശദീകരിക്കാനൊന്നും ഞാൻ സമയമെടുക്കുന്നില്ല. പക്ഷേ 'വിചാരധാര'-യുടെ 19, 20, 21 അദ്ധ്യായങ്ങൾ ഇന്ത്യയുടെ ശത്രുക്കളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ആഭ്യന്തര ഭീഷണികൾ എന്നാണ് ഹെഡ്ഡിംഗ്. മൂന്ന് ആഭ്യന്തര ഭീഷണികളാണ് ഇന്ത്യക്കുള്ളതെന്ന് ആർ.എസ്.എസ്. ചൂണ്ടിക്കാണിക്കുന്നു. പത്തൊൻപതാമത്തെ അദ്ധ്യായം മുസ്ലീങ്ങൾ, ഇരുപതാമത്തെ അദ്ധ്യായം ക്രൈസ്തവർ, ഇരുപത്തിയൊന്നാമത്തെ അദ്ധ്യായം കമ്മ്യൂണിസ്റ്റുകാർ. ഈ മൂന്ന് കൂട്ടരും ഇന്ത്യയുടെ ശത്രുക്കളാണ്, രാജ്യത്തിന്റെ ഭീഷണിയാണ്. അതുകൊണ്ട് ഈ മൂന്ന് കൂട്ടരെയും തുടച്ചുനീക്കണം, ഉന്മൂലനം ചെയ്യണം, കൊന്നൊടുക്കണം, ആട്ടിപ്പായിക്കണം എന്ന ഹിംസാത്മകമായ ആശയത്തെയാണ് രാഷ്ട്രീയ സ്വയംസേവക് സംഘ് അന്നുമുതൽ മുന്നോട്ടുവച്ചിട്ടുള്ളത്. അവർക്കിപ്പോൾ ഇന്ത്യയുടെ പാർലമെന്റിൽ ഭൂരിപക്ഷം ലഭിച്ചിരിക്കുന്നു. അവർക്ക് മേധാവിത്വം കൈവന്നിരിക്കുന്നു. അവർ തങ്ങളുടെ കാഴ്ചപ്പാടനുസരിച്ചുള്ള മതരാഷ്ട്രമാക്കി ഇന്ത്യയെ മാറ്റാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ സുപ്രധാനമായൊരു ചുവടുവയ്പ്പാണ് പൗരത്വ ഭേദഗതി നിയമം.

ഈ നിയമത്തെക്കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ട കാര്യമില്ല.

പൗരത്വത്തിന്റെ മാനദണ്ഡം മതമായി മാറുന്നു എന്നതാണ്. പൗരത്വത്തിന്റെ മാനദണ്ഡം മതമായി മാറിയാൽ അവിടെ മതനിരപേക്ഷത മരിക്കുന്നു എന്നാണർത്ഥം. ഇവിടെ എല്ലാവരും ശരിയായി ചൂണ്ടിക്കാണിച്ചതുപോലെ ഭരണഘടനയെക്കൂടിയാണ് കൊല്ലുന്നത്. ഇന്ത്യയെ കൊല്ലുന്നു, ഇന്ത്യൻ ഭരണഘടനയെ കൊല്ലുന്നു. ഭരണഘടനയുടെ 14-ഉം 15-ഉം അനുച്ഛേദങ്ങളെ ഗളച്ഛേദം ചെയ്തുകൊണ്ടല്ലാതെ ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ സാധിക്കുമോ? പാർലമെന്റിൽ ഭൂരിപക്ഷമുള്ളതുകൊണ്ട് നിങ്ങൾക്ക് തോന്നുന്ന നിയമമുണ്ടാക്കാൻ പറ്റില്ല. കേശവാനന്ദഭാരതി Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിലെ സുപ്രധാനമായ വിധിന്യായമെന്താണ്? ഭേദഗതിയാകാം, പക്ഷേ ഭരണഘടനയുടെ മൗലിക സ്വഭാവത്തെ അട്ടിമറിക്കുന്ന ഒരു ഭേദഗതിയും പാടില്ല എന്നുതന്നെയാണ്. നിങ്ങൾ ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെയാണ് ഇല്ലാതാക്കുന്നത്. പൗരത്വ നിയമത്തെ സംബന്ധിച്ച് ഇപ്പോൾ ഒടുവിൽ സംസാരിച്ച ബഹുമാന്യനായ നേമം നിയോജകമണ്ഡലം എം.എൽ.എ. ചില കാര്യങ്ങൾ പറഞ്ഞു. ഈ പച്ചക്കള്ളമാണ് ഇന്ത്യ മുഴുവൻ പ്രചരിപ്പിക്കുന്നത്. പച്ചക്കള്ളത്തിന്റെ പ്രതലത്തിലല്ലാതെ സംഘപരിവാർ രാഷ്ട്രീയത്തിന്

നിവർന്നുനിൽക്കാനാവില്ല എന്നതാണ് വർത്തമാനകാല ഇന്ത്യ തിരിച്ചറിയുന്നൊരു യാഥാർത്ഥ്യം. പൗരത്വ രജിസ്റ്ററും പൗരത്വ നിയമവും കൂട്ടിവായിക്കുമ്പോഴല്ലേ ചിത്രം വ്യക്തമാകുക. പതിറ്റാണ്ടുകളായി ഇന്ത്യൻ മണ്ണിൽ ജീവിച്ച ഇന്ത്യയുടെ പ്രഥമ പൗരനായി തെരഞ്ഞെടുക്കപ്പെട്ട ഫക്രുദ്ദീൻ അലി അഹമ്മദിന്റെ കുടുംബം എങ്ങനെ പൗരൻമാരല്ലാതെയായി മാറി; കാർഗിലിലിൽ അതിർത്തി കാത്തതിന് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ മെഡൽ വാങ്ങിയ മുഹമ്മദ് സനാവുള്ളഖാൻ എങ്ങനെ ഇന്ത്യൻ പൗരനല്ലാതെയായി മാറി; ഇന്ത്യൻ സൈന്യത്തിൽ വിശിഷ്ടസേവനം നടത്തിയ മുഹമ്മദ് അസ്മൽ ഹഖ് എങ്ങനെ ഇന്ത്യൻ പൗരനല്ലാതെയായി മാറി? നിങ്ങൾ ഇതിനെല്ലാം മറുപടി പറയേണ്ടതല്ലേ? ബോധപൂർവ്വം ഈ രാജ്യത്തെ ഗണ്യമായ ഒരു ജനവിഭാഗത്തെ ആട്ടിയോടിക്കാൻ, തടങ്കൽപാളയത്തിലേയ്ക്ക് ആനയിക്കാൻ കൊണ്ടുവന്ന നിയമമാണിത്. ബഹുമാനപ്പെട്ട നേമം അംഗത്തിന് ഈ തൊണ്ണൂറാമത്തെ വയസ്സിലെങ്കിലും മനുഷ്യത്വത്തിന്റെ സ്പർശമുള്ള ഒരു വാക്കിവിടെ പറയാൻ സാധിക്കാതെ പോകുന്നുവെങ്കിൽ അങ്ങയുടെ രാഷ്ട്രീയം എത്രമാത്രം മലീമസവും ഹിംസാത്മകവുമാണെന്ന് ഞങ്ങൾ ഭയത്തോടുകൂടി തിരിച്ചറിയുകയാണ്.

ഇവിടെ ജീവിക്കുന്നവരോട് രേഖ ചോദിക്കുന്നു. പതിറ്റാണ്ടുകളായി, തലമുറകളായി ഈ മണ്ണിൽ ജീവിക്കുന്നവരോട് പൗരത്വം തെളിയിക്കാൻ രേഖ ചോദിക്കാൻ നിങ്ങൾക്ക് എന്ത് അവകാശം; ഈ രാജ്യത്തിന്റെ സൃഷ്ടിയിൽ നിങ്ങൾക്ക് എന്താണ് പങ്ക്? ഞങ്ങളുടെ പൂർവ്വികർ സൃഷ്ടിച്ചതാണ് ഇന്ത്യ. അവർ പടപൊരുതി സൃഷ്ടിച്ചതാണ് ഇന്ത്യ. അന്ന് നിങ്ങളുടെ പിതാക്കൻമാർ ബ്രിട്ടന്റെ ഒറ്റുകാരായി ഈ മണ്ണിൽ നിൽക്കുകയായിരുന്നു. ആ ഒറ്റുകാർക്ക് നിർഭാഗ്യവശാൽ ഇന്ന് ഭരണാധികാരം കിട്ടി എന്നതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾക്ക് മരണവാറണ്ടൊരുക്കാൻ ഒരവകാശവുമില്ല. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രം നമ്മെ പഠിപ്പിക്കുന്നതെന്താണ്; മതപരമായ സമരമാണോ ഇവിടെ നടന്നത്; എല്ലാ മതവിഭാഗത്തിലുംപെട്ടവർ ഇന്ത്യ എന്ന ഒരേ ആശയത്തിനുവേണ്ടി മതനിരപേക്ഷമായി അണിനിരന്ന സമരമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം. എല്ലാ മതവിഭാഗത്തിലുംപെട്ട വീരശൂര പരാക്രമികളായ എത്രയെത്ര രക്തസാക്ഷികൾ ഇവിടെയുണ്ട്. കേരളത്തിൽ എത്ര അനുഭവങ്ങളുണ്ട്. മുസ്ലീം ജനവിഭാഗത്തെ ആകമാനം തുടച്ചുനീക്കാനും ആട്ടിപ്പായിക്കാനും ലക്ഷ്യംവയ്ക്കുന്ന ഈ നിയമം തയ്യാറാക്കുമ്പോൾ നിങ്ങൾ മലബാറിലെ

സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുടെ ചരിത്രം പരിശോധിച്ചിട്ടുണ്ടോ; എത്രയെത്ര അനുഭവങ്ങളാണ് അവിടെയുള്ളത്? 1852-ൽ ബ്രിട്ടൻ നാടുകടത്തിയ സയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ പേര് നിങ്ങൾ കേട്ടിട്ടുണ്ടോ? നിങ്ങൾ മമ്പുറം എന്നൊരു നാടിനെക്കുറിച്ചറിയുമോ? വാഴക്കാടിനടുത്ത് കൊന്നാര് എന്നൊരു ഗ്രാമമുണ്ട്, ആ കൊന്നാര് മഖാം, ഇന്നും ചരിത്ര സ്മാരകമായി നിലനിൽക്കുന്നു. മുസ്ലീം ദേവാലയമായിരുന്നു, ബ്രിട്ടൻ വെടിവച്ച് തകർത്തതാണ്. അന്നത്തെ സ്വാതന്ത്ര്യസമരത്തിന്റെ കേന്ദ്രം അതായിരുന്നു. ഇന്നും അതുവഴി കടന്നുപോകുമ്പോൾ കൊന്നാറ മഖാമിന്റെ വാതായനങ്ങളിൽ പതിഞ്ഞിട്ടുള്ള നീക്കംചെയ്യാത്ത വെടിയുണ്ടകൾ നിങ്ങൾ കാണണം. അവിടെ നിന്നും ബ്രിട്ടൻ ബലം പ്രയോഗിച്ച് അറസ്റ്റുചെയ്ത സയ്യിദ് മുഹമ്മദ് കോയ തങ്ങളെ കോയമ്പത്തൂരിൽ കൊണ്ടുപോയി തൂക്കിലേറ്റുകയാണ് ചെയ്തത്. നിങ്ങൾക്ക് വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെന്നൊരു പേര് അറിയുമോ? ബ്രിട്ടന്റെ സൈനികാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് സ്വന്തമായി ഒരു രാഷ്ട്രം സ്ഥാപിച്ച ആളായിരുന്നു. തന്റെ റിപ്പബ്ലിക്കിന് അദ്ദേഹമിട്ട പേര് മലയാള രാജ്യം എന്നായിരുന്നു. ബലം പ്രയോഗിച്ച് ബ്രിട്ടൻ അദ്ദേഹത്തെ കീഴ്പ്പെടുത്തി മൃഗീയമായ

മർദ്ദനത്തിലൂടെ പരിണതപ്രജ്ഞനാക്കി, മീശയിലെ ഓരോ രോമവും പിഴുതെടുത്ത്, ബയണറ്റുകൊണ്ട് കുത്തി, അവസാനം ഒരു ഓഫർ മുന്നോട്ടുവച്ചു. നിങ്ങൾ മാപ്പ് അപേക്ഷ എഴുതിത്തന്നാൽ, നിങ്ങൾ സ്വാതന്ത്ര്യസമരം അവസാനിപ്പിച്ചാൽ, നിങ്ങൾക്ക് മക്കയിൽ സുഖമായി ജീവിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിത്തരാം എന്നാണ് ബ്രിട്ടീഷ് സൈനിക മേധാവികൾ അദ്ദേഹത്തോട് പറഞ്ഞത്. ആ ഓഫറിന്റെ മുൻപിൽ മൃതപ്രായനെങ്കിലും പുഞ്ചിരിമായാത്ത മുഖവുമായി വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി മറുപടി പറഞ്ഞുവത്രെ. മക്ക എനിക്ക് ഇഷ്ടമാണ്, പക്ഷെ നിങ്ങൾ അറിയണം, ഞാൻ പിറന്നുവീണത് മക്കയിലല്ല, സമരപോരാട്ടങ്ങളുടെ വീരേതിഹാസങ്ങൾ ഉറങ്ങുന്ന ഏറനാടിന്റെ മണ്ണിലാണ്, ഈ മണ്ണിൽ ഞാൻ മരിച്ചു വീഴും, ഈ മണ്ണിൽ ഞാൻ ലയിച്ചുചേരും, ഈ വാക്കാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തെ വധശിക്ഷക്ക് വിധിച്ചു. വിധികേട്ടയുടനെ അദ്ദേഹം പറഞ്ഞു, പിറന്ന നാടിനുവേണ്ടി രക്തസാക്ഷിയാകാൻ എനിക്കൊരു അവസരം കൈവന്നിരിക്കുന്നു. ഇതിന് രണ്ട് റക്കായത്ത് നമസ്കരിച്ച് ദൈവത്തോടുള്ള നന്ദി പ്രകാശിപ്പിക്കാൻ എനിക്ക് സമയം തരണമെന്നാണ് അദ്ദേഹം

പറഞ്ഞത്. അദ്ദേഹത്തിന്റെ അന്തിമാഭിലാഷപ്രകാരം മുന്നിൽ നിന്ന് വെടിവച്ചാണ് അദ്ദേഹത്തെ കൊന്നത്. അന്ന് പുറകിൽനിന്ന് കണ്ണുകെട്ടിയാണ് വെടിവച്ച് ആളുകളെ കൊന്നിരുന്നത്. അവസാനത്തെ ആഗ്രഹം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, നിങ്ങൾ എന്റെ കണ്ണുകൾ മൂടിക്കെട്ടരുത്, നിങ്ങൾ എന്നെ മുന്നിൽ നിന്ന് വെടിവയ്ക്കണം. അങ്ങനെ പറഞ്ഞ ധീരന്മാരുടെ നാടാണിത്. ആലിമുസ്ലിയാരുടെ നാടാണിത്. ഇന്ത്യയിൽ ആകെ ഒരിടത്ത് മാത്രമേ ബ്രിട്ടീഷ് പട്ടാളവുമായി സിവിലിയന്മാർ നേർക്കുനേർ ഏറ്റുമുട്ടിയിട്ടുണ്ട്. അത് ഇന്നത്തെ മലപ്പുറം ജില്ലയിൽ ഉൾപ്പെടുന്ന പൂക്കോട്ടൂരിന്റെ മണ്ണിലാണ്. ഇന്നും അവിടെ യുദ്ധസ്മാരകമുണ്ട്, ബ്രിട്ടീഷ് പട്ടാളത്തെ തോൽപ്പിച്ചവരാണ് ഏറനാട്ടിലെ മാപ്പിളമാർ. ആ പ്രൗഢഗംഭീരമായ ഭൂതകാലം നിലനിൽക്കുമ്പോഴാണ് നിങ്ങൾ ഒരു ജനതയെ ആകമാനം സംശയത്തിന്റെ നിഴലിൽനിർത്തി തുടച്ചുനീക്കാനുള്ള സമീപനം സ്വീകരിക്കുന്നത്. 1935-ലെ ഹിറ്റ്ലറുടെ ന്യൂറംബർഗ്ഗ് നിയമത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, ജൂതന്മാർക്കെതിരെ ഹിറ്റ്ലർ ആ പൗരത്വ നിയമം പാസ്സാക്കി, തടങ്കൽപ്പാളയങ്ങൾ ഉണ്ടാക്കി, ദശലക്ഷക്കണക്കിന് ജൂതന്മാരെ കൊന്ന് പത്താംകൊല്ലം ഹിറ്റ്ലർക്ക്

ആത്മഹത്യ ചെയ്യേണ്ടിവന്നു. അതാണ് ചരിത്രം. ലക്ഷക്കണക്കിന് മനുഷ്യരെ കൊലപ്പെടുത്തിയ കുപ്രസിദ്ധമായ ഓഷ് വിറ്റ്സിലെ തടങ്കൽപ്പാളയത്തിലെ കോൺസെൻട്രേഷൻ ക്യാമ്പ്. ആ ക്യാമ്പ് പിന്നീട് മ്യൂസിയമായി മാറിയപ്പോൾ ആ മ്യൂസിയത്തിന്റെ മുൻപിൽ വലിയ അക്ഷരങ്ങളിൽ എഴുതിവച്ചുവത്രേ, "ചരിത്രം മറക്കുന്നവരെ ചരിത്രം ശിക്ഷിക്കുകതന്നെ ചെയ്യും". ഈ കാലഘട്ടം ശ്രീ. നരേന്ദ്ര മോദിയോടും സർക്കാരിനോടും ഓർമ്മിപ്പിക്കുന്നത് അതാണ്. "ചരിത്രം മറക്കുന്നവരെ, ചരിത്രം ശിക്ഷിക്കും" അക്കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. അഭയാർത്ഥികളെ സ്വീകരിക്കുന്നത് അവരുടെ മതം നോക്കിയാകരുത്, മനുഷ്യത്വം നോക്കിയാകണം. ലോകം മുഴുവൻ ഇന്നതാണ്, മനുഷ്യത്വ പ്രചോദിതമായ സമീപനങ്ങളാണ് വിവേകശാലികളായ ഭരണാധികാരികളെല്ലാം സ്വീകരിക്കുന്നത്. ഈ നിയമം ലോകത്തിന്റെ മുൻപിൽ ഇന്ത്യയെ നാണംകെടുത്തും, ഇന്ത്യയെ ഒറ്റപ്പെടുത്തും. സൗദിയിലെ രാജാവ് ഇപ്പോൾ ലോകരാഷ്ട്രങ്ങളുടെ സമ്മേളനം വിളിച്ചുചേർക്കുന്നു. ദശലക്ഷക്കണക്കിന് വരുന്ന ഇന്ത്യാക്കാർ ജോലി തേടിപ്പോകുന്നത് മദ്ധ്യേഷ്യൻ രാജ്യങ്ങളിലും മറ്റ് വിദേശ

രാജ്യങ്ങളിലുമാണ്. നമ്മെ എല്ലാത്തരത്തിലും ദോഷകരമായി ബാധിക്കുന്ന ഒരു അന്തരീക്ഷം സാർവ്വദേശീയ രംഗത്തുണ്ടാകുന്നുവെന്ന് നമ്മൾ കണ്ടുകൊള്ളണം. അവസാനമായി എനിക്ക് സൂചിപ്പിക്കാനുള്ളത്, 30-ഓളം മനുഷ്യർ ഇതിനോടകം ജീവൻ നൽകിയ, രക്തസാക്ഷിത്വംവരിച്ച ഐതിഹാസികമായ ഈ സമരം നമ്മുടെ രാജ്യത്തെ രക്ഷിക്കാനുള്ളതാണ്. മുസ്ലീംങ്ങളെ തുടച്ചുനീക്കുന്നതിനാണ് ഈ നിയമം ഇപ്പോൾ വെളിപ്പെട്ടിട്ടുള്ളതെങ്കിലും ഇതൊരു മുസ്ലീം പ്രശ്നമല്ല. എന്തുകൊണ്ടല്ല? ഇതൊരു തുടക്കമാണ്. നാളെ ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും വിയോജിപ്പുള്ളവർക്കുമെല്ലാം എതിരായി വരുന്ന ഭരണകൂട നീക്കത്തിന്റെ തുടക്കമാണിത്. ഇത് മുസ്ലീം പ്രശ്നമല്ല, മുസ്ലീം പ്രശ്നം മാത്രമല്ല, ഇത് ഇന്ത്യയുടെ പ്രശ്നമാണ്, മതനിരപേക്ഷതയുടെ പ്രശ്നമാണ്. ആ അർത്ഥത്തിൽ ഇതിനെ കാണാൻ നമ്മൾ തയ്യാറാകണം. പ്രത്യേകമായി ഞാൻ ഊന്നിപ്പറയുന്നത്, ഇതിനെ സംഘപരിവാറിന്റേതുപോലെതന്നെ മറ്റൊരു കളറിലുള്ള രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രചരണം നടത്തുന്ന വിഭാഗങ്ങളുണ്ട്. അവരുടെ കയ്യിലല്ല ഈ സമരം പോകേണ്ടത്, ഇത് മതനിരപേക്ഷമായി സംഘടിപ്പിക്കേണ്ട സമരമാണ്. മതരാഷ്ട്ര

വാദത്തെയാണ് എതിർക്കുന്നത്. ആർ.എസ്.എസ്. മതരാഷ്ട്ര വാദമുയർത്തിയാലും ജമാ-അത്തെ ഇസ്ലാമി മതരാഷ്ട്ര വാദമുയർത്തിയാലും രണ്ടിനേയും എതിർത്ത് മനുഷ്യന്റെ റിപ്പബ്ലിക്കാണ് ഉണ്ടാകേണ്ടതെന്ന് പറയാനുള്ള കരുത്ത് നമുക്കുണ്ടാകണം. ഹിന്ദുവായ മൗദൂദിയാണ് ഗോൾവാക്കർ എന്നോർക്കണം, മുസ്ലീമായ ഗോൾവാക്കറാണ് മൗദൂദി എന്നോർത്തോളണം. ഇത് രണ്ടും മനുഷ്യത്വത്തിനും മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും എതിരാണ്. എല്ലാ മതനിരപേക്ഷ മനുഷ്യരും ഒരുമിച്ച് കൈകോർത്തുപിടിച്ച്, മനുഷ്യത്വത്തിന്റെ ആശയങ്ങളുണർത്തി ഈ പ്രതിലോമപരമായ നിയമത്തെ പ്രതിരോധിക്കേണ്ടതുണ്ട്. നാം സമരം ചെയ്യുന്നത് ഈ രാജ്യത്തെ കൊല്ലുന്ന ശക്തികൾക്കെതിരെയാണ്, രാജ്യ വിരുദ്ധരായ കേന്ദ്ര ഗവൺമെന്റിനെതിരെയാണ്. ആ സമരത്തിന്റെ പതാക ദേശീയ പതാകയാണ്, നമുക്ക് ഒരുമിച്ച് നിൽക്കാനാകണം, ഇന്ത്യയെ രക്ഷിക്കാനാകണം. ഈ നിയമത്തിനെതിരായി, ഈ നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തെ സർവ്വാത്മനാ പിൻതുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഒരു പരിഷ്കൃത ജനാധിപത്യരാജ്യത്തിന് യോജിക്കാത്ത ഒരു നിയമം ഇന്ത്യയുടെ പാർലമെന്റിൽ പാസ്സാക്കിക്കൊണ്ട്, ഇന്ത്യൻ ഭരണഘടനയുടെ അന്ത:സത്ത നശിപ്പിച്ച ദിനങ്ങളാണ് ഈ രാജ്യത്ത് കടന്നുപോകുന്നത്. ഇതിൽ പ്രതിഷേധിക്കുന്നതിൽ കേരളത്തിന്റെ നിയമസഭ ഐകകണ്ഠേനയെടുത്ത ഈ തീരുമാനം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്ത ഈ തീരുമാനം, അഭിനന്ദനം അർഹിക്കുന്നതാണ്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ ഏറ്റവും വലിയ മൂല്യമെന്ന് പറയുന്നത് അതിന്റെ അടിത്തറയെന്ന് പറയുന്ന മതേതരത്വമാണ്. നമ്മുടെ രാജ്യത്ത് ജീവിക്കുന്നവർ ഏത് സമുദായത്തിൽപ്പെട്ടവരായാലും അവരെല്ലാവരും ഈ രാജ്യത്തെ സ്നേഹിക്കുന്നവരാണ്. ഇന്ത്യ പാക്കിസ്ഥാനും ഇന്ത്യയുമായി വിഭജിക്കപ്പെട്ടപ്പോൾ ഇന്ത്യയിൽ ജീവിക്കുന്ന മുസ്ലീംങ്ങൾ ഞങ്ങൾ ഈ ഭാരതത്തെ സ്നേഹിച്ച് ഈ മണ്ണിൽ ജീവിക്കുന്നു, ജനിച്ച് വളർന്ന മണ്ണിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവരാണെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടാണ് അവർ സ്നേഹത്തോടെ ഈ രാജ്യത്തെ വാരിപ്പുണർന്നതും പുൽകിയതും. അതെല്ലാം മറന്നുകൊണ്ട് ഇന്ന് രാജ്യത്ത് ആദ്യമായി ഒരു നിയമം പാസ്സാക്കുന്നു.

അതിൽ പ്രത്യേകം ഒരു മതവിഭാഗത്തെ ഒഴിവാക്കി മുന്നോട്ടുപോകുന്ന കാഴ്ചയാണ്. ഇന്ന് രണ്ട് പ്രമേയങ്ങൾ, ഇതിനു മുൻപ് മുഖ്യമന്ത്രി മറ്റൊരു പ്രമേയവും കൂടി അവതരിപ്പിച്ചു. നമ്മൾ മനസ്സിലാക്കണം, ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയുടെ പ്രാതിനിധ്യം പാർലമെന്റിലും അസംബ്ലിയിലും എടുത്തുകളയുന്ന ഒരു നടപടി, വളരെ നിസ്സാരവൽക്കരിച്ചുകൊണ്ട് എടുത്തുകളയുന്ന നടപടി, അത് ചൂണ്ടിക്കാണിക്കുന്നത് ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്ക് ശ്രീ. നരേന്ദ്ര മോദിയുടെ ഭരണത്തിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നുവെന്നുള്ളതാണ്. ഈ വേലയൊക്കെ കാണിക്കുമ്പോഴും ഈ പ്രതിഷേധങ്ങളെ അക്രമസമരങ്ങളാക്കി മാറ്റി അതിനെ പട്ടാളത്തെയും പോലീസിനെയും വച്ച് നേരിടുമ്പോഴും അവർ ഉദ്ദേശിക്കുന്നത് ഗുജറാത്തിലെ കലാപം ഇന്ത്യയിൽ ആവർത്തിക്കാൻ കഴിയുമോയെന്നാണ്. അതിലെ രാഷ്ട്രീയ മുതലെടുപ്പാണ് ആർ.എസ്.എസ്-ന്റെയും സംഘപരിവാറിന്റെയും അജണ്ട. അതിന് കഴിയുന്നില്ല, കാരണം ഇന്ത്യയിലെ ജനങ്ങൾ സമാധാനപരമായി ഇതിനെതിരെ പ്രതിഷേധിക്കുകയാണ്. നമ്മൾ സമാധാനപരമായി സമരം ചെയ്ത് സ്വാതന്ത്ര്യം നേടിയ വലിയൊരു

സാംസ്കാരിക പൈതൃകമുള്ള രാജ്യമാണ്. ആ രാജ്യമെന്ന നിലയിൽ നമ്മുടെ സമരങ്ങൾ സമാധാനപരമാണ്. പക്ഷെ ജനാധിപത്യത്തിൽ സമാധാനപരമായ സമരങ്ങളെ അന്തസ്സായി കാണുകയും അതിനെ സ്വീകരിച്ച് അതിന്റെ തെറ്റതിരുത്തുകയും ചെയ്യുന്നതാണ് ജനാധിപത്യം. അത് ചെയ്യാതെ ആർ.എസ്.എസ്-ന്റെയും സംഘപരിവാറിന്റെയും അജണ്ട നടപ്പിലാക്കാനുള്ള ഒരു ശ്രമം ഈ രാജ്യത്ത് നടക്കുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും മറ്റും നമ്മൾ ഉന്നയിച്ചൊരു വിഷയമുണ്ട്. ഇന്ത്യൻ ഭരണഘടന ചോദ്യം ചെയ്യപ്പെടും. ഈ രാജ്യത്ത് നോട്ട് നിരോധനം കൊണ്ടുവന്നു, എല്ലാ വിഭാഗങ്ങളെയും ബാധിക്കുന്ന നോട്ടുനിരോധനം ഒരു ദിവസം പ്രഖ്യാപിക്കുന്നു. അതിനെതിരെ നമ്മൾ പ്രമേയം പാസ്സാക്കി, ഈ സഭ അതിനെതിരെ പ്രതിഷേധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം കൊണ്ടുവന്നു, നമ്മൾ ഐകകണ്ഠേന പാസ്സാക്കി. അതെന്താണ്, എല്ലാപേരെയും ബാധിക്കുന്ന പ്രതിഷേധത്തിന്റെ അളവെടുക്കുകയായിരുന്നു. അന്ന് നടത്തിയ പ്രസംഗത്തിൽ ഞാൻ പറഞ്ഞ കാര്യം വീണ്ടും ഓർമ്മിപ്പിക്കുകയാണ്. അന്ന് ഞാൻ പറഞ്ഞു, അന്ന് ഇതിന്റെ പേരിൽ ആർ.എസ്.എസ്. -കാരും ബി.ജെ.പി.-കാരും എന്റെ വീട്ടിലേക്ക്

ജാഥ നടത്തി. ഞാൻ അന്ന് പറഞ്ഞു, ഹിറ്റ്ലറായി മാറുകയാണ് ശ്രീ. നരേന്ദ്ര മോദി എന്ന്. നാസികൾ എങ്ങനെയാണോ ആ രാജ്യത്ത് പെരുമാറിയത്, അവിടെ ആദ്യമെന്താണ് മൃഗസ്നേഹത്തിലാണ് തുടങ്ങുന്നത്, വളരെ മൃദുവായ മൃഗസ്നേഹം. മൃഗസ്നേഹം കാണുമ്പോൾ നമ്മൾ വിചാരിക്കും ഗംഭീരം, കൊള്ളാം. പിന്നീട് എങ്ങോട്ടാണ് പോകുന്നത്; മനുഷ്യന് ജീവിക്കാൻ കഴിയാത്ത വംശീയത ഉണർത്തുന്ന ഫാസിസമാണ് ഇന്ന് ഇന്ത്യയിൽ നടപ്പിലാക്കാൻ തുടങ്ങുന്നത്. അതിന്റെ തുടക്കമാണിത്. ഇതിനെ നമ്മൾ എതിർക്കണം. നോട്ട് നിരോധനം വന്നപ്പോൾ പറഞ്ഞു, അടുത്തതായി ഇവർ മുത്തലാഖിൽ പിടിക്കും. മുത്തലാഖിൽ പിടിച്ചല്ലോ, അതുകഴിഞ്ഞ് കാശ്മീർ വിഭജനം കൊണ്ടുവന്നു. ഇനി നിങ്ങൾ ഭയപ്പെടേണ്ടതില്ല, അന്ന് പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുകയാണ്. അടുത്ത ലക്ഷ്യം ഏകീകൃത സിവിൽകോഡ് എന്ന ആശയവുമായി വന്ന് ഇന്ത്യയിലെ ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമമാണ്. ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെ ഞെട്ടിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന ഒരു സിറ്റുവേഷനുണ്ടാക്കാനാണ് ഇവർ മുന്നോട്ട് പോകുന്നത്, ഇവരുടെ അജണ്ട അതാണ്. ഇവിടെ ഇന്ത്യൻ ഭരണഘടനയിൽ വരുന്ന ഭേദഗതികൾ,

നിയമത്തിൽ വരുന്ന ഭേദഗതികൾ; സാധാരണയായി മന്ത്രിസഭയിലും പാർട്ടി ചിന്തിക്കുന്നത്, പക്ഷെ മന്ത്രിസഭയല്ല ഇവിടെ നിയമം നിർമ്മിക്കുന്നത്. ആർ.എസ്.എസ്-ന്റെ ആസ്ഥാനത്ത് നിയമം നിർമ്മിച്ചുകൊണ്ടുവന്ന് പാർലമെന്റിൽ പാസ്സാക്കുന്ന ഒരു നാണംകെട്ട അവസ്ഥ ഇന്ന് നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. ഇതിനെതിരെ സമാധാനപരമായി എല്ലാ സമരങ്ങളും മുന്നോട്ട് കൊണ്ടുപോകണം. നോട്ട് നിരോധനം നടന്നപ്പോൾ ഇന്ത്യയിൽ സമരം വളരെ മോശമായിരുന്നു. അന്ന് ശക്തമായി ഒരു സമരം നടത്തി. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയ ഏറ്റവും വലിയ സമരം. കാസർഗോഡ് മുതൽ പാറശ്ശാല വരെ നമ്മൾ മനുഷ്യമതിൽ തീർത്തുകൊണ്ട് ശ്രീ. നരേന്ദ്ര മോദിയുടെ തെറ്റായ തുഗ്ലക്ക് പരിഷ്ക്കാരത്തെ നമ്മൾ എതിർത്തു. ഇവിടെ ഇപ്പോൾ രാജേട്ടൻ പറഞ്ഞത് അദ്ദേഹത്തിന്റെ പാർട്ടിയുടെ നയമാണ്. കണ്ണടച്ചാൽ ഇരുട്ടാകുകയില്ല, അദ്ദേഹത്തോടുള്ള ബഹുമാനം മുൻനിർത്തിക്കൊണ്ട് പറയുകയാണ്. അദ്ദേഹം പറഞ്ഞു എല്ലാപേരും ഒന്നിച്ച് ജീവിക്കണം, മതേതരത്വം നിലനിർത്തണം, ഇന്ത്യയെ സ്നേഹിക്കുന്ന എല്ലാവർക്കും പൗരത്വം കൊടുക്കണമെന്ന്. അങ്ങനെയെങ്കിൽ എന്തുകൊണ്ട് ഇതിൽ മുസ്ലീംങ്ങളെ മാത്രം ഒഴിവാക്കി? ഇത് മുസ്ലീംങ്ങളുടെ

വിഷയമല്ല. എന്തുകൊണ്ട്, അദ്ദേഹം അത് ഒഴിവാക്കി. അത് ശരിയാണോ, അങ്ങനെ ചെയ്യാൻ പാടില്ല. ഒരു മതത്തെ നിർണ്ണയിക്കാൻ, ലോകത്ത് അമേരിക്കയിലും യൂറോപ്പിലുമൊക്കെ പൗരത്വം കൊടുക്കുന്നുണ്ട്. ഏതെങ്കിലും ഒരു ജനാധിപത്യ രാജ്യത്ത്, ഒരു പരിഷ്കൃത രാജ്യത്ത് ജാതിയുടെ പേരിൽ പൗരത്വം നിഷേധിക്കുന്നത് നമ്മൾ കണ്ടിട്ടില്ല. അത് എവിടെയുമില്ല. എവിടെയുമില്ലാത്ത ഒരു നാണംകെട്ട അവസ്ഥ, ഒരു ജനാധിപത്യ വിരുദ്ധമായ അവസ്ഥ ഇന്ത്യയിൽ ഉണ്ടായത് ലജ്ജാകരമാണ്. ഇന്ത്യയിൽ ജീവിക്കുന്ന ഒരു പൗരനും, ഇവിടെ ജനിച്ചവർക്ക് തലമുറകൾ കഴിഞ്ഞ്, അച്ഛന്റെയും അപ്പൂപ്പന്റെയും അപ്പൂപ്പന്റെ അപ്പൂപ്പന്റെയും എസ്.എസ്.എൽ.സി. ബുക്ക് ചോദിക്കുന്ന ഒരു നാണംകെട്ട അവസ്ഥയിലേക്ക്, ഒരു അരക്ഷിതാവസ്ഥയിലേക്ക് ജനങ്ങളെ തള്ളിയിടുന്ന കേന്ദ്ര സർക്കാരിന്റെ ഈ നയം തിരുത്തപ്പെടേണ്ടതാണ്. ഈ നിയമം തിരുത്തുകയല്ല, ഈ പൗരത്വ നിയമം പൂർണ്ണമായും പിൻവലിക്കാൻ ഇന്ത്യ ഭരിക്കുന്ന സർക്കാർ തയ്യാറാകണം. അതുവരെ ഈ പ്രതിഷേധം നമ്മൾ തുടരും, ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാനും എന്റെ പാർട്ടിയും ശക്തിയുക്തം പിൻതുണയ്ക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ നൂറുശതമാനവും അനുകൂലിക്കുകയാണ്. എന്നുമാത്രമല്ല, അദ്ദേഹവും ഇവിടെയുള്ള രാഷ്ട്രീയ കക്ഷികളും നടത്തുന്ന എല്ലാ സമരപരിപാടികൾക്കും സമ്പൂർണ്ണ പിന്തുണ നൽകാനും ഞാനും എന്റെ പ്രസ്ഥാനമായ ജനപക്ഷവും തയ്യാറാകുകയാണ്. ഇവിടെയുള്ള പ്രശ്നം, കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയതുപോലെ ഭരണം കിട്ടിയിരിക്കുന്നു എന്നതാണ്. എന്തുചെയ്യണമെന്ന് അവർക്കറിയില്ല. എന്തുചെയ്യണമെന്നറിയാത്ത പ്രധാനമന്ത്രിയും ഭരണാധികാരികളുമാണുള്ളത്, അവിടെയാണ് കുഴപ്പം. പ്രതീക്ഷിക്കാതെ കിട്ടിയ ഭരണംകൊണ്ട് എന്തുചെയ്യണമെന്നറിയാതെ വിമ്മിഷ്ടപ്പെടുകയാണ്. ഇവിടെ നടത്തുന്ന സമരങ്ങളെപ്പറ്റി എനിക്ക് ഒരു അഭിപ്രായമുണ്ട്. മോദി ഗവൺമെന്റ് അറിയുന്ന രീതിയിൽ ഇവിടെ സമരം നടത്താൻ ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഇത്രമാത്രം ജനങ്ങളുള്ള പാർട്ടികളല്ലേ, വഴിനീളെ സമരവുംകൊണ്ട് നടന്നിട്ട് കാര്യമുണ്ടോ? അക്കൗണ്ടന്റ് ജനറൽ ഓഫീസ് 10 ദിവസം മുടക്കുന്ന രീതിയിൽ അഞ്ച് ലക്ഷം ആളുകളെ കൊണ്ടുവന്ന് വളഞ്ഞുവച്ചാൽ ലോകം

അറിയും. സമരം ആ രീതിയിൽ കൊണ്ടുപോകാൻ എന്തുകൊണ്ടാണ് നിങ്ങൾ മടിക്കുന്നതെന്ന് എനിക്ക് അറിയില്ല. യാതൊരു സംശയവും വേണ്ട, എന്റെ പക്കൽ അഞ്ചുലക്ഷം ആളുകളുണ്ടെങ്കിൽ ഞാനത് ചെയ്തേനെ. അതുകൊണ്ട് ഇവിടെയുള്ള ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ച് നിന്നുകൊണ്ട് സമരം ചെയ്യുമെന്ന് പറഞ്ഞാൽപ്പോരാ, ജനങ്ങളെ ബോധ്യപ്പെടുത്താൻ അത്തരം സമരം ആവശ്യമാണ്. കേരളത്തിലെ ജനങ്ങളെല്ലാം ഒറ്റക്കെട്ടായി ഈ നിയമത്തെ എതിർക്കുകയാണ്. ആ നിലയ്ക്ക് കേന്ദ്രഗവൺമെന്റിനെ വിറപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു സമരം ചെയ്യാനുള്ള ബാധ്യത നാം ഏറ്റെടുക്കണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകത എന്താണ്? ഹിമാലയം മുതൽ കന്യാകുമാരി വരെയുള്ള ഈ പ്രദേശം ബഹുസ്വരതയുടെ നാടാണ്, സംഗീതംപോലെ സാന്ദ്രമാണത്. ഇക്കാര്യം ഞാൻ വെറുതെ പറയുന്നതല്ല. സംഗീതംപോലെ സാന്ദ്രമായ നമ്മുടെ രാജ്യത്ത് വളരെയേറെ പുഷ്പങ്ങളുണ്ട്. അങ്ങനെയുള്ള പ്രദേശത്തേയ്ക്ക് ഒരു അപസ്വരം കടത്തിവിടുന്ന രീതിയിലാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമം ആർക്കുവേണ്ടിയാണ്; ഇവിടെയുള്ള മുസ്ലീം സമൂഹം അങ്ങനെ ഒഴിവാക്കപ്പെടേണ്ടതാണോ; ഇന്ത്യൻ

സ്വാതന്ത്ര്യ സമരത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയത് ആരാണ്? ഇന്ത്യാ ഗേറ്റിൽ അവരുടെ പേരെഴുതി വച്ചിട്ടുണ്ട്, ജീവൻ പണയപ്പെടുത്തി യുദ്ധം ചെയ്ത് മരിച്ചവരുടെ കണക്കുണ്ട്, അതിൽ 62%-ഉം മുസ്ലീം സഹോദരങ്ങളാണ്. ആ മുസ്ലീം സഹോദരങ്ങളെയാണ് ഒഴിവാക്കുന്നത്. ഇതിൽ എന്ത് ന്യായമാണുള്ളത്? അതാണ് നമുക്ക് മനസിലാകാത്തത്. ഇന്ത്യ എന്നുപറയുന്നത് ശ്രീ. നരേന്ദ്ര മോദിയോ, അതുപോലുള്ള ആളുകളോ ചിന്തിക്കുന്ന തരത്തിലുള്ള ജനവിഭാഗത്തിന്റേത് മാത്രമല്ല, അതാണ് ബഹുസ്വരത എന്നതുകൊണ്ട് ഞാൻ സൂചിപ്പിച്ചത്. ഇന്ത്യയെന്ന മഹത്തായ രാജ്യം നിലനിൽക്കാനും മുമ്പോട്ടുള്ള പ്രയാണത്തിനും സമസ്ത മേഖലകളിലും ആവശ്യത്തിൽ കൂടുതൽ സംഭാവന നൽകിയ ഒരു സമൂഹമാണ് ഇവിടെയുള്ള മുസ്ലീം സമൂഹം. അവരെ ഒറ്റപ്പെടുത്തിക്കൊണ്ട് ആക്രമിക്കാൻ നടത്തുന്ന നീക്കം അപലപനീയമാണ്, ശക്തമായി എതിർക്കപ്പെടേണ്ടതാണ്. ഇവിടെയുള്ള ജനാധിപത്യ-മതേതര വിശ്വാസികളുടെ ശവത്തിൽ ചവിട്ടി നിന്നല്ലാതെ ശ്രീ. നരേന്ദ്ര മോദിക്കും പാർട്ടിക്കും ഈ നിയമം നടപ്പാക്കാൻ കഴിയില്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ശക്തമായി പിന്താങ്ങുകയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, പൗരത്വ നിയമ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ലോകത്തിലെതന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യാ മഹാരാജ്യത്തിലെ ജനാധിപത്യ സംവിധാനങ്ങളും അതിന്റെ നടപടിക്രമങ്ങളും ലോകംതന്നെ അത്ഭുതത്തോടെ നോക്കിക്കണ്ടിട്ടുണ്ട്. നാനാത്വത്തിൽ ഏകത്വം എന്നുപറയുന്നത് വാക്കുകൾക്കപ്പുറം ഇന്ത്യാ മഹാരാജ്യത്ത് പ്രവൃത്തികളിലൂടെ പ്രതിഫലിച്ചുകൊണ്ടിരുന്നതാണ്. ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിലൊക്കെ കേന്ദ്രമന്ത്രി ശ്രീ. അമിത്ഷാ പറഞ്ഞ ഒരു കാര്യമുണ്ട്, പാർലമെന്റിന് പുറത്തും അദ്ദേഹം ആ കാര്യം ആവർത്തിച്ചുകൊണ്ടിരുന്നു. " ഈ രാജ്യത്തെ മുസ്ലീംങ്ങൾ ഭയപ്പെടേണ്ടതില്ല, ന്യൂനപക്ഷങ്ങൾ ഭയപ്പെടേണ്ടതില്ല" എന്നാണ് അദ്ദേഹം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നുപറഞ്ഞാൽ, ഈ രാജ്യത്ത് ജനിച്ചുവളർന്ന, ഈ രാജ്യത്ത് ജീവിക്കുന്ന പൗരന്മാരോട് 'ഭയപ്പെടേണ്ടതില്ല' എന്നുപറയുമ്പോൾ എന്തോ ഒരു ഔദാര്യവും ദാക്ഷിണ്യവും ഈ രാജ്യത്ത് ജനിച്ചുവളർന്ന് ഇവിടെ ജീവിക്കുന്ന ആളുകൾക്ക് നൽകുന്നു, അവരോട്

കാണിക്കാൻ പോകുന്ന എന്നൊരു തോന്നൽ ആളുകളുടെ മനസ്സിൽ ഉണ്ടാക്കുകയാണ്. അതൊരു ശരിയായ ജനാപധിപത്യ രീതിയായി ഒരിക്കലും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. അവരുടെ നയങ്ങളും നടപ്പിലാക്കിയിട്ടുള്ള എല്ലാ നിയമങ്ങളുമെടുത്ത് പരിശോധിക്കുകയാണെങ്കിൽ സമാനമായ അവസ്ഥകൾ നമുക്ക് കാണാൻ കഴിയും. എല്ലായിപ്പോഴും ഒരു ഗൂഢമായ അജണ്ട അവർക്കുണ്ട്. 'ക്യാഷ്‌ലെസ് ഇന്ത്യ' എന്നുപറയുന്നത് ഒരു ഘട്ടത്തിൽ അവർ മുന്നോട്ടുവച്ച ആശയമാണ്. രാജ്യത്തെ ജനങ്ങളുടെ പൗരാവകാശങ്ങളിൽ ഭരണകൂടം എങ്ങനെയാണ് അവരറിയാതെ കടന്നുകൂടുന്നത്, അവകാശങ്ങളിൽ എങ്ങനെയാണ് കൈവയ്ക്കുന്നത് എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണത്തിന് മറ്റെവിടെയും തേടിപ്പോകേണ്ടതില്ല. അതിനായി 'ക്യാഷ്‌ലെസ് ഇന്ത്യ' മാത്രം നോക്കിയാൽ മതി. ജമ്മു-കാശ്മീരിന്റെ പ്രത്യേക അവകാശാധികാരങ്ങൾ എടുത്തുകളയാൻ തീരുമാനിച്ചു. അവ എടുത്തുകളഞ്ഞുവെന്ന് മാത്രമല്ല, ആ സംസ്ഥാനത്തേയ്ക്ക് ആളുകൾ കടന്നുചെല്ലുന്നത് തടഞ്ഞു. പ്രത്യേകിച്ച് മാധ്യമ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടി നേതാക്കൾ എന്നിവരുടെ പ്രവേശനം ശക്തമായി നിരോധിച്ചു, ഇന്റർനെറ്റ് കണക്ഷനുകൾ കട്ട് ചെയ്തു.

ക്യാഷ്‌ലെസ് ഇന്ത്യ കൊണ്ടുവന്നശേഷം ആർക്കാണ് പണം കൈവശം സൂക്ഷിക്കാൻ സാധിക്കുക? ആളുകളുടെ ദൈനംദിന ജീവിതത്തിൽ ഇടപെടുകയും പൗരന്മാരുടെ പൗരസ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യുന്നതിനുവേണ്ടി വളരെ ബോധപൂർവ്വം ഇടപെട്ടു. ഓരോ ഘട്ടത്തിലും അവർ നടപ്പിലാക്കുന്ന കാര്യങ്ങൾ നോക്കിയാൽ അത് മനസ്സിലാകും. 'ക്യാഷ്‌ലെസ് ഇന്ത്യ' എന്നുപറയുകയും ഇന്റർനെറ്റ് കട്ട് ചെയ്യുകയും ആളുകളുടെ പൗരാവകാശങ്ങളുടെമേൽ കൈവയ്ക്കുകയും ജനജീവിതം സ്തംഭിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രഭരണകൂടം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളിൽ ഭയമുണ്ടാക്കുന്നതിനുള്ള വലിയ ശ്രമം നടക്കുകയാണ്. ഭയമുണ്ടാകുന്നത് വ്യക്തികളിൽ നിന്ന് കുടുംബങ്ങളിലേയ്ക്കും കുടുംബങ്ങളിൽ നിന്ന് പൊതുസമൂഹത്തിലേയ്ക്കും രാജ്യത്തിലേയ്ക്കും വ്യാപിക്കുക വഴി ആളുകളുടെ പ്രതികരണശേഷി വലിയതോതിൽ നഷ്ടപ്പെടും. അത്തരത്തിൽ ആളുകളുടെ പ്രതികരണശേഷി നഷ്ടപ്പെടുത്തി, അവരെ നിഷ്ക്രിയരാക്കുക എന്ന തന്ത്രം നടപ്പിലാക്കാൻ വളരെ ബോധപൂർവ്വം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്കുനേരെ ആക്രമണമുണ്ടായി.

പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച് വിദ്യാർത്ഥികളെ തല്ലിച്ചതച്ചതും അറസ്റ്റ് ചെയ്തതും അവരെ ആക്രമണത്തിന് ഇരയാക്കിയതും ആളുകളെ കൊലപ്പെടുത്തിയതുമൊക്കെ ഈ ഭയവുമായി ബന്ധപ്പെട്ടാണ്. ആക്രമണത്തിന് ഇരയാകുകയും ജയിലടയ്ക്കപ്പെടുകയും ചെയ്ത, നമ്മുടെ ഭരണഘടനയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ മുൻനിരയിൽ നിന്നുകൊണ്ട് ശക്തമായ നേതൃത്വം കൊടുത്ത സമൂഹത്തിലെ വിദ്യാർത്ഥികൾക്കും മറ്റാളുകൾക്കുമുള്ള പിന്തുണ എന്ന നിലയിൽത്തന്നെയാണ് ഈ പ്രമേയത്തെ കാണുന്നത്. ഇത് മാധ്യമസുഹൃത്തുക്കൾക്കുള്ള പിന്തുണകൂടിയാണ്. ഈ സമരം റിപ്പോർട്ട് ചെയ്യാൻ പോയതിന്റെ പേരിൽ ആക്രമിക്കപ്പെട്ട, ജയിലലടയ്ക്കപ്പെട്ട മാധ്യമ സുഹൃത്തുക്കൾക്കുള്ള പിന്തുണയാണിത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും ഐക്യത്തിനുംവേണ്ടി ഒരു സംഭാവനയും ചെയ്യാത്ത ഒരുകൂട്ടം ആളുകളാണ് ഈ കൃത്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്നത്. നമ്മുടെ ഭരണഘടനയെ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നതും ചരിത്രം മാറ്റിയെഴുതാൻ ശ്രമിക്കുന്നതും ഇവരാണ്. ഇത് ഏറെ ഖേദകരമായ കാര്യമാണ്. ബ്രിട്ടീഷുകാർക്ക് പലതവണ മാപ്പ് എഴുതിക്കൊടുത്ത് ഈ രാജ്യത്തെ അപമാനിച്ച, സ്വാതന്ത്ര്യ

പ്രസ്ഥാനത്തെ പിന്നിൽ നിന്നും കുത്തിയ ആളുകളാണിവർ. ഇന്ത്യയുടെ ചരിത്രവും സംസ്കാരവും പൈതൃകവും അറിയാത്ത ഇവർ ഇന്ത്യാ രാജ്യത്തെ അപമാനിക്കാൻവേണ്ടി നിരന്തരം ശ്രമിക്കുകയാണ്. അവർ ഇപ്പോൾ മഹാത്മാഗാന്ധിയെ സ്വന്തമാക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്ത് സ്വതന്ത്രമായി യാത്രചെയ്യാൻ കഴിയാത്ത ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. ഓരോ സംസ്ഥാനത്തേയ്ക്ക് പോകുമ്പോഴും അവിടെ എത്രദിവസം താമസിക്കുന്നുവെന്നതിനെ അടിസ്ഥാനപ്പെടുത്തി പെർമിറ്റ് എടുക്കേണ്ട സാഹചര്യം ഇന്ത്യൻ പൗരന്മാരിൽ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന് കാരണക്കാർ മറ്റാരുമല്ല. അത്തരം ഒരു അരക്ഷിതാവസ്ഥ രാജ്യത്ത് സൃഷ്ടിച്ചത് ഈ രാജ്യത്തിന്റെ കേന്ദ്ര ഭരണകൂടമാണ്. അക്കാര്യം മനസ്സിലാക്കി തെറ്റുകൾ തിരുത്താൻ ഭരണകൂടങ്ങൾ തയ്യാറാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് മുൻകയ്യെടുത്ത്, സമാനചിന്താഗതിയുള്ള മുഖ്യമന്ത്രിമാരുടെ യോഗം ഏതെങ്കിലും തരത്തിൽ വിളിച്ചുകൂട്ടി, യോജിച്ച ഒരു പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങുകയും നമ്മുടെ ഇന്ത്യാ മഹാരാജ്യത്തെ രക്ഷിക്കുന്നതിനുള്ള നിലപാടുകൾക്ക് നേതൃത്വം നൽകുകയും ചെയ്യണം എന്ന്

അഭ്യർത്ഥിക്കുകയാണ്. മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. 'പൗരത്വം' പൗരന് നൽകുന്ന അന്തസ്സാണ്, ഒപ്പം രാജ്യത്തിന്റ കരുത്തും മതേതര ഭാരതത്തിന്റെ ആത്മാവുമാണ്. രണ്ട് ദിനോസറുകൾ നയിക്കുന്ന ജുറാസിക് പാർക്കാണ് ഇന്ത്യൻ ഭരണകൂടം എന്ന് ബഹുമാന്യനായ കബിൽ സിബൽ ഇന്ത്യൻ പാർലമെന്റിൽ പറഞ്ഞ വാക്കുകളോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. രണ്ട് ദിനോസറുകൾ, ആരേയും വിഴുങ്ങുന്ന ദിനോസറുകളായി ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത്ഷായും മാറിയിരിക്കുകയാണ്. മതത്തിന്റെ പേരിൽ പൗരത്വം നിർണ്ണയിക്കുന്ന ഈ ബിൽ നാടിന്റെ മതേതര മൂല്യങ്ങൾ തകർക്കപ്പെടാൻ ഉദ്ദേശിച്ചുകൊണ്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നാടിന്റെ ജനാധിപത്യാവകാശങ്ങളും ഇവിടെ തൃണവത്കരിക്കപ്പെടുകയാണ്. അതുകൊണ്ട് നമ്മുടെ ജനാധിപത്യ മൂല്യങ്ങളും മതേതര മൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ കഴിയുന്ന ഒരു വലിയ ശക്തിയായി നമുക്ക് മാറേണ്ടതായിട്ടുണ്ട്. ലോകത്തിൽ ഒരിടത്തും കാണാത്ത

പ്രത്യേകതയാണ് ഇന്ത്യയിലുള്ളത്. വിവിധ ഭാഷകൾ, വിവിധ ഭക്ഷണങ്ങൾ. വിവിധതരം വസ്ത്രങ്ങൾ അണിയുന്നതും നമ്മുടെ രാജ്യത്ത് മാത്രമാണ്. ലോകത്തിലെ മറ്റൊരു രാജ്യത്തും ഇങ്ങനെയൊരു സംസ്കാരമില്ല. ആർഷഭാരത സംസ്കാരത്തിലധിഷ്ഠിതമായി ജീവിക്കുന്ന നമ്മുടെ നാടിനെ പിച്ചിച്ചീന്താൻ രണ്ട് രാക്ഷസന്മാർ ഇറങ്ങിയിരിക്കുകയാണ്. ഈ രാക്ഷസന്മാരെ ഇന്ത്യാരാജ്യത്തെ ജനങ്ങൾ പിടിച്ചുകെട്ടും. അതിൽ ഒരു തർക്കവുമില്ല. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗത്തിൽ നിന്നും വിരമിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാനും എന്റെ പാർട്ടിയും പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും മതേതരത്വവും തകർക്കാനുള്ള പൗരത്വ ഭേദഗതി ബില്ലിനെതിരെ നടത്തുന്ന സമരങ്ങളിൽ ജീവൻ ബലിയർപ്പിച്ച മുഴുവൻ ആളുകളുടെയും ഓർമ്മകൾക്ക് മുന്നിൽ ആദ്യമായി ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ഈ പൗരത്വ ഭേദഗതി ബില്ലിനെതിരെ ഇന്നും സമരം നടത്തുകയും ജയിൽവാസമനുഷ്ഠിക്കുകയും

ആശുപത്രികളിൽ കഴിയുകയും ചെയ്യുന്ന മുഴുവൻപേരെയും ഞാൻ അഭിനന്ദിക്കുകയാണ്. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ്, ഭഗത് സിംഗ് എന്നിവരുടെയൊക്കെ നേതൃത്വത്തിൽ നേടിയെടുത്ത ഇന്ത്യയുടെ സ്വാതന്ത്ര്യവും ഐക്യവും അഖണ്ഡതയും കാത്തുരക്ഷിക്കാൻവേണ്ടി ബ്രിട്ടീഷുകാരന്റെ തോക്കിനും ലാത്തിക്കും മുമ്പിൽ നെഞ്ചുവിരിച്ച് സമരം ചെയ്ത് സർവ്വവും നഷ്ടപ്പെടുത്തിയ നമ്മുടെ പൂർവ്വികർ നമ്മെ പഠിപ്പിച്ച ഈ രാജ്യത്തിന്റെ മതേതരത്വവും ഐക്യവും അഖണ്ഡതയും സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരതം ഒരത്ഭുത രാജ്യമാണ്. സ്വാതന്ത്ര്യം കിട്ടി ഏഴ് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും വിവിധ ഭാഷകളും വിവിധ സംസ്കാരങ്ങളുമുള്ള ഒരു രാജ്യം ഒറ്റക്കെട്ടായി ഒരേചരടിൽ കോർത്ത പൂവ് പോലെ അല്ലെങ്കിൽ ചങ്ങല പോലെ ഇന്നും ഒന്നിച്ചുപോകുന്നുവെന്നത് അതിശയമാണ്. ഒരു ചങ്ങലയെ സംബന്ധിച്ചിടത്തോളം ആ ചങ്ങലയുടെ ഏറ്റവും ബലം കുറഞ്ഞ കണ്ണിയാണ് അതിന്റെ ഏറ്റവും വലിയ ശക്തി. ആ ചങ്ങല തകരാൻ നാം അനുവദിച്ചുകൂടാ. ഭാരതത്തിലെ ജനം ഇന്ന് ഭീതിയുടെ നിഴലിലാണ്. ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണകർത്താക്കൾ/ഭരണം നടത്തുന്നവർ ഇന്ന് ജനങ്ങളെ

ഭയത്തിലാഴ്ത്തിയിരിക്കുന്നു. ഇതിനെതിരെ ശക്തമായ നടപടിയുമായി മുന്നോട്ടുനീങ്ങുവാൻ നാം ഒരുങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമായും അനുകൂലിക്കുന്നതോടൊപ്പം.... ശ്രീ. ഒ. രാജഗോപാൽ ഇതിനെ എതിർക്കുമെന്നാണ് വിചാരിച്ചത്, പക്ഷേ അദ്ദേഹം എതിർത്തില്ല എന്നുള്ളതും ഒരു പ്രത്യേക കാര്യമായി പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: ഇന്നിവിടെ ചർച്ചകളിൽ നിന്നുയർന്നുവരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമൊക്കെ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയത്തെ ഐകകണ്ഠ്യേന അംഗീകരിക്കേണ്ടതായിട്ടുണ്ട്. രാജ്യത്തിന്റെ പൊതുവായ അടിസ്ഥാനതത്വങ്ങൾക്ക് ഭീഷണി നേരിടുമ്പോൾ കേരളം ഒരുമിച്ചുനിന്ന് അതിനെതിരെ ശബ്ദിക്കുന്നുവെന്നുള്ളത് പൊതുസമൂഹത്തിനും രാജ്യത്താകമാനവും ശക്തമായ സന്ദേശമാണ് നൽകുന്നത്. നമ്മുടെ രാജ്യം എല്ലാ അർത്ഥത്തിലും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സാഹചര്യത്തിലാണ്. സാമ്പത്തിക പ്രതിസന്ധി, കഴിഞ്ഞ നാൽപ്പത്തിയഞ്ച് വർഷക്കാലയളവ് പരിശോധിച്ചുകഴിയുമ്പോൾ തൊഴിലില്ലായ്മാ നിരക്ക് അതിന്റെ ഏറ്റവും വർദ്ധിതമായ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്.

ആയിരക്കണക്കിന് കർഷകർ രാജ്യത്ത് ആത്മഹത്യ ചെയ്തിരിക്കുന്നു. ഏറ്റവും കൂടുതൽ ദളിത്പീഡനങ്ങൾ നടക്കുന്ന സംസ്ഥാനം ഉത്തർപ്രദേശാണ്. ഇരുപത്തിയാറ് ശതമാനം ദളിത്പീഡനങ്ങളാണ് അവിടെ നടക്കുന്നത്. ആ അർത്ഥത്തിൽ നോക്കുമ്പോൾ ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന അനവധി പ്രതിസന്ധികളിൽനിന്ന് ശ്രദ്ധതിരിക്കുന്ന നിലയിലേയ്ക്ക് പൗരത്വ നിയമ ഭേദഗതിയെ കണക്കാക്കേണ്ടതായിട്ടുണ്ട്. സംഘ് പരിവാറിന്റെ ഹിഡൻ അജണ്ടകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ ഭേദഗതിയെ നമുക്ക് വ്യാഖ്യാനിക്കേണ്ടതായിട്ടുണ്ട്. 1955-ൽ നിലവിൽ വന്ന ഈ പാരന്റ് ആക്ടിന് നാലുതവണ ഭേദഗതികളുണ്ടായി. 2019-ൽ വന്ന ഈ ഭേദഗതിയിൽ മാത്രമാണ് മതത്തിനെ അടിസ്ഥാനപ്പെടുത്തി പൗരത്വത്തെ ഒരു ഘടകമാക്കി വച്ചിരിക്കുന്നത്. അതുതന്നെയാണ് ആശങ്കയ്ക്കിടയായിരിക്കുന്നത്. ഈ ആശങ്കയിൽ നിന്നുകൊണ്ട് രാജ്യത്താകമാനം പ്രക്ഷോഭങ്ങളുയർന്നുവരുന്നു. ഇതിനോടൊപ്പം തീവ്രസ്വഭാവമുള്ള സംഘടനകൾ ഇതിൽനിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്നതും ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതിന് തടയിടാനും അത്തരക്കാർക്കെതിരെ നടപടിയെടുക്കാനും ഗവൺമെന്റിന്

കഴിയണം. സംഘ് പരിവാർ ആഗ്രഹിക്കുന്നതും അവരുടെ അജണ്ടയും അതുതന്നെയാണെന്നതും മറ്റൊരു ഭാഗമാണ്. അതുകൊണ്ടുതന്നെ ജനാധിപത്യ സംഘടനകൾക്ക് വർദ്ധിതമായ ഉത്തരവാദിത്തം ഇന്നുമുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ആ ഉത്തരവാദിത്തത്തെ ഉൾക്കൊണ്ടുകൊണ്ട് യോജിച്ച പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങാൻ നമ്മൾ തയ്യാറായിരിക്കുകയാണ്. ഇന്ന് തീർച്ചയായും അന്താരാഷ്ട്ര സമൂഹത്തിന്റെ മുന്നിൽ രാജ്യം നാണം കെട്ടുനിൽക്കുകയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഭേദഗതിയിലൂടെ അന്താരാഷ്ട്ര മാധ്യമങ്ങളും സമൂഹവുമൊക്കെ നമ്മുടെ രാജ്യത്തെ ഒറ്റപ്പെടുത്തുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നുവെന്നുള്ളത് മറ്റൊരു വാസ്തവമാണ്. പ്രക്ഷോഭങ്ങളുയർന്നു വരുന്നതിന്റെ പശ്ചാത്തലത്തിൽ ഇന്ന് മറ്റൊരു ആശങ്ക ഇവിടെ പ്രതിപാദിച്ചതാണ്. സേനാമേധാവികൾ രാഷ്ട്രീയം സംസാരിക്കുന്നു. ഭരണഘടനാ പദവി അലങ്കരിക്കുന്ന ഗവർണ്ണർ രാഷ്ട്രീയം പ്രസംഗിക്കുന്നു. സ്വാഭാവികമായും വലിയൊരു അരാജകത്വത്തിലേയ്ക്കാണ് നമ്മൾ നീങ്ങുന്നതെന്നതിൽ യാതൊരു സംശയവുമില്ല. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്.

എന്തായാലും ഈ വിഷയത്തിൽ യോജിച്ച പ്രക്ഷോഭവുമായി നമുക്ക് മുമ്പോട്ടുപോകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇന്ത്യാ ചരിത്രത്തിൽ ഡിസംബർ മാസം ഒരു കറുത്തമാസമാണ്. 1992 ഡിസംബർ 6-ാം തീയതിയായിരുന്നു ബാബ്റി മസ്ജിദ് തകർക്കപ്പെട്ടത്. 2019 ഡിസംബർ 12-ാം തീയതിയാണ് ഈ രാജ്യത്തെ അപകടത്തിൽപ്പെടുത്തുന്ന പൗരത്വ നിയമം പ്രസിഡന്റ് ഒപ്പുവച്ചത്. അതുകൊണ്ടാണ് ഡിസംബർ ഒരു കറുത്തമാസമാണെന്ന് സൂചിപ്പിച്ചത്. ഇന്ത്യയെക്കുറിച്ച് പുസ്തകമെഴുതിയ ചരിത്രകാരൻ എ. എൽ. ബാഷാം ഇന്ത്യയെക്കുറിച്ച് സൂചിപ്പിച്ചത് 'The wonder that was India' അത്ഭുതം അതാണ് ഇന്ത്യ. എന്തുകൊണ്ട് ഇന്ത്യ അത്ഭുതമാകുന്നു? ഏഴ് മതങ്ങൾ, ഇരുപത്തിരണ്ട് ഭാഷകൾ, ആയിരത്തിലേറെ നാട്ടുഭാഷകൾ, രണ്ടായിരത്തി അഞ്ഞൂറ് ജാതികൾ, ഇരുപത്തി അയ്യായിരം ഉപജാതികൾ അതാണ് ഇന്ത്യ. അതുകൊണ്ടാണ് ഇന്ത്യയെക്കുറിച്ച് പുസ്തകമെഴുതിയവർ 'അത്ഭുതം അതാണ് ഇന്ത്യ' എന്ന്

പറഞ്ഞത്. ഇവിടെ പുതിയ സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് നിയമം വന്നിരിക്കുന്നു. ഇന്ത്യൻ പൗരനാകാൻ ഇക്കാലമത്രയും മതം തടസ്സമായിരുന്നില്ല. സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ആക്റ്റിന്റെ സെക്ഷൻ 3 by Birth- ജൻമം കൊണ്ട് ഒരാൾക്ക് ഇന്ത്യൻ പൗരനാകാം. സെക്ഷൻ 4 Descent- തായ് വഴി/പാരമ്പര്യം മുഖാന്തരം ഒരാൾക്ക് ഇന്ത്യൻ പൗരനാകാം. സെക്ഷൻ 5 by Registration- ഇന്ത്യയിലെ ഒരാളെ വിവാഹം കഴിച്ചാൽ, ശ്രീമതി സോണിയാ ഗാന്ധി പൗരത്വം നേടിയതുപോലെ ഒരാൾക്ക് ഇന്ത്യൻ പൗരനാകാം. സെക്ഷൻ 6 By Naturalisation; അദ്നാൻ സ്വാമിക്കും ദലൈലാമക്കും നാം പൗരത്വം നൽകിയതുപോലെ ഒരാൾക്ക് ഇന്ത്യൻ പൗരനാകാം. ഇതായിരുന്നു ഇക്കാലമത്രയും ഈ രാജ്യത്തെ പൗരനാകാനുള്ള മാനദണ്ഡം. നിർഭാഗ്യവശാൽ ഇവിടെ ഒരു മതവിഭാഗത്തെ മാറ്റി നിർത്തുന്നു. മുസ്ലീം മതവിഭാഗത്തിന് ഇന്ത്യൻ പൗരന്മാരാകാൻ പാടില്ലെന്ന പുതിയ ഉത്തരവ് ഈ രാജ്യത്തെ ഭരണകൂടം ഇറക്കിയിരിക്കുന്നു. ഇത് ഘട്ടംഘട്ടമായി ഈ രാജ്യത്തെ ഹിന്ദുത്വവത്ക്കരിക്കാനുള്ള സംഘ് പരിവാർ നീക്കത്തിന്റെ ഭാഗമാണ്. ആർ.എസ്.എസ്. ഈ രാഷ്ട്രത്തിന്റെ പതാക അംഗീകരിച്ചിരുന്നില്ല. രാഷ്ട്രത്തിന്റെ പതാക ത്രിവർണ്ണ

പതാകയായിരുന്നു. ആർ.എസ്.എസ്. പറഞ്ഞത് ഇന്ത്യയുടെ പതാക ത്രിവർണ്ണപതാകയല്ലെന്നാണ്. മറിച്ച് സാഫ്രോൺ ഫ്ലാഗ്, ഭഗവത്ധ്വജം അതായിരിക്കണം ഇന്ത്യൻ പതാക. ഘട്ടംഘട്ടമായി ഈ രാജ്യത്തെ സാഫ്രോണൈസേഷനിലേയ്ക്ക് സംഘ് പരിവാർ കൊണ്ടുപോകുന്നതിന്റെ തുടക്കമാണ് നാം ഇവിടെ കണ്ടത്. തീർച്ചയായും ഇതിനെതിരെ ശക്തമായ പ്രതിഷേധമുയർന്നുവരണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ആ രീതിയിൽ ഈ രാജ്യത്ത് ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. നരേന്ദ്രമോദിയെ ഹിറ്റ്ലറോട് ഉപമിക്കാം. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഹിറ്റ്ലറും ശ്രീ. നരേന്ദ്രമോദിയും തമ്മിൽ ഒരുപാട് താരതമ്യമുണ്ട്. ഹിറ്റ്ലർ 86 വർഷങ്ങൾക്കുമുമ്പായിരുന്നു കോൺസൺട്രേഷൻ ക്യാമ്പ് ആരംഭിച്ചത്. ഹിറ്റ്ലർ കോൺസൺട്രേഷൻ ക്യാമ്പ് തുടങ്ങിയെങ്കിൽ ശ്രീ. നരേന്ദ്രമോദി ഡിറ്റെൻഷൻ ക്യാമ്പുകൾ തുടങ്ങി. ഹിറ്റ്ലർ ജർമ്മൻ രക്തത്തിനുവേണ്ടി വാദിച്ചുവെങ്കിൽ ശ്രീ. നരേന്ദ്രമോദി അതിനുസമാനമായ രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഹിറ്റ്ലർ 1940-ൽ ജൂതന്മാരെ ഡിപ്പോർട്ട് ചെയ്യാൻവേണ്ടിയാണ് മെഡ്ഗാസ്കർ പ്ലാൻ കൊണ്ടുവന്നത്.

അതിന് സമാനമായി മഹാപ്ലാൻ എൻ.ആർ.സി.-യിലൂടെ ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യാൻ സംഘ് പരിവാർ രാജ്യത്ത് എൻ.ആർ.സി. പാസ്സാക്കാൻ ശ്രമിക്കുന്നു. ഹിറ്റ്ലർ ഉപയോഗിച്ച വാക്ക് 'റോസ് ആലൂഗ' എന്നാണ്. 'റോസ് ആലൂഗ' എന്ന ജർമ്മൻ വാക്കിന്റെ അർത്ഥം 'വലിയ നുണ'യെന്നാണ്. ഇപ്പോൾ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും മോദിയും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് അതിനുസമാനമായി India is under threat എന്ന നുണയാണ്. ഇന്ത്യ ഭീഷണിയിലാണെന്ന പുതിയ പ്രചരണമാണ് അവർ നടത്തുന്നത്. അതുപോലെതന്നെ ഹിറ്റ്ലർ ഓരോ വിഭാഗത്തെയും ആക്ഷേപിച്ചിരുന്നു. അതിനുസമാനമായി ഈ രാജ്യത്തെ ഏറ്റവും പരമോന്നത പദവിയിലിരിക്കുന്നവർ ഒരു മതവിഭാഗത്തെ പ്രത്യേകിച്ചും മുസ്ലീങ്ങളെ termites (ചിതലുകൾ) എന്നുവിളിച്ച് ആക്ഷേപിക്കുന്നു. ഇത് രാജ്യത്തിന് ഭൂഷണമാണോയെന്നുള്ളത് ആർ.എസ്.എസ്.-ഉം ബി.ജെ.പി.യും ഈ രാജ്യം ഭരിക്കുന്ന ഭരണകൂടവും ചിന്തകൾക്ക് വിധേയമാക്കേണ്ടതാണ്. CAA ഇന്ന് ഈ രാജ്യത്ത് ആരെയാണ് ബാധിക്കുന്നത്? മുസ്ലീങ്ങളെ ബാധിക്കുന്നുവെന്നുള്ളത് ശരിതന്നെയാണ്.

മുസ്ലീങ്ങളെപ്പോലെ തന്നെ ഈ രാജ്യത്തെ ദരിദ്രരെയും ബാധിക്കുന്ന നിയമമാണ് CAA. അതിനെതിരെ യോജിച്ച പ്രക്ഷോഭം ഈ രാജ്യത്ത് ഉയർന്നുവരണം എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അത്തരം ഒരു പ്രക്ഷോഭം ഉയർന്നുവരുന്ന സാഹചര്യം ഇവിടെ ഉണ്ടായിരിക്കുന്നു. CAA വരുമ്പോൾ അതിനെ എതിർക്കേണ്ടത് എങ്ങനെയാണ്? ജനാധിപത്യത്തിന്റെ സയാമീസ് സഹോദരങ്ങളായ മതനിരപേക്ഷതയെയും ജാനാധിപത്യത്തെയും ഉയർത്തിപ്പിടിച്ചു കൊണ്ടാകണം CAA-യ്ക്ക് എതിരെയുള്ള പോരാട്ടം നാം ശക്തിപ്പെടുത്തേണ്ടത്. അങ്ങനെ ചെയ്യാതെ നമുക്ക് ഇതിൽ വിജയം നേടാൻ സാധിക്കില്ല. അതുകൊണ്ട്, ഹിന്ദു രാഷ്ട്രവാദം മുന്നോട്ടുവയ്ക്കുന്നവരെ നാം എതിർക്കേണ്ടത് മുസ്ലീം രാഷ്ട്രവാദം മുന്നോട്ടുവയ്ക്കുന്നവരെ കൂട്ടുപിടിച്ചല്ല. മഹിതമായ മതനിരപേക്ഷതയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടാണ് അവരെ നാം എതിർക്കേണ്ടത്. നിർഭാഗ്യവശാൽ, ഈ രാജ്യത്ത് ഹിന്ദു രാഷ്ട്രവാദം മുന്നോട്ടുവയ്ക്കുന്നവരെ മുസ്ലീം രാഷ്ട്രവാദം മുന്നോട്ടുവയ്ക്കുന്നവരുമായി യോജിപ്പിച്ച് എതിർക്കാനുള്ള ശ്രമം നടക്കുമ്പോൾ അത് ആർ.എസ്.എസ്.-നും സംഘ് പരിവാറിനും ഗുണകരമാകും എന്നുമാത്രമാണ് ഞങ്ങൾക്ക് ഈ

വേളയിൽ സൂചിപ്പിക്കാനുള്ളത്. അതോടൊപ്പംതന്നെ ഇവിടെ സൂചിപ്പിക്കാനുള്ള ചില കാര്യങ്ങളുണ്ട്. ഇവിടെ ബോധപൂർവ്വം പ്രചരിപ്പിക്കപ്പെടുന്ന കാര്യങ്ങൾ എന്താണ്? ഇവിടെ ബോധപൂർവ്വം പ്രചരിപ്പിക്കുന്നത്, മുസ്ലീങ്ങൾ ഈ രാജ്യം വിട്ടുപോകണം എന്നാണ്. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങൾ വഹിച്ച പങ്ക് ഇവർക്കാർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങൾ എത്ര ത്യാഗം സഹിച്ചു! ഇവിടെ ശ്രീ. എം. സ്വരാജ് കുറേ പേരുകൾ പരാമർശിച്ചു. വക്കം അബ്ദുൽ ഖാദർ മൗലവിയെയും നവാസ് ഖാനെയും നമുക്ക് മറക്കാൻ സാധിക്കുമോ; ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രക്ഷോഭത്തിൽ രക്തസാക്ഷിത്വം വഹിച്ച അനേകായിരം മുസ്ലീങ്ങളെ നമുക്ക് മറക്കാൻ സാധിക്കുമോ; ഈ രാഷ്ട്രത്തെ ഒറ്റിക്കൊടുത്തവർ ആരാണ്? ആൻഡമാനിലെ പോർട്ട്ബ്ലെയറിലെ സെല്ലുലാർ ജയിലിൽ മാപ്പെഴുതി നൽകിയത് വി. ഡി. സാവർക്കർ ആയിരുന്നില്ലേ; വി. ഡി. സാവർക്കർ എപ്പോഴാണ് രാജ്യസ്നേഹിയായി മാറിയത്? ഇവിടെ ആർ.എസ്.എസ്. ഞങ്ങളെ രാജ്യസ്നേഹം പഠിപ്പിക്കാൻ ശ്രമിക്കുമ്പോൾ, ഈ രാജ്യത്തെ ഒറ്റികൊടുത്ത പാരമ്പര്യം മാത്രമുള്ള

ആർ.എസ്.എസ്.-ന് ഈ രാജ്യത്തെ മുസ്ലീങ്ങളോടും ഇതര മതസ്ഥരോടും 'നിങ്ങൾ രാജ്യസ്നേഹം തെളിയിക്കണം, നിങ്ങൾ പൗരത്വരേഖ ഹാജരാക്കണം' എന്ന് പറയാൻ എങ്ങനെ ധൈര്യം ലഭിക്കുന്നു? 'ആദ്യം നിങ്ങൾ നിങ്ങളുടെ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കൂ, അതിനുശേഷം ഈ രാജ്യത്തെ പൗരന്മാരോട് പൗരത്വരേഖ ഹാജരാക്കണമെന്ന് ആവശ്യപ്പെടണം' എന്നുള്ളതാണ് ഞങ്ങൾ ശ്രീ. നരേന്ദ്ര മോദിയോടും അദ്ദേഹത്തിന്റെ ആളുകളോടും ആവശ്യപ്പെടുന്നത്. നിങ്ങൾ ചിന്തിക്കുന്നതുപോലെ ഈ ലോകത്തെ മറ്റ് രാഷ്ട്രത്തലവന്മാർ ചിന്തിച്ചാൽ എന്താകും ഈ രാജ്യത്തെ ഹിന്ദു സഹോദരങ്ങളുടെ ഗതി എന്നാണ് ഇവിടെ ശ്രീ. അമിത് ഷായെയും ശ്രീ. നരേന്ദ്ര മോദിയെയും പോലെയുള്ള അപക്വമതികളായ രാഷ്ട്രീയ നേതൃത്വം ചിന്തിക്കേണ്ടത്. ഇവിടെ ഇവർ വാദിക്കുന്നതുപോലെ, ഇവിടത്തെ മുസ്ലീങ്ങളും ഇതരമതസ്ഥരും ഇന്ത്യ വിട്ടുപോകണം എന്ന് മറ്റ് ലോക രാഷ്ട്രങ്ങളിലെ ആളുകൾ ആവശ്യപ്പെട്ടാൽ, നേപ്പാൾ മാത്രമാണ് ഹിന്ദു രാഷ്ട്രമായിട്ടുള്ളത് എന്ന കാര്യം നാം ചിന്തിക്കണം. ഇന്ത്യയിലെ ഹിന്ദു സഹോദരങ്ങൾ ഏതെല്ലാം രാജ്യത്ത് ജോലി ചെയ്യുന്നുണ്ട്? അവിടങ്ങളിലെ ഭരണകൂടങ്ങളെല്ലാം ഇത്തരമൊരു

നിലപാട് സ്വീകരിച്ചാൽ ഗതിയെന്താകുമെന്ന് നിങ്ങൾ ചിന്തിച്ചോ? പലപ്പോഴും അങ്ങനെ ചിന്തിക്കാൻ ഇവർ തയ്യാറാകുന്നില്ല. ലോക രാഷ്ട്രങ്ങൾക്കുമുന്നിൽ ഇന്ത്യയെ അപമാനിക്കാൻ മാത്രമല്ലേ ഇതിന് പ്രേരണയാകുക? അതുകൊണ്ട് ഇത് വളരെ സജീവമായ പുനർവിചിന്തനത്തിന് വിധേയമാക്കണമെന്നാണ് ഞങ്ങൾക്ക് ഇവിടെ ആവശ്യപ്പെടാനുള്ളത്. ഇവിടെ സംഘ് പരിവാർ മുന്നോട്ടുവയ്ക്കുന്ന ഈ രാഷ്ട്രീയത്തിനെതിരെ ശക്തവും വിശാലവുമായ പ്ലാറ്റ്ഫോമിൽ നിന്നുകൊണ്ട് എതിർപ്പുണ്ടാകണം. ഞാൻ ഇപ്പോഴും ഒരു ശുഭാപ്തിവിശ്വാസിയാണ്. പാർലമെന്റിലെ ഡോം കെട്ടിടത്തിനകത്തുവച്ച് പാസ്സാക്കിയ നിയമം, മൂന്നേമുക്കാൽ കിലോമീറ്ററിനപ്പുറത്തുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വരുമ്പോൾ, ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ നിയമത്തെ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിയുമെന്നാണ് എന്റെ പൂർണ്ണ ബോധ്യം. കാരണം, ഇത് കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 14-ന് എതിരാണ്. എല്ലാവരും തുല്യരാണ്, മുസ്ലീമും ക്രിസ്ത്യനും സിഖും പാഴ്സിയും ജൈനനും ബുദ്ധനും തുല്യരാണ് എന്ന് ഈ ആർട്ടിക്കിളിൽ വളരെ കൃത്യമായി പറയുന്നു. ആർട്ടിക്കിൾ 14-ൽ എവിടെയാണ് മുസ്ലീം തുല്യനല്ല എന്ന് പറഞ്ഞിട്ടുള്ളത്?

അതുമാത്രമല്ല, നമ്മുടെ കോൺസ്റ്റിറ്റ്യൂഷൻ " We, the people of India...." – ഈ രാജ്യത്തെ ജനങ്ങൾ എന്നാണ് അഭിസംബോധന ചെയ്യുന്നത്. എപ്രകാരമാണ് അങ്ങനെ പറയാൻ സാധിക്കുന്നത്? ഒരു മതവിഭാഗത്തെ ആസൂത്രിതമായി ഉന്മൂലനം ചെയ്യാനുള്ള സിദ്ധാന്തത്തിന്, അല്ലെങ്കിൽ വി. ഡി. സാവർക്കർ മുന്നോട്ടുവച്ച Two Nation Theory (ദ്വിരാഷ്ട്രവാദം) യെ ലീഗലൈസ് ചെയ്യുന്ന പ്രക്രിയയ്ക്കാണ് സംഘ് പരിവാർ നേതൃത്വം കൊടുക്കുന്നത്. അതിനെതിരെ യോജിച്ച ചെറുത്തുനിൽപ്പുണ്ടാകണം. ഇവിടെ രണ്ടാം നരേന്ദ്ര മോദി ഗവൺമെന്റിനെ സൂചിപ്പിക്കുന്നത് Modi 2.o എന്നുള്ളതാണ്. ശ്രീ. നരേന്ദ്ര മോദിയുടെ 2.o അധികാരത്തിലേയ്ക്ക് വന്നപ്പോൾ ആദ്യം മുതൽതന്നെ യോജിച്ച എതിർപ്പുണ്ടായിരുന്നുവെങ്കിൽ ഈ രീതിയിലുള്ള അഹങ്കാരവും ധാർഷ്ട്യവും നരേന്ദ്ര മോദിക്കും കൂട്ടാളികൾക്കും ഉണ്ടാകുമായിരുന്നില്ല. ഇവർ എന്തെല്ലാം പാസ്സാക്കി - മുത്തലാഖ് നിയമം കൊണ്ടുവന്നു, യു.എ.പി.എ. നിയമം ഭേദഗതി ചെയ്തു, ജമ്മുകാശ്മീരിനെ രണ്ടാക്കി മാറ്റി, ജമ്മുകാശ്മീരിന്റെ സംസ്ഥാന പദവി എടുത്തുമാറ്റി യൂണിയൻ ടെറിറ്ററി ആക്കി മാറ്റി. പലപ്പോഴും ഈ ഘട്ടത്തിലൊന്നും നമുക്ക് യോജിപ്പുണ്ടായിരുന്നില്ല. അതുകൊണ്ട്, ഇവിടെ,

നമ്മുടെ നിയമസഭയിൽനിന്നുയർന്നുവരുന്ന യോജിപ്പ് ദേശവ്യാപകമായി ഉയർത്താൻ നമുക്ക് സാധിക്കണം. ആ രീതിയിലുള്ള ഒരു യോജിപ്പിലൂടെ മാത്രമേ ശ്രീ. നരേന്ദ്ര മോദി മുന്നോട്ടുവയ്ക്കുന്ന ഈ വിഭാഗീയ രാഷ്ട്രീയത്തെ, ഈ ഫാസിസ്റ്റ് രാഷ്ട്രീയത്തെ എതിർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ യോജിപ്പ് അനിവാര്യമാണ്. മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെ യോജിപ്പ് അനിവാര്യമാണ്. ആ രീതിയിലുള്ള ശക്തമായ യോജിപ്പ് ഈ രാഷ്ട്രത്തിനകത്ത് ഉയർത്തിക്കൊണ്ടുവരാൻ ഇവിടെ നമുക്കെല്ലാം സാധിക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. നാം ചർച്ച ചെയ്യേണ്ട കാര്യങ്ങൾ ഓരോന്നായി ഇവിടെ പരാമർശിച്ചു. ഇവിടെ എത്ര ആളുകൾ രക്തസാക്ഷിത്വം വരിച്ചു! ഇത് രണ്ടാം സ്വാതന്ത്ര്യ സമരം തന്നെയാണ്. ഈ രാഷ്ട്രത്തെ ഭിന്നിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ യോജിച്ച ചെറുത്തുനിൽപ്പ് ഈ രാജ്യത്ത് ഉയർന്നുവരുന്നു. മതത്തിനപ്പുറത്ത്, ഇവിടത്തെ ഭൂരിപക്ഷ സമുദായത്തെ ഉൾപ്പെടെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രക്ഷോഭത്തിനായിരിക്കണം നാം നേതൃത്വം കൊടുക്കേണ്ടതെന്ന് നമുക്ക് ഉറപ്പിച്ചുപറയാൻ സാധിക്കണം. ഹിന്ദു ഭൂരിപക്ഷ സമുദായത്തെ ഉൾപ്പെടെ കൂടെ നിർത്തിക്കൊണ്ടുള്ള

അതിതീവ്രമായ പ്രക്ഷോഭത്തിന് ഈ രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. 543 പേരെ തെരഞ്ഞെടുത്ത ഈ രാജ്യത്തെ 130 കോടി ജനങ്ങൾ, 255 പേരെ തെരഞ്ഞെടുത്ത ഈ രാജ്യത്തെ നിയമസഭകളിലെ നിയമസഭാ സാമാജികർ..... അവർ പാസ്സാക്കുന്ന നിയമം നാളെ പാർലമെന്റിൽനിന്നും മുന്നേമുക്കാൽ കിലോമീറ്റർ അപ്പുറത്തുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയിലേയ്ക്ക് പോകുമ്പോൾ, അവിടെ, ജനങ്ങൾ തെരഞ്ഞെടുക്കാത്ത അഭിഭാഷകരും ജുഡീഷ്യൽ ഓഫീസർമാരും ഡിബേറ്റ് ചെയ്തുകൊണ്ട് റദ്ദ് ചെയ്യുമ്പോൾ അത് ജനാധിപത്യത്തിന്റെ മുഖത്തേൽക്കുന്ന അടിയാണ്. അതുകൊണ്ടാണ് ഇത് നിലനിൽക്കുന്ന നിയമമല്ല എന്ന് ലോക്സഭയിലും പാർലമെന്റിലുമെല്ലാം പാർലമെന്റേറിയന്മാർ വളരെ കൃത്യമായി സൂചിപ്പിച്ചത്. അതുകൊണ്ട്, ഭരണഘടന സംരക്ഷിക്കാൻ "നിങ്ങൾ ഞങ്ങളുടെ ജീവനെടുത്തുകൊള്ളൂ, പക്ഷേ, ഞങ്ങൾ ഞങ്ങളുടെ ഭരണഘടന നിങ്ങൾക്ക് വിട്ടുതരാൻ തയ്യാറല്ല" എന്ന് നമുക്ക് ഇവിടെ പ്രഖ്യാപിക്കാൻ സാധിക്കണം എന്നുമാത്രം പറഞ്ഞ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, " It is quite possible for this 'New Born Democracy' to retain its form, but give place to Dictatorship in fact. If there is a landslide, the danger of second possibility becoming actuality is much greater" - ഡോ. ബി. ആർ. അംബേദ്കറുടെ വാക്കുകളാണിത്. അദ്ദേഹം പറഞ്ഞത്, ജനാധിപത്യത്തിന്റെ നവജാതശിശു അതുപോലെതന്നെ ജനാധിപത്യപരമായി മുന്നോട്ടുപോകാനുള്ള സാധ്യതയുണ്ട്, പക്ഷേ, ഇത് ഏകാധിപത്യത്തിന്റെ കയ്യിലേയ്ക്ക് പോകാനും സാധ്യതയുണ്ട് എന്നാണ്. ഏതെങ്കിലും ഒരു അട്ടിമറി നടക്കുകയാണെങ്കിൽ ഏകഛത്രാധിപതികൾ ഡെമോക്രസിയെ ഡിക്റ്റേറ്റർഷിപ്പാക്കി മാറ്റും എന്നുപറഞ്ഞ ഡോ. ബി. ആർ. അംബേദ്കറുടെ വാക്കുകൾ ഇവിടെ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ ഓരോ താളുകളും ഓരോ ദിവസവും പിച്ചിച്ചീന്തിക്കൊണ്ടിരിക്കുകയാണ്. അനുച്ഛേദം 370-ഉം 35A-യും ആദ്യം കീറിമാറ്റി. ഇപ്പോൾ അനുച്ഛേദം 5, 6, 13, 14 തുടങ്ങിയവയെല്ലാം പിച്ചിച്ചീന്തിക്കഴിഞ്ഞിരിക്കുന്നു. Preamble നോക്കിയാൽ Preamble-നെയും കശക്കിയെറിഞ്ഞിരിക്കുന്നതായി നമുക്ക് കാണാം. Preamble-ന്റെ തത്വം തന്നെ പറയുന്നത് " Fraternity assuring the dignity

of the individual and for the unity and integrity of the nation" എന്നാണ്. ഒരു മനുഷ്യന് ഏറ്റവും ആവശ്യം dignity അഥവാ അന്തസ്സോടുകൂടി ജീവിക്കുക എന്നുള്ളതാണ്. ആരുടെയും മുന്നിൽ ഓച്ഛാനിച്ചുനിൽക്കാതെ തലയുയർത്തിപ്പിടിച്ച് നിൽക്കാനുള്ള അവകാശം നൽകുന്ന ഭരണഘടനയാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും കൂടി കീറിമുറിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഭരണഘടനയുടെ കാമ്പ് അനുച്ഛേദം 14 ആണ്. ഭരണഘടനയുടെ ആ കാമ്പ് തന്നെ തകർത്തിട്ടുണ്ടെങ്കിൽ അതിനർത്ഥം ഭരണഘടനതന്നെ തകർക്കപ്പെട്ടിരിക്കുന്നു എന്നാണ്. ഇന്ത്യൻ പ്രദേശത്തിനകത്തുള്ള ഒരാൾക്ക് നിയമത്തിന്റെ മുന്നിൽ സമത്വമോ തുല്യമായ നിയമ സംരക്ഷണമോ ഈ രാഷ്ട്രം നിഷേധിച്ചുകൂടാത്തതാണ് എന്നുപറഞ്ഞാൽ, Equality before law, Equal protection of the law തുടങ്ങിയ രണ്ട് കാര്യങ്ങളും ഒരു വ്യക്തിക്ക് ലഭിക്കേണ്ടതാണ്. ഈ equality തകർക്കപ്പെടുന്നതാണ് CAA എന്നുപറയുന്ന പുതിയ ഈ നിയമം. CAA ഭരണഘടനയുടെ അന്ത:സത്തയെ ചോദ്യം ചെയ്യുന്നതാണ്. CAA-യും NRC-യും NPR-ഉം പരസ്പര പൂരകങ്ങളാണ്. ഇവിടെ ഗീബത്സ്യൻ കള്ളം പറഞ്ഞുകൊണ്ട്, NRC-ക്കും

NPR-നും ബന്ധമില്ലെന്നാണ് ശ്രീ. അമിത് ഷാ പറയാൻ ശ്രമിക്കുന്നത്. പക്ഷേ, 2003-ൽ ഇറങ്ങിയ Citizenship (Registration of Citizens and Issue of National Identity Cards) Rule, 2003 നോക്കിയാൽ NRC-യും NPR-ഉം എങ്ങനെ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. റൂൾ 3-ഉം 4-ഉം വായിച്ചാൽ, റൂൾ 3 പറയുന്നത് NPR-നെക്കുറിച്ചാണെങ്കിൽ റൂൾ 4 പറയുന്നത് NPR-ഉം NRC-യും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് എന്ന് മനസ്സിലാക്കാം. റൂൾ 3 കൃത്യമായി NRC-യെ വിശദീകരിക്കുന്നു, റൂൾ 4 NPR-ഉം NRC-യും തമ്മിൽ എങ്ങനെ ചേർന്ന് നിൽക്കുന്നു എന്ന് പറയുന്നു. മാത്രമല്ല, ഇതിനുപുറമെ, " NPR is the first step towards the NRC" എന്നാണ് വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് ഹോം അഫയേഴ്സ് എല്ലാ വർഷവും ഇറക്കുന്ന ആന്വൽ റിപ്പോർട്ടിൽ പറയുന്നത്. അപ്പോൾ NPR-ഉം ഈ രാജ്യത്ത് നടപ്പിലാക്കാൻ തീരുമാനിച്ചത് എന്തിനാണ്? നമുക്ക് ശ്രീ. അമിത് ഷാ-യോട് ചോദിക്കാനുള്ള ചോദ്യം, സെൻസസ് നടക്കുമ്പോൾ ഇവിടെ എന്തിനാണ് എൻ.പി.ആർ. എന്നതാണ്. എൻ.ആർ.സി.-ക്ക് വേണ്ടി മാത്രം തീരുമാനിച്ചിട്ടുള്ളതാണ് എൻ.പി.ആർ. എന്നാണ് റൂൾ പറയുന്നത്. അപ്പോൾ ഇവിടെ യഥാർത്ഥത്തിൽ

ഗോൾവാൽക്കർ-ന്റെ സിദ്ധാന്തം നടപ്പിലാക്കുന്നതിനുള്ള ആദ്യ പടിയാണിത്. ഇവിടെ എല്ലാവരും സൂചിപ്പിച്ച, 'We or Our Nationhood Defined' എന്ന പുസ്തകം; അതാണ് ആർ.എസ്.എസ്.-ന്റെ ബൈബിൾ. അതിൽ പറയുന്നത് ദേശീയതയ്ക്ക് ആവശ്യം താഴെപ്പറയുന്ന അഞ്ച് കാര്യങ്ങളാണ് എന്നാണ്. (i) Geographical boundary; ഒരു രാഷ്ട്രം ഉണ്ടായിരിക്കണം, (ii) Race, (iii) Religion, (iv) Culture, (v) Language. സത്യത്തിൽ ഈ അഞ്ച് കാര്യങ്ങളും ഓരോന്നോരോന്നായി ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആരാണ് ഗോൾവാൽക്കർ? അദ്ദേഹം അദ്ദേഹത്തിന്റെ ആശയം എടുത്തിരിക്കുന്നത് കൃത്യമായും ഫാസിസത്തിൽ നിന്നാണ്. നമ്മളെല്ലാവരും ഫാസിസത്തിനും നാസിസ്സത്തിനും ഹിറ്റ്ലർ, മുസോളിനി എന്നിവരുടെ പേരുകളാണ് യഥാക്രമം കേട്ടിട്ടുള്ളത്. പക്ഷെ നമ്മളാരെങ്കിലും Ludwig Gumplowicz എന്നുപറയുന്ന ഒരു പേര് കേട്ടിട്ടുണ്ടോ? Ludwig Gumplowicz എന്നുപറയുന്നത് ഫാസിസ്സത്തിന്റെ ideology ഉണ്ടാക്കിയ ആളാണ്. അദ്ദേഹത്തിൽ നിന്ന് ആശയം ഉൾക്കൊണ്ടാണ് ഞാനിത് എഴുതുന്നതെന്ന് 'We or Our Nationhood Defined' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ

തന്നെ ഗോൾവാൽക്കർ വ്യക്തമായി പറയുന്നുണ്ട്. ഇവർക്ക് പണ്ടുമുതൽക്കേ ഇറ്റലിയും ജർമ്മനിയുമായി ബന്ധമുണ്ട്. ഇറ്റലിയിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ ഡോ. ബി. എസ്. മൂഞ്ചേ എന്നുപറയുന്ന ഹെഡ്ഗേവാറിന്റേയും ഗുരുനാഥൻ പങ്കെടുത്തിട്ടുണ്ട് എന്ന് 'Hindu Nationalism: A Reader' എന്നു പറയുന്ന Christophe Jaffrelot എഴുതിയ പുസ്തകത്തിൽ പറയുന്നുണ്ട്. അതിൽ കൃത്യമായി ഇവരുടെ ബന്ധങ്ങളെക്കുറിച്ചും പറയുന്നുണ്ട്. 'The Volkischer Beobachter' എന്ന പേരിൽ ഹിറ്റ്ലർ പുറത്തിറക്കിയിരുന്ന പത്രത്തിൽ വി. ഡി. സാവർക്കർ-നെ പ്രകീർത്തിച്ചുകൊണ്ടുള്ള ലേഖനങ്ങൾ വന്നിട്ടുണ്ട്. അപ്പോൾ ഹിറ്റ്ലറും വി. ഡി. സാവർക്കറും ഡോ.മൂഞ്ചേയുമൊക്കെ തമ്മിൽ ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള ഫാസിസ്റ്റ് തന്ത്രങ്ങൾകൊണ്ടുതന്നെയാണ് 'അടിവേരുകളോളം അഭിപ്രായ വ്യത്യാസമുള്ള സംസ്കാരങ്ങൾക്ക് ഒരുമിച്ച് നിൽക്കാൻ പറ്റില്ല' എന്ന് ഗോൾവാൽക്കർ പറയുന്നത്. നമ്മൾ ജർമ്മനിയിൽ നിന്നും പാഠം പഠിക്കണം. ഹിന്ദുവല്ലാത്തവർക്ക് ഈ രാജ്യത്ത് യാതൊരു ആനുകൂല്യവും പറ്റാതെ വേണമെങ്കിൽ ജീവിക്കാം. അതാണ് പറഞ്ഞത് dignity ഇല്ലാതെ ജീവച്ഛവങ്ങൾപോലെ നിങ്ങൾ ഇവിടെ

കഴിഞ്ഞുകൊള്ളൂ എന്നുപറയുന്നതിന് വ്യക്തമായ ഉദാഹരണമാണ് ഇപ്പോഴും ഗുജറാത്തിൽ വലിയ മതിൽ കെട്ടി അതിന്റെ അപ്പുറത്ത് ജീവിക്കുന്ന പാവപ്പെട്ടവരെ നിങ്ങൾക്ക് കാണാൻ സാധിക്കും എന്നത്. അവരെ തിരിഞ്ഞ് നോക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ട് എന്നുള്ളത് വളരെ കൃത്യമായി നമ്മൾ ഓർക്കേണ്ട ഒരു കാര്യമാണ്. ഈ രാജ്യം എങ്ങോട്ട് പോകുന്നു? ദേശീയതയെക്കുറിച്ചും ദേശസ്നേഹത്തെക്കുറിച്ചും ഇവർ സംസാരിച്ചുകൊണ്ടിരിക്കുന്നു. എന്നുമുതലാണ് ഇവർ ദേശീയ പതാകയെ മാനിക്കാൻ തുടങ്ങിയത്? 2001-ന് ശേഷമാണ് ദേശീയപതാകയെ ഇവർ മാനിക്കുന്നത്. അതുവരെ ഇവർ കാവിപതാക മാത്രമാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ദേശീയപതാക ഉയർത്തുമ്പോൾ നാഗ്പൂരിൽ നാഥൂറാം വിനായക ഗോഡ്സെ അടക്കം കാവി പതാക ഉയർത്തുന്ന ഒരു സാഹചര്യം ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. അവരാണ് ഇന്ന് നമ്മളെ ദേശീയത പഠിപ്പിക്കുന്നത്. അവർക്ക് ദേശീയത പഠിപ്പിക്കാൻ എന്താണ് അവകാശം? ഇവിടെ tricolour എന്നുപറഞ്ഞുകഴിഞ്ഞാൽ അതൊരു bad omen ആണെന്നാണ് അവർ

പറഞ്ഞിട്ടുള്ളത്. അതൊരു ചീത്ത ലക്ഷണമാണ്. The people who have come to power by the kick of fate may give in our hands the tricolour, but it never be respected and owed by the Hindus. The word three is in itself an evil. മൂന്ന് എന്നുപറയുന്നത് തന്നെ ഒരു evil ആണ്. ....and a flag having three colours will certainly produce a very bad psychological effect and is injurious to a country. ഈ ത്രിവർണ്ണ പതാക രാജ്യത്തിന് ഹാനികരമാണെന്നാണ് 1947 ഓഗസ്റ്റ് 14-ാം തീയതി 'Organiser' എന്നുപറയുന്ന ആർ.എസ്.എസ്.-ന്റെ മുഖപത്രത്തിൽ വന്നിട്ടുള്ള വാചകം. പ്രിയപ്പെട്ട രാജേട്ടാ (ശ്രീ. ഒ. രാജഗോപാൽ), അങ്ങയുടെ പ്രധാനമന്ത്രി ഇന്ന് ദേശീയപതാക ഉയർത്തിക്കൊണ്ട് ഞങ്ങളെ ദേശീയത പഠിപ്പിക്കാൻ വരികയാണ്. അദ്ദേഹം ആദ്യം ചരിത്രം പഠിക്കട്ടെ. ആർ.എസ്.എസ്.-ന്റെ ശാഖയിൽ നിന്നാണ് അദ്ദേഹം വന്നിട്ടുള്ളതെങ്കിൽ ആദ്യം അദ്ദേഹം ഈ പറയുന്ന കാര്യത്തിന് മറുപടി പറഞ്ഞതിനുശേഷം മതി ഞങ്ങളോട് ഞങ്ങളുടെ പൗരത്വം തെളിയിക്കുന്ന രേഖകൾ ചോദിക്കാൻ എന്ന് അങ്ങയോട് വിനീതമായി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇവിടെ ദേശീയത എന്നുപറയുന്നത് ചില ആളുകൾക്ക് മാത്രം

പറഞ്ഞിട്ടുള്ളതല്ല. നിങ്ങൾക്കറിയാമോ എന്റെ പിതാവ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മൃതദേഹം ദർബാർ ഹാളിൽ പൊതുദർശനത്തിന് വയ്ക്കുകയുണ്ടായി. അന്ന് കെ. കരുണാകരൻ അദ്ദേഹത്തിന്റെ ശരീരത്തിനുമേൽ ഒരു ത്രിവർണ്ണ പതാക പുതപ്പിച്ചതിനുശേഷമാണ് മൃതദേഹം അന്ത്യയാത്രയ്ക്ക് വീണ്ടും കോഴിക്കോട്ടേയ്ക്ക് പോയത്. ആ ത്രിവർണ്ണ പതാകയുമായി അന്ത്യയാത്ര നടത്തിയ എന്റെ പിതാവിന്റെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ എനിക്ക് പൗരത്വം കിട്ടൂ എന്നുപറഞ്ഞാൽ അത് കൊടുക്കാൻ മനസ്സില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ ദേശസ്നേഹത്തെ ചോദ്യം ചെയ്യാൻ ഇവിടെ ആരും വളർന്നിട്ടില്ല. ഇന്ത്യ-ചൈന യുദ്ധം നടക്കുന്ന സമയത്ത് 'എന്റെ ഏകമകൻ മിയാ ഖാനെ പുത്രദാനം ചെയ്യാം' എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് കത്തെഴുതിയ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് എന്ന വ്യക്തിയുടെ രാഷ്ട്രീയ പ്രസ്ഥാനത്തെ ചോദ്യം ചെയ്യാൻ ഇവിടെ ആരും വളർന്നിട്ടില്ല. ഞങ്ങൾ എവിടെയെങ്കിലും ഒരു പതാക ഉയർത്തുമ്പോഴേയ്ക്കും ഞങ്ങൾ പാക്കിസ്ഥാൻകാരനാണ് എന്നുപറയുന്ന ബി.ജെ.പി.-യുടെ ആ ഒരു നിലപാടിന് മുൻപിൽ തല കുനിക്കാൻ ഞങ്ങൾ തയ്യാറല്ല. ഇത് മുസ്ലീമിന്റെ

മാത്രം വിഷയമായി ഞങ്ങൾ കാണുന്നില്ല. നാളെ ഇത് ദളിതന്റെ വിഷയമായി മാറും, ക്രിസ്ത്യാനിയുടെയും മറ്റ് ന്യൂനപക്ഷത്തിന്റെയും ട്രാൻസ്ജെന്റേഴ്സിന്റേയും പ്രശ്നമായി മാറും. മാത്രമല്ല കുറച്ചുകഴിഞ്ഞാൽ ഇത് ഇവിടെത്തെ നായർ, ഈഴവ സമുദായത്തിന്റേയും പ്രശ്നമായി മാറും. കാരണം ഇവരെ സംബന്ധിച്ചിടത്തോളം മനുസ്മൃതിയാണ് ഇവരുടെ കോൺസ്റ്റിറ്റ്യൂഷൻ. നമ്മുടെ നിലവിലെ കോൺസ്റ്റിറ്റ്യൂഷൻ മാറ്റി മനുസ്മൃതി വരണം എന്ന് ആഗ്രഹിക്കുന്നവർക്ക് മറ്റുള്ള ഒരു വിഭാഗവും പ്രശ്നമല്ല. പാസ്റ്റർനെയ്മുള്ള പറഞ്ഞതുപോലെ എല്ലാ വാതിൽക്കലും പോയി മുട്ടുമ്പോഴൊക്കെ ഞാൻ നിശബ്ദനായി നിന്നാൽ അവസാനം എന്റെ അടുത്തേയ്ക്ക് വരുമ്പോൾ എനിക്കുവേണ്ടി ശബ്ദിക്കാൻ അയൽവാസികൾ ഉണ്ടാകില്ല. അദ്ദേഹം കമ്മ്യൂണിസ്റ്റുകാരുടെ വീട് വന്ന് മുട്ടിയപ്പോഴും ജൂതന്റെയും കത്തോലിക്കന്റെയും വീടുകളിൽ മുട്ടിയപ്പോഴുമൊക്കെ ഞാൻ മിണ്ടാതിരുന്നു അവസാനം എന്നെ സഹായിക്കാൻ ആരുമുണ്ടായില്ല എന്നുപറയുന്ന ഒരു സാഹചര്യം നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും ഇത് എല്ലാവരുടേയും വിഷയമാണ്. അതുകൊണ്ടുതന്നെയാണ് ഒരു മുസ്ലീമിന് പോറലേറ്റാൽ ആ നിമിഷം ഇവിടത്തെ ഹിന്ദുവിന്റേയും ക്രിസ്ത്യാനിയുടേയും

മനസ്സ് പിടയ്ക്കുമെന്ന ഇന്ത്യയുടെ മതേതരത്വം ഈ രാജ്യത്തെ പ്രക്ഷോഭത്തിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. രണ്ട് ദിവസം മുൻപ് കോതമംഗലത്തുള്ള മാർത്തോമാ ചെറിയപള്ളിയിൽ അവിടത്തെ ഉച്ചഭാഷിണിയിലൂടെ അപ്രതീക്ഷിതമായി മനോഹരമായ ബാങ്കൊലികൾ വരുന്നു. അവിടേയ്ക്ക് മുസ്ലീം സഹോദരന്മാർ കടന്നുചെന്നു, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തുന്നു. ഇതാണ് ഇവിടത്തെ മതേതരത്വം. ഇവിടെ പല ക്ഷേത്രങ്ങളിലും അവിടത്തെ വിഗ്രഹങ്ങളിൽ അഭിഷേകം ചെയ്യുന്ന പാൽ തൊട്ടടുത്ത മുസ്ലീം വീടുകളിൽനിന്നും കൊടുത്തയയ്ക്കുന്നതാണ്. അങ്ങനെയുള്ള ഒരു സംസ്കാരമാണ് നമുക്കുള്ളത്. ഇന്ത്യയുടെ സംസ്കാരവും അതുതന്നെയാണ്. 'ഗംഗാഷ്ടകം' എന്ന ഗംഗയെക്കുറിച്ചുള്ള മനോഹരമായ പുസ്തകം എഴുതിയിട്ടുള്ളത് ജാഫർ ഖാൻ എന്നുപറയുന്ന വ്യക്തിയാണ്. ഖയാൽ, തരാന തുടങ്ങിയിട്ടുള്ള സംഗീത ശാഖകൾ ഉണ്ടാക്കിയിട്ടുള്ള 'അമീർ ഖുസ്രു' എന്നുപറയുന്ന പ്രഗത്ഭനായ സംഗീതജ്ഞൻ സംഗീതം പഠിക്കുന്നത് ഡക്കാനിൽനിന്നും കുടിയേറിപ്പാർത്തിരുന്ന 'നായക് ഗോപാൽ' എന്നുപറയുന്ന ഹിന്ദു സഹോദരനിൽനിന്നാണ്. അങ്ങനെ വളർന്നിട്ടുള്ള ഒരു

സംസ്കാരത്തെ ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയുമായി വെട്ടിനുറുക്കി അമിത് ഷായും മോദിയും ഇന്ത്യയെ തകർക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് സംജാതമായിരിക്കുന്നത്. ഇത് നോക്കി നിൽക്കാൻ നമുക്ക് സാധിക്കില്ല എന്നുള്ളതുകൊണ്ടാണ് നമുക്കിവിടെ ഒരുമിച്ചിരിക്കാൻ പറ്റിയത്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും എന്റെ നന്ദി പ്രകാശിപ്പിക്കുകയാണ്. അദ്ദേഹവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയിട്ടുള്ള യോഗത്തിൽ ഇങ്ങനെ ഒരുമിച്ചിരിക്കുന്ന സെഷൻ ഉണ്ടാകണമെന്നാഗ്രഹിച്ചു. അതിന് തയ്യാറായിട്ടുള്ള ബഹുമാനപ്പെട്ട സ്പീക്കറോടും ഞാൻ നന്ദി പ്രകാശിപ്പിക്കുകയാണ്. നമ്മുടെയൊക്കെ നെഞ്ചിന്റെ മുകളിലൂടെ കയറിയിട്ടല്ലാതെ ഇവിടെ ഈ നിയമം പാസ്സാക്കാൻ സാധിക്കില്ല എന്ന ഉറച്ച നിലപാടാണ് നമുക്ക് ഒരുമിച്ച് എടുക്കാനുള്ളത്. തലച്ചോറില്ലാതെ ജനിച്ചിട്ടുള്ള സയാമീസ് ഇരട്ടകളായ മോദിയും അമിത് ഷായും നൽകുന്ന തിട്ടൂരത്തിനനുസരിച്ച് തലയിലുള്ളത് കക്ഷത്ത് വച്ച് ഓച്ഛാനിച്ച് നിൽക്കാൻ കേരളത്തിലുള്ള ജനങ്ങളെ കിട്ടില്ല എന്നുള്ള ഉറച്ച പ്രഖ്യാപനമാണ് നമ്മൾ ഇതിലൂടെ നടത്താൻ പോകുന്നത്. അതുകൊണ്ടുതന്നെ ഇതിന് വലിയ പ്രതിധ്വനികൾ പുറത്തുണ്ടാകുമെന്ന

കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം കേരളം എല്ലാത്തിനും മുന്നിലാണ്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് നൽകിയിട്ടുള്ള ഒരു ചെറിയ ഭേദഗതിയുണ്ട്. ആ ഭേദഗതി കൂടി സ്വീകരിച്ചുകഴിഞ്ഞാൽ... കാരണം നമുക്ക് ഇത് തൽക്കാലം നിർത്തിവയ്ക്കണം എന്നുള്ളതാണ് നമ്മുടെ ആവശ്യം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വാതിൽ തുറക്കുന്നതിനുമുൻപ് മുസ്ലീംലീഗ് അവിടെ പോയി കേസ് കൊടുത്തിട്ടുണ്ട്. പ്രതിപക്ഷ നേതാവും കേസ് കൊടുത്തിട്ടുണ്ട്. പലരും അതിൽ കക്ഷി ചേർന്നുകൊണ്ടിരിക്കുകയാണ്. ഭരണഘടനയെത്തന്നെ ചോദ്യം ചെയ്യുതിരിക്കുന്നു എന്നുള്ളതുകൊണ്ട് ഈ കേസ് അനുകൂലമായി വരും എന്ന ശുഭാപ്തി വിശ്വാസമാണ് നമുക്കുള്ളത്. അതുകൊണ്ട് ഈ വിഷയത്തിൽ ഇങ്ങനെയൊരു ചർച്ചയ്ക്ക് തയ്യാറായതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട സ്പീക്കറോടും ഇതിന് പ്രേരകമായി നിന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഒരു വിഷയംകൂടി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്റെ പേരിൽ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഇവിടത്തെ പോലീസ് ബി.ജെ.പി.-യുടെ ചട്ടുകമായി മാറുന്നുവെന്ന്

തോന്നിക്കുന്ന രീതിയിലുള്ള നടപടികൾ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഒന്ന് തൊട്ടാൽ പി.ഡി.പി.പി. ആക്ട് ചുമത്തി നാലും അഞ്ചും ദിവസം പ്രക്ഷോഭകരെ ജയിലിൽ കിടത്തുന്ന ഒരു അവസ്ഥാ വിശേഷം ഇനി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഇവിടത്തെ പ്രക്ഷോഭം മാത്രമല്ല നമ്മൾ നോക്കേണ്ടത് ഇന്ത്യ മുഴുവൻ പ്രക്ഷോഭത്തിലാണ്. വെടിയേറ്റ് പലരും മരിച്ചുവീണുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഈ പ്രക്ഷോഭം രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ പ്രക്ഷോഭമായി നമുക്ക് കണക്കാക്കേണ്ടതുണ്ട് എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ പ്രമേയം സഭ ചർച്ച ചെയ്ത് അംഗീകരിക്കുന്നതിലൂടെ നമ്മുടെ കേരളം രാജ്യത്തിന് മാതൃക കാണിക്കാൻ പോകുകയാണ്. പൗരത്വ നിയമ ഭേദഗതി 2019-ന്റെ യഥാർത്ഥത്തിലുള്ള ഉള്ളടക്കം അടിമുടി രാജ്യദ്രോഹമാണ്. ആ രാജ്യദ്രോഹ ഉള്ളടക്കമുള്ള ഒരു നിയമ ഭേദഗതിക്കെതിരായി, അതിവിടെ നടപ്പാക്കില്ലായെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ആദ്യമായി ആർജ്ജവത്തോടെ പ്രഖ്യാപിച്ചപ്പോൾ കേരളീയരെന്ന നിലയിൽ നമ്മളെല്ലാവരും അഭിമാനിച്ചതാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഒരുമിച്ചുനിന്നുകൊണ്ട് കേരളത്തിന്റെ സമുജ്ജ്വലമായ മതനിരപേക്ഷ പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് വലിയ സമരമുഖം തുറന്നത് രാജ്യത്തിന്

മാതൃകയായിരുന്നു. ഇതോടുകൂടി രാജ്യത്ത് ആദ്യമായി, രാജ്യദ്രോഹ ഉള്ളടക്കമുള്ള ഈ നിയമത്തിനെതിരായി ഒരു പ്രമേയം കൊണ്ടുവരുന്ന നിയമസഭയെന്ന ഖ്യാതിയും നമ്മുടെ സഭയ്ക്ക് ഉണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ വളരെ ശക്തമായി പിന്തുണയ്ക്കുന്നു. ഒരു മതേതര ഭരണഘടനയ്ക്ക് കീഴിൽ ഇതുവരെ നമ്മുടെ പൗരത്വം എങ്ങനെ നിർണ്ണയിക്കപ്പെട്ടുവെന്നും ഈ ഭേദഗതിയോടെ അത് എങ്ങനെയെല്ലാം വികൃതമായിയെന്നുള്ള കാര്യമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ജന്മം കൊണ്ട്, പാരമ്പര്യം വഴി, ദീർഘകാലമായിട്ടുള്ള സ്ഥിരമായ താമസത്തിലൂടെ, പ്രത്യേക രജിസ്ട്രേഷൻ വഴി ഇങ്ങനെയെല്ലാമാണ് സാധാരണഗതിയിൽ പൗരത്വം ഇവിടെ നൽകി വരുന്നത്. മതത്തിന്റെയോ, ജാതിയുടെയോ പേരിലുള്ള പൗരത്വം നൽകലോ നിഷേധിക്കലോ ഒന്നുംതന്നെ ഇവിടെ ഉണ്ടായിരുന്നില്ല. ലോകത്തിൽ മതാധിഷ്ഠിത രാഷ്ട്രങ്ങളുണ്ട്. അവിടെപ്പോലും മതത്തിന്റെ പേരിൽ പൗരത്വമില്ല. സിയോണിസ്റ്റ് ഭീകരതയെ പ്രതിനിധാനം ചെയ്യുന്ന ഇസ്രായേലിലാണ് മതത്തിന്റെ പേരിൽ പൗരത്വം കൊടുക്കുന്ന രീതിയുള്ളത്. അവിടേയ്ക്കാണ് ഇന്ത്യയും കടന്നുവരാൻ പോകുന്നത്. ഇന്ത്യയിൽ പൗരത്വം അല്ലെങ്കിൽ ഐഡന്റിറ്റി എന്നുപറഞ്ഞ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത് 'ഇന്ത്യൻ' എന്നുള്ളതാണ്. ഇവിടെ ബി.ജെ.പി.-യുടെ

ബഹുമാന്യനായ അംഗം ഒ. രാജഗോപാൽ സംസാരിക്കുന്ന സമയത്ത് ഈ നിയമ ഭേദഗതിയിലൂടെ ആരെയും മാറ്റിനിർത്തിയിട്ടില്ലായെന്ന് പറയുകയുണ്ടായി. ഏറ്റവും വലിയ ഫാസിസ്റ്റായ ഹിറ്റ്ലറുടെ പ്രചാരണ വകുപ്പുമന്ത്രി ജോസഫ് ഗീബൽസിന്റെ കേരള പതിപ്പായിട്ടാണ് അദ്ദേഹം ഇന്നിവിടെ അവതരിച്ചത്. 'ഒരു നുണ ആയിരം തവണ ആവർത്തിച്ചാൽ അത് സത്യമായി പരിണമിക്കുമെന്ന' സിദ്ധാന്തം ബി.ജെ.പി.-യും ആർ.എസ്.എസ്.-കാരും ഇന്ത്യയിലാകെ പറയുന്നു. അതാണ് അദ്ദേഹവും ഇവിടെ ഉദ്ധരിച്ചത്. വളരെ വ്യക്തമായി പറയുകയാണ്. അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് വരുന്ന ആളുകളെന്ന് പറയുമ്പോൾ, മതങ്ങൾ പറയുകയാണ്, ഹിന്ദു, സിക്ക്, പാഴ്സി, ജൈനൻ, ബുദ്ധൻ, ക്രിസ്ത്യൻ തുടങ്ങിയ വിഭാഗങ്ങളിലുള്ള ആളുകൾക്ക് അനായാസേന പൗരത്വം സിദ്ധിക്കാനുള്ള ഭേദഗതിയാണ് കൊണ്ടുവന്നത്. നമ്മുടെ സമൂഹത്തിലെ ഗണ്യമായ വിഭാഗം മുസ്ലീങ്ങളെ ബോധപൂർവ്വം ഒഴിവാക്കിയെന്നുള്ളതാണ്. ഈ ഭേദഗതിയിലൂടെ പൗരത്വം സിദ്ധിക്കാനുള്ള യോഗ്യത മുസ്ലീം ആകാതിരിക്കുക എന്നതാണ്, അങ്ങനെ വരികയാണ്. എന്നാൽ അത് മുസ്ലീങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല, നാളെ ഓരോരുത്തരെയായി അവർ ലക്ഷ്യമിടുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ വളരെ നിഷ്കളങ്കമായ,

മാനവികമായ, ഉദാത്തമായ സമീപനം സ്വീകരിച്ചുകൊണ്ടാണ് ഈ ഭേദഗതിയെങ്കിൽ, നമ്മുടെ അയൽ രാജ്യങ്ങളുമായി ബന്ധപ്പെട്ട് ഇങ്ങോട്ട് വരാനിടയുള്ള മറ്റ് എത്ര വിഭാഗങ്ങളുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കണ്ടേ? തമിഴ് വംശജരുടെ പ്രശ്നം....., ഇപ്പോൾ പാക്കിസ്ഥാനിലെ ന്യൂനപക്ഷ പീഡനത്തെക്കുറിച്ച് പറയുമ്പോൾ, അവിടെ മതപരമായ പീഡനത്തിന് വിധേയരാകുന്ന അഹമ്മദീയ വിഭാഗമുണ്ട്. എന്തുകൊണ്ടാണ് അവരെ ഉൾപ്പെടുത്താതിരുന്നത്; അതുപോലെ റോഹിങ്ക്യൻ മുസ്ലീങ്ങളുടെ പ്രശ്നം വന്നിട്ടുണ്ട്. നമ്മുടെ മുമ്പിൽ വന്ന പ്രശ്നങ്ങളാണ്, ഇതെല്ലാം വളരെ ബോധപൂർവ്വം ഒഴിവാക്കി നിർത്തിക്കൊണ്ട് ഒരു പ്രത്യേക ലക്ഷ്യം അവർ ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ മതനിരപേക്ഷ ഭരണഘടനയുടെ അടിസ്ഥാനശിലയെ തകർക്കും വിധത്തിൽ ഭരണഘടനയുടെ അനുച്ഛേദം 13, 14, 15 ഇതിന്റെയെല്ലാം കാഴ്ചപ്പാടുകളെയും പരികല്പനകളെയും എങ്ങനെയാണ് ഈ നിയമ ഭേദഗതിയിലൂടെ തകർത്തെറിയുന്നതെന്ന് എല്ലാവരും ഇവിടെ വിശദീകരിച്ചു. അതിനാൽ അക്കാര്യം ആവർത്തിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ പലരും പറഞ്ഞതുപോലെ, ഇതേരീതിയാണ് നാസി ജർമ്മനിയിൽ ന്യൂറൻബർഗ് നിയമ ഭേദഗതിയിലൂടെ ഹിറ്റ്ലർ നടപ്പിലാക്കിയത്. അവിടെ ആദ്യം പൗരത്വം ഇല്ലാതാക്കുകയും പിന്നീട് സ്വകാര്യ സ്വത്തവകാശം

ജൂതൻമാർക്ക് നിഷേധിക്കുകയും ചെയ്തു. ഇങ്ങനെ പടിപടിയായാണ് കാര്യങ്ങൾ ചെയ്തത്. 'സിറ്റിസൺ' അഥവാ 'പൗരൻ' എന്ന പദവിയിൽനിന്നും ജൂതൻമാരെ ഒഴിവാക്കി, അവരെ വെറും സബ്ജക്ടാക്കി മാറ്റി, എന്നുവച്ചാൽ വെറും പ്രജകളാക്കി മാറ്റി. ഭരണഘടന ഉറപ്പുനൽകുന്ന പൗരാവകാശങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് ഭരണാധികാരികളുടെ കാരുണ്യത്തിനുവേണ്ടി അടിമകളെപ്പോലെ ജീവിക്കേണ്ടി വന്ന അവസ്ഥയിലേയ്ക്ക് നാസി ജർമ്മനിയിൽ യഹൂദൻമാരെ എങ്ങനെയാണോ മാറ്റി തീർത്തത്, അതേ സമീപനം വളരെ സമർത്ഥമായി, ഒരുപക്ഷെ അതിനെക്കാൾ ആസൂത്രിതമായി ഇവിടെ നടത്തുകയാണ്. ആർ.എസ്.എസ്.-ന്റെ പ്രത്യയ ശാസ്ത്ര രാഷ്ട്രീയ നേതൃത്വം അംഗീകരിക്കുന്ന ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം വളരെ ചിട്ടയായി, പടിപടിയായി, അതിസമർത്ഥമായി അവരുടെ ഹിന്ദുത്വ അജണ്ട എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് ഈ കാലയളവിൽ നമ്മൾ കണ്ടു. 'ഒരു രാജ്യം ഒരു നിയമം' എന്നുപറഞ്ഞുകൊണ്ട് കാശ്മീരിന്റെ പ്രത്യേക പദവിയെടുത്തു കളഞ്ഞു. അക്കാര്യം നമ്മൾ ചർച്ച ചെയ്തതാണ്. അതേസമയം, ഇവിടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്ക് പലയിടത്തും അവരുടെ ഇഷ്ടമനുസരിച്ച് പ്രത്യേക പദവി കൊടുത്തു. കാശ്മീർ അവരെ അസ്വസ്ഥമാക്കുന്നത് അവിടെ ഭൂരിപക്ഷം മത ന്യൂനപക്ഷങ്ങളുണ്ടെന്നുള്ളതുകൊണ്ടാണ്. അവർ മതേതര ഇന്ത്യയോടൊപ്പം

എല്ലാകാലത്തും നിന്നവരായിരുന്നു. അവരെ രാജ്യത്തിന്റെ ശത്രുക്കളാക്കി മാറ്റാനുള്ള ആശയ പ്രചരണങ്ങൾ ഇവർ നടത്തി. അതുപോലെ തന്നെയാണ് മുത്തലാഖ് ബില്ലിന്റെ കാര്യത്തിലുമുണ്ടായത്. മറ്റെല്ലാ സമുദായത്തിലും വിവാഹമോചന പ്രശ്നം ഒരു സിവിൽ കേസായി പരിഗണിക്കുമ്പോൾ, മുസ്ലീങ്ങളുടെ കാര്യത്തിൽ മാത്രം അത് ക്രിമിനൽ കേസായി പരിഗണിച്ചുവെന്നുള്ളതുകൊണ്ടാണ് നമ്മളെല്ലാം അതിനെ എതിർത്തത്. അവിടെയും ഇരട്ടനീതിയാണ് കാണിച്ചത്. കാശ്മീരിന്റെ കാര്യത്തിൽ പ്രത്യേക പദവിയുടെ പ്രശ്നം വന്നപ്പോൾ ഒരേ നീതിയല്ല രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങൾക്കും, അവിടെ ഇരട്ട നീതി കാണിച്ചു. അതുപോലെ മുത്തലാഖ് ബില്ലിന്റെ കാര്യത്തിലും കാണിച്ചു. ഇപ്പോൾ ഈ പൗരത്വ നിയമ ഭേദഗതിയുടെ കാര്യത്തിലും അതുതന്നെയാണ് നമ്മൾ കാണുന്നത്. ഏറ്റവുമൊടുവിൽ കൂടുതൽ അപകടകരമായ ഒരു ചുവടുവയ്പ് ഇപ്പോൾ നടത്തി. നമ്മുടെ സേനാ വിഭാഗങ്ങൾക്ക് സംയുക്തമായ ഒരു സേനാ മേധാവിയെ ഇവിടെ അവരോധിച്ചിരിക്കുകയാണ്. ആ സേനാമേധാവി ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ആർ.എസ്.എസ്.-ന്റെ ഏറ്റവും വിഷലിപ്തമായ ആശയങ്ങൾക്ക് അനുകൂലമായി രാഷ്ട്രീയ പ്രസ്താവന നടത്തിയ ആളാണ്. അദ്ദേഹത്തെ അവിടെ അവരോധിക്കുന്നതിലൂടെ അവർ നൽകുന്ന സൂചന എന്താണ്; ആർ.എസ്.എസ്.-

ന് അവരുടെ ഹിന്ദുത്വ അജണ്ട നടപ്പാക്കാൻ ശ്രീ. നരേന്ദ്ര മോദിയോ അല്ലെങ്കിൽ ശ്രീ. അമിത് ഷായോ ശ്രീ. ഒ. രാജഗോപാലോ ഒന്നും വേണമെന്നില്ല. അത് സൈനിക മേധാവിയായ ശ്രീ. ബിപിൻ റാവത്ത് ആയാലും മതി. ആർ.എസ്.എസ്.-ന് അനുകൂലമായി ഒരു പട്ടാള അട്ടിമറി നടത്തിക്കൊണ്ടാണ് അവരുടെ ഹിന്ദുരാഷ്ട്ര സങ്കൽപ്പം ഇവിടെ യാഥാർത്ഥ്യമാക്കാൻ അവർ ഉദ്ദേശിക്കുന്നതെങ്കിൽ അതുവഴി നടപ്പാക്കും. അതിനുള്ള ആദ്യ ചുവടുവയ്പ്പായി ഇതിനെ കാണേണ്ടതുണ്ട്. ആർ.എസ്.എസ്.-എന്നുപറഞ്ഞാൽ അതൊരു വെറും സാധാരണ പ്രസ്ഥാനമല്ല. ഇവിടെ ബഹുമാനപ്പെട്ട ഒ. രാജഗോപാൽ സംസാരിക്കുമ്പോൾ രാഷ്ട്രവും രാഷ്ട്രീയവും രണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ച സമയത്ത് നമ്മുടെ രാഷ്ട്രം, ആധുനിക ഇന്ത്യ എങ്ങനെ രൂപപ്പെട്ട് വന്നുവെന്ന് ഏറ്റവും ഉജ്ജ്വലമായി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ വ്യത്യസ്ത മതങ്ങളും ജാതികളും ഉപജാതികളും ദേശീയ ജനവിഭാഗങ്ങളുമെല്ലാമുള്ള വൈവിധ്യങ്ങളെയെല്ലാം കോർത്തിണക്കിക്കൊണ്ട് നമ്മളെല്ലാവരും ഇന്ത്യക്കാരാണെന്ന സംഘബോധം ഇവിടെ വികസിപ്പിച്ചത് ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനമാണ്. ആ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രബലവും പ്രഭവവുമായ ധാര ഗാന്ധിയൻ ആശയഗതിയായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം.

അതുപോലെ കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാർ, ഖദർ പാർട്ടിക്കാർ, ഖിലാഫത്ത് പ്രസ്ഥാനക്കാർ, ഭഗത് സിംഗിനെപ്പോലെ വളരെ തീവ്രമായ നിലപാട് സ്വീകരിച്ചിരുന്ന ആളുകളെല്ലാം ചേർന്നുള്ള ഒരു മഹാപ്രവാഹമായിരുന്നു യഥാർത്ഥത്തിൽ ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനം. ആ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഭാഗമാകാതിരുന്നവർ അന്ന് ഇന്ത്യയിലുണ്ടായിരുന്ന ഹിന്ദു മഹാസഭയും അതിന്റെ തുടർച്ചയായി 1925-ലെ വിജയദശമി നാളിൽ ഇവിടെ രൂപംകൊണ്ട രാഷ്ട്രീയ സ്വയംസേവക് സംഘ് (ആർ.എസ്.എസ്.) എന്നുപറഞ്ഞ, ഇന്നത്തെ ഭരണത്തിന്റെ പ്രത്യയശാസ്ത്രത്തിന് നേതൃത്വം കൊടുക്കുന്ന കൂട്ടരും മാത്രമായിരുന്നു. അവർ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തില്ലെന്ന് മാത്രമല്ല, ആ സ്വാതന്ത്ര്യ സമരത്തെ ഒറ്റുകൊടുത്തതിന്റെ പാപപങ്കിലമായ ചരിത്രവും അവർക്ക് അവകാശപ്പെടാവുന്നതാണ്. അതുകൊണ്ടുതന്നെ കെ. ബി. ഹെഡ്ഗേവാർ എന്ന ഇവരുടെ സ്ഥാപകൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുവെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി അവരുടെ ചരിത്രകാരന്മാർ എഴുതിയത്, മധ്യപ്രദേശിലുള്ള ഏതോ ഒരു നിബിഡ വനത്തിനുള്ളിൽച്ചെന്ന് അദ്ദേഹം ദർഭ അതായത്, പുല്ലരിഞ്ഞ് ഭഗവത്ധ്വജത്തിന് മുമ്പിൽ അർപ്പിച്ചുവെന്ന് എഴുതിവയ്ക്കേണ്ട ഗതികേട് ആർ.എസ്.എസ്.-ന് ഉണ്ടായത്. ഇത് അവരുടെ

ലേഖനങ്ങളിൽ വായിച്ചിട്ടുണ്ട്. 'അതിർത്തി ഗാന്ധി' എന്നറിയപ്പെടുന്ന പത്താൻകാരുടെ നേതാവ് ഖാൻ അബ്ദുൽ ഗാഫർ ഖാൻ ബ്രീട്ടീഷ് പട്ടാളത്തിന്റെ ഭീകര മർദ്ദനം ഏറ്റുവാങ്ങുന്ന അതേ കാലയളവിലാണ്, സ്വാതന്ത്ര്യസമരത്തിൽ ഒരു പങ്കുമില്ലാത്ത ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഒരു മുതൽമുടക്കുമില്ലാത്ത ആർ.എസ്.എസ്.-ന് അതിന്റെ ക്ഷീണം തീർക്കാൻ ഇങ്ങനെയുള്ള കള്ളക്കഥ എഴുതേണ്ടി വന്നതെന്നത് യാഥാർത്ഥ്യമാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു. ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ സംസാരിക്കുമ്പോൾ അമീർ ഖുസ്രുവിനെക്കുറിച്ച് പറഞ്ഞു, ഇന്ത്യയിലെ ഏറ്റവും വിശുദ്ധമായ ഹൈന്ദവ ക്ഷേത്രമാണ് കാശി വിശ്വനാഥ ക്ഷേത്രം. ആ ക്ഷേത്രത്തിൽ വിശ്വനാഥൻ എന്ന ദൈവം പ്രീതിപ്പെടണമെങ്കിൽ, എത്രയോ തലമുറകളായി സംഗീത വിദ്വാൻമാരായിരുന്ന ഒരു സംഗീതജ്ഞ കുടുംബമുണ്ട്. ഒരു കാലത്ത് ഇവിടെവന്ന് സ്വാതിതിരുനാൾ സംഗീത പുരസ്കാരം ഏറ്റുവാങ്ങിപ്പോയ ഉസ്താദ് ബിസ്മില്ലാ ഖാന്റെ കുടുംബം. അദ്ദേഹവും അദ്ദേഹത്തിന്റെ പിതാവും പിതാവിന്റെ പിതാവുമൊക്കെ തലമുറകളായി ഷെഹ്നായ് വായിച്ചാലെ 'വിശ്വനാഥൻ' എന്ന ദൈവം പ്രീതിപ്പെടുകയുള്ളൂ എന്ന സങ്കൽപ്പം നിലനിന്ന നാടാണിവിടം. അവിടെയാണ് ആ എല്ലാ നന്മകളെയും നല്ല പാരമ്പര്യങ്ങളെയും ഈ സംഘ്പരിവാർ ശക്തികൾ തകർത്തെറിഞ്ഞുകളഞ്ഞത്. അതുകൊണ്ട് നമ്മുടെ

ഈ പോരാട്ടം ഭരണഘടന സംരക്ഷിക്കാനുള്ള പോരാട്ടമാണ്. അവിടെയാണ് നമ്മുടെ എല്ലാ മതേതരവാദികളുടെയും മനുഷ്യസ്നേഹികളുടെയും ജനാധിപത്യ വിശ്വാസികളുടെയും യോജിച്ച പോരാട്ടം, മതനിരപേക്ഷ രാഷ്ട്രത്തിന്റെ നിലനിൽപ്പിന്റെ ആധാരശിലയായ മതനിരപേക്ഷത സംരക്ഷിക്കാൻ ഉയർന്നുവരേണ്ടത്. ആ സമരത്തിൽ നമ്മുടെ ആയുധം ഭരണഘടന തന്നെയാണ്. നമ്മുടെ ആശയം മതനിരപേക്ഷതയാണ്. ആ കാര്യത്തിൽ ഒരു സംശയവും ആർക്കും ഉണ്ടാകാൻ പാടില്ല. ഈ സമരത്തിൽ എന്തിന്റെ പേരിലായാലും മതതീവ്രവാദികളോ മറ്റേതെങ്കിലും മതാധിഷ്ഠിത രാഷ്ട്രവാദക്കാരോ നുഴഞ്ഞുകയറാതിരിക്കാനുള്ള അങ്ങേയറ്റത്തെ രാഷ്ട്രീയ ജാഗ്രതകൂടി നാമെല്ലാവരും ഉയർത്തിപ്പിടിക്കേണ്ടതായിട്ടുണ്ട്. ഈ യോജിച്ച പോരാട്ടത്തിൽ ഞാൻ ആവർത്തിച്ച് പറയുന്നു, നമ്മുടെ ആശയം മതനിരപേക്ഷതയും നമ്മുടെ ആയുധം മതേതര ഭരണഘടനയും തന്നെയുമാണെന്ന കാര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാനാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച സർക്കാരിനുവേണ്ടിയുള്ള ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ രാജ്യം ഒരു വലിയ പ്രതിസന്ധിയിലൂടെ

കടന്നുപോകുകയാണ്. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയൊരു വെല്ലുവിളിയായി നമുക്ക് ഇതിനെ കാണാൻ കഴിയും. ചരിത്രത്തിന്റെ ദശാസന്ധികളിൽ ഇന്ത്യയിലെ ജനങ്ങൾ ഒരുമിച്ചുനിന്ന് നടത്തിയ ഒരു പോരാട്ടം സ്വാതന്ത്ര്യ സമരമായിരുന്നു. ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ എല്ലാ ജനങ്ങളും ഒരുമിച്ചുനിന്നുകൊണ്ട് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ വലിയ പോരാട്ടത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലാണ് ഇന്ന് രാജ്യത്ത് ഉയർന്ന് വന്നുകൊണ്ടിരിക്കുന്ന അതിശക്തമായ പ്രതിഷേധങ്ങൾ. സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ നടത്തുന്ന അതിശക്തമായ പോരാട്ടങ്ങളാണ് നമുക്ക് ആവേശം നൽകുന്നത്. തൊഴിലാളികൾ, കർഷകർ, സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ള ആളുകൾ കേന്ദ്ര ഗവൺമെന്റിന്റെ ഈ ഏകാധിപത്യ നടപടികൾക്കെതിരായി അതിശക്തമായ പോരാട്ടത്തിന്റെ പാതയിലാണ്. ഇപ്പോൾ ഡൽഹിയിലെ കാലാവസ്ഥ സീറോ ഡിഗ്രിയിലാണ്. മനുഷ്യന്റെ രക്തം കട്ടിപിടിക്കുന്ന ആ കാലാവസ്ഥയിൽപ്പോലും അതിശക്തമായി യുവരക്തം തിളച്ചുമറിയുന്ന ആവേശകരമായ കാഴ്ച നമുക്ക് ഡൽഹിയുടെ തെരുവീഥികളിൽ കാണാൻ കഴിയുന്നു. ശ്രീ. യോഗി ആദിത്യനാഥ് ഉയർത്തുന്ന എല്ലാവിധത്തിലുള്ള ഭരണകൂട ഭീകരതയെയും നേരിട്ടുകൊണ്ട് യു.പി.-യിലെ ചെറുപ്പക്കാരും അതോടൊപ്പം ദേശാഭിമാനികളായ ജനങ്ങളും ജാതിക്കും

മതത്തിനും അതീതമായി ഒറ്റക്കെട്ടായി രംഗത്തിറങ്ങുന്നത് കാണാൻ കഴിയുന്നു. മീററ്റിന്റെ തെരുവുകളിൽ പ്രതിഷേധിക്കുന്നവരോട് പാകിസ്ഥാനിലേയ്ക്ക് പോകാൻ പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ, സമരം ചെയ്യുന്നവരെ അടിച്ചമർത്താൻ പോലീസിനോടൊപ്പം ശ്രമിക്കുന്ന ആർ.എസ്.എസ്.-ന്റെയും സംഘ്പരിവാറിന്റെയും ഗുണ്ടകൾ. 'ഇവിടെ ഞാൻ എല്ലാപേരേയും അടിച്ചമർത്തുമെന്ന് ശ്രീ. യോഗി ആദിത്യനാഥ് അദ്ദേഹത്തിന്റെ ഫേസ്ബുക്കിൽ പറയുന്നു. നമ്മുടെ രാജ്യം എങ്ങോട്ടാണ് പോകുന്നത്; ഈ രാജ്യത്തിന് ഒരു മഹത്തായ പാരമ്പര്യമുണ്ട്. അത് മതനിരപേക്ഷതയുടെയും മതേതരത്വത്തിന്റെയും പാരമ്പര്യമാണ്. 'The idea of India' ഇന്ത്യ എന്നൊരു ആശയം അത് ഒരു ദിവസം കൊണ്ടുണ്ടായതല്ല, നൂറ്റാണ്ടുകളിലൂടെ നാം രൂപപ്പെടുത്തിയൊരു ആശയമാണ്. ഈ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യങ്ങളും സംസ്കാരവും പരിശോധിച്ചാൽ ആ ആശയത്തെ ബലപ്പെടുത്തുന്ന നടപടികളാണ് ഇന്ത്യയിലുണ്ടായിട്ടുള്ളത്. നൂറ്റാണ്ടുകളിലൂടെ നാം നേടിയെടുത്ത ഇന്ത്യയെന്ന ഈ ആശയത്തെ ബലപ്പെടുത്താനുതകുന്ന നടപടികളാണ് കോൺഗ്രസ്സ് ഗവൺമെന്റുകൾ ഇന്ത്യ ഭരിച്ച കാലത്തുണ്ടായിരുന്നത്. 60 വർഷം കോൺഗ്രസ്സിന്റെ ഗവൺമെന്റുകൾ ഇന്ത്യ ഭരിച്ചു. മതന്യൂനപക്ഷങ്ങൾക്ക് ഇത്തരമൊരു ആശങ്കയുണ്ടാകേണ്ട ഒരു സംഭവവും ഉണ്ടായിട്ടില്ല. കണ്ണുള്ളപ്പോൾ

കണ്ണിന്റെ വില അറിയില്ല. അന്ന് മതേതരത്വത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അതിശക്തമായ പോരാട്ടം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ രാജ്യത്തിന് സ്വാതന്ത്ര്യം നേടിയെടുക്കാൻ നടത്തിയ പോരാട്ടം. ഗാന്ധിജിയും നെഹ്റുവും പട്ടേലും മൗലാനാ അബ്ദുൾകലാം ആസാദിനെയും പോലെയുള്ള ധീരന്മാരായ നേതാക്കന്മാർ രാജ്യത്തെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ചപ്പോൾ നമുക്കൊരു ഭരണഘടന വേണമെന്ന് ആഗ്രഹിച്ചു. എന്റെ കയ്യിലുള്ള ഈ വലിയ ബുക്ക് ഇന്ത്യൻ ഭരണഘടനയുടെ Constituent Assembly-യിൽ നടന്ന ചർച്ചകളാണ്, നമ്മൾ അത് വായിക്കണം. ആ Constituent Assembly-ൽ നടന്ന ഓരോ വാക്കും ഓരോ കുത്തും ഓരോ കോമയും, മഹാനായ ഡോ. ബി. ആർ. അംബേദ്കർ ചെയർമാനായ ഭരണഘടനാ നിർമ്മാണ സമിതിയിൽ ചർച്ച ചെയ്ത് ഉണ്ടാക്കിയ ഭരണഘടനയാണ്. ആ ഭരണഘടന നമുക്ക് വിഭാവനം ചെയ്യുന്നത് എന്താണ്; രാജ്യത്തിന്റെ എല്ലാ പൗരനും തുല്യമായ അവകാശമാണ് നൽകുന്നത്. 'We the people of India' എന്നാണ് ഭരണഘടന തുടങ്ങുന്നത്. ഈ ഭരണഘടന വിഭാവനം ചെയ്യുന്നത് ഇന്ത്യയിലെ ജനങ്ങളാണ്. ആ Preamble-ൽ ഇന്ദിരാ ഗാന്ധിയാണ് 'സെക്കുലറിസം' എന്ന വാക്ക് എഴുതിച്ചേർത്തതിന് കാരണം

ഇന്ത്യയെ ഒരു മതേതരത്വ രാജ്യമാക്കി മാറ്റുകയെന്നുള്ള ലക്ഷ്യത്തോടെയായിരുന്നു. ഭരണഘടനയുടെ വിധാതാക്കൾ ആഗ്രഹിച്ചത് രാജ്യം ഒരു മതേതര രാജ്യമായി നിലനിൽക്കണമെന്നുള്ളതായിരുന്നു. " സർവ്വ ധർമ്മ സമഭാവ് " നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വാക്യമാണ്. എല്ലാ മതങ്ങളോടും സമഭാവനയോടെയുള്ള പെരുമാറ്റം. അതിൽനിന്നാണ് 'Idea of India' എന്നത് രൂപപ്പെട്ടത്. ഭരണഘടന അതിന്റെ അടിസ്ഥാനത്തിലുണ്ടായതാണ്. സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ All India Congress Committee-യുടെ പ്രമേയങ്ങളിൽ നിഴലിച്ച വസ്തുതകളാണ് പിന്നീട് ഇന്ത്യയുടെ ഭരണഘടനയായി രൂപപ്പെട്ടത്. Equality before law, അതോടൊപ്പംതന്നെ Protection for the minorities, Reservation for the SC/ST and other oppressed and depressed communities of India. ഇതെല്ലാം നമ്മുടെ ഭരണഘടനയിൽ വന്നത്, ഒരു നിമിഷംകൊണ്ട് ഉണ്ടായതല്ല, നിരന്തരമായ ചർച്ചകളിലൂടെ ഉണ്ടായിട്ടുള്ള ഒന്നാണ്. ആർട്ടിക്കിൾ 14-ഉം 15-ഉം ഇവിടെ നിരാകരിക്കപ്പെടുന്നുവെന്നുള്ളതാണ് C.A.A.-യുമായി ബന്ധപ്പെട്ട ഏറ്റവും വലിയ പരാതി. നിയമത്തിന്റെ മുന്നിൽ എല്ലാവരും സമന്മാരാണെന്നുള്ള ആർട്ടിക്കിൾ 14-നെ പൂർണ്ണമായും നിരാകരിച്ചുകൊണ്ട് ഇവിടെ പൗരത്വം ജാതിയുടെയും മതത്തിന്റെയും പേരിലാകുന്നുവെന്നുള്ള അപകടകരമായ

സാഹചര്യമാണ് ഇന്ത്യയിൽ വന്ന് ചേർന്നിരിക്കുന്നത്. ഭരണഘടനയ്ക്കുശേഷം, 1950-ൽ നമ്മുടെ രാജ്യം റിപ്പബ്ലിക്കായി. 1955-ൽ നമുക്ക് പൗരത്വത്തെ സംബന്ധിച്ച് വ്യക്തമായ രൂപം വരുകയുണ്ടായി. Citizenship Act ഇന്ത്യ പാസ്സാക്കിയത് 1955-ലാണ്. അതിനുശേഷം ആറ് തവണ ഇന്ത്യയുടെ സിറ്റിസൺഷിപ്പ് ആക്ട് ഭേദഗതി വരുത്തി. അവിടെ ഒരിടത്തും മതത്തിന്റെ അടിസ്ഥാനത്തിലുള്ള പൗരത്വത്തെക്കുറിച്ച് ആരും പറഞ്ഞിട്ടില്ല. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നൽകുന്നത് ഒരു രാജ്യത്തും നിലവിലില്ല. ഇന്ത്യയിൽ ഒരിടത്തും നിലവിലില്ല. ചില ജിയോക്രാറ്റിക് സ്റ്റേറ്റുകളിലുണ്ടാകാം. ഇവിടെ ഇന്ത്യ വിഭജനത്തെപ്പറ്റി ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു. ഇന്ത്യയെ വിഭജിച്ചതാരാണ്? 1935-ൽ ആദ്യമായി ഇതിനുവേണ്ടി ആവശ്യപ്പെട്ടത് വി. ഡി. സാവർക്കർ ആയിരുന്നു. വി. ഡി. സാവർക്കർ പറഞ്ഞതെന്താണ്? ദ്വിരാഷ്ട്ര വാദം. വർഷങ്ങൾക്കുശേഷം മുഹമ്മദ് അലി ജിന്ന കറാച്ചിയിൽ നടന്ന സമ്മേളനത്തിലാണ് ആ അവശ്യം വീണ്ടും ഉന്നയിക്കുന്നത്. ഇന്ത്യയെ വിഭജിക്കാനായി മുന്നോട്ട് വന്നപ്പോൾ മഹാത്മാ ഗാന്ധിജി പറഞ്ഞൊരു വാചകം ഞാൻ ഓർക്കുന്നു, 'ഇന്ത്യ എന്ന ശരീരത്തിലെ രണ്ട് കണ്ണുകളാണ് ഹിന്ദുക്കളും മുസ്ലീങ്ങളും, രാജ്യത്തെ വിഭജിക്കരുത്.' ഒരു ഘട്ടത്തിൽ ഇന്ത്യയുടെ വിഭജനം ഒഴിവാക്കാൻവേണ്ടി മുഹമ്മദ് അലി ജിന്ന ഇന്ത്യയുടെ

പ്രധാനമന്ത്രിയാക്കാൻ മഹാത്മാ ഗാന്ധിജിക്ക് താൽപ്പര്യമുണ്ടായിരുന്നു. മുഹമ്മദ് അലി ജിന്ന വേണമെങ്കിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയാകട്ടെ ഈ രാജ്യത്തിന്റെ ഭിന്നത ഒഴിവാക്കാം, ഇന്ത്യയെ വെട്ടിമുറിക്കുന്നത് ഒഴിവാക്കാമെന്നുവരെ ചിന്തിച്ച ആളാണ് മഹാത്മാ ഗാന്ധി. ഇന്ത്യയുടെ ഖജനാവിലുണ്ടായിരുന്ന അവസാനത്തെ പണവും പാക്കിസ്ഥാന് നൽകണം കാരണം അവർ നമ്മുടെ രാജ്യത്തിന്റെ ഭാഗമാണെന്ന് പറഞ്ഞയാളാണ് മഹാത്മാ ഗാന്ധി. ഗാന്ധിജിയുടെ ചിന്തകൾ മതേതരത്വത്തിൽ അധിഷ്ഠിതമായ ചിന്തകളായിരുന്നു. അതാണ് ജവഹർലാൽ നെഹ്റു ഭരണത്തിൽ പ്രായോഗികമായി മുന്നോട്ടുകൊണ്ടുപോയത്. ഇന്ന് ഈ രാജ്യത്ത് സംഭവിക്കുന്നതെന്താണ്? മതത്തിന്റെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുകയും തമ്മിലടിപ്പിക്കുകയും ആളുകളെ പരസ്പരം വെറുപ്പോടെ കാണാനുള്ള അവസ്ഥാവിശേഷവും ഇന്ത്യയിൽ സൃഷ്ടിക്കുന്നൊരു ഭരണകൂടം ഇവിടെ നിലനിൽക്കുന്നു. ജമ്മു കാശ്മീരിനെപ്പറ്റി ആരും ഇവിടെ ചർച്ച ചെയ്യാത്തതിൽ എനിക്ക് ദുഃഖം തോന്നി. ശ്രീ. ഫറൂഖ് അബ്ദുള്ള, ശ്രീ. ഒമർ അബ്ദുള്ള, ശ്രീമതി മെഹ്ബൂബ മുഫ്തി എന്നീ മൂന്ന് മുൻ മുഖ്യമന്ത്രിമാർ ജയിലിലായിട്ട് മാസങ്ങളായി. അവർ സൂര്യപ്രകാശം കണ്ടിട്ട് മാസങ്ങളായി. അവർ എം.പി. മാരാണ്. പാർലമെന്റ് മെമ്പർമാരായിട്ടുപോലും പാർലമെന്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ അധികാരമില്ല. ഒരു രാജ്യത്തെ മൂന്നായി

വെട്ടിമുറിച്ചു. അവർ നാളെ കേരളത്തെ വേണമെങ്കിലും തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വെട്ടിമുറിക്കില്ലേ; എന്തുകൊണ്ട് ചെയ്തുകൂടാ; ഭൂരിപക്ഷമുണ്ടല്ലോ? ശ്രീ. വി. എസ്. അച്ചുതാനന്ദനെയും ശ്രീ. ഉമ്മൻ ചാണ്ടിയെയും ശ്രീ. എ. കെ. ആന്റണിയെയും ജയിലിലിട്ടുകൂടെ അവർക്ക്; ചെയ്യാനുള്ള ഭൂരിപക്ഷമുണ്ട്. ഈ അപകടകരമായ സാഹചര്യം രാജ്യത്തുണ്ടാകുന്നത് ശരിയാണോ? ഇന്ന് ജമ്മു കാശ്മീരിൽ ഇന്റർനെറ്റില്ല, ടെലഫോണില്ല, സംസാരിക്കാൻ കഴിയുന്നില്ല. പൗരാവകാശങ്ങളുടെയും ജനാധിപത്യാവകാശങ്ങളുടെയും നഗ്നമായ ലംഘനം അവിടെ ഉണ്ടാകുന്നു, കുഴിച്ചു മൂടപ്പെടുന്നു. എത്ര ദിവസമായി, മൂന്ന് മാസത്തിലേറെയാകുന്നു. ജമ്മു കാശ്മീരിലെ ജയിലിൽ സ്ഥലമില്ലാത്തതുകൊണ്ട് ഉത്തർ പ്രദേശിലെ ജയിലുകളിൽ അവരെ കൊണ്ടടയ്ക്കുന്നു. എന്ത് ജനാധിപത്യമാണ്; എന്ത് പൗരാവകാശമാണ്? ഇവിടെ മൂന്ന് കാര്യമാണ് സംഭവിക്കുന്നത്. പൗരത്വ നിയമ ഭേദഗതിയെ നമുക്ക് ഐസൊലേറ്റഡ് ആയി കാണാൻ കഴിയില്ല, ദേശീയ ജനസംഖ്യാ രജിസ്റ്റർ അതോടൊപ്പം പൗരത്വ രജിസ്റ്റർ ഇത് മൂന്നും നാം ഒരുമിച്ചു കാണണം. കാരണം, അവരുടെ ലക്ഷ്യമെന്ന് പറയുന്നത് ഇന്ത്യയെ ഒരു theocratic state ആക്കി മാറ്റുക എന്നുള്ളതാണ്. അതിനുവേണ്ടിയാണ് പൗരത്വ ഭേദഗതി നിയമം ആദ്യം കൊണ്ടുവന്നത്. ഇപ്പോൾ നടക്കുന്നത് ദേശീയ ജനസംഖ്യാ രജിസ്റ്ററാണ്

(എൻ.പി.ആർ.). എൻ.പി.ആർ. നടപ്പാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. ഇതെന്താ സെൻസസ് അല്ലേയെന്ന് നമ്മളോട് ചോദിക്കുന്നു. സെൻസസിനെ എന്തിനാണ് എതിർക്കുന്നത്; ഈ രാജ്യത്ത് ഇതിനുമുമ്പ് സെൻസസ് ഉണ്ടായിട്ടില്ലേ; ആരെങ്കിലും എതിർത്തോ; സെൻസസിൽ എല്ലാപേരും പങ്കാളികളായല്ലോ; ശ്രീ. നരേന്ദ്ര മോദി മാത്രം വിചാരിച്ചാൽ ഈ രാജ്യത്ത് സെൻസസ് നടപ്പാക്കാൻ സാധിക്കുമോ? കേരളത്തിലെ ഉദ്യോഗസ്ഥന്മാരുടെയും സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെയും സഹായമില്ലാതെ ശ്രീ. നരേന്ദ്ര മോദി ആരെവച്ച് ഇവിടെ സെൻസസ് നടത്തുമെന്നാണ് പറയുന്നത്. സംസ്ഥാനങ്ങളെ വിശ്വാസത്തിലെടുക്കാതെ ഗവൺമെന്റിന് മുന്നോട്ട് പോകാൻ കഴിയുമോ? കഴിയില്ല. അതുകൊണ്ട് ഈ സെൻസസിൽ നിന്ന് നമ്മൾ വിട്ട് നിൽക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. കാരണം ഇതിനകത്ത് സംശയങ്ങൾ ബലപ്പെടുന്നു. സെൻസസിനെ എതിർക്കുകയല്ല. ചോദ്യാവലിയിൽ വന്ന മാറ്റമാണ് ആളുകളെ ഭയപ്പെടുത്തുന്നത്. അവരുടെ വീട്, സ്ഥലം, അച്ഛനപ്പൂപ്പന്മാരുടെ ജനനത്തീയതി, സ്ഥലം ഇതെല്ലാം ആവശ്യപ്പെടുന്ന പുതിയ ചോദ്യാവലിയിൽ വന്ന ഭേദഗതി നമ്മുടെ രാജ്യത്ത് വലിയ തോതിലുള്ള സംശയമുണ്ടാക്കുന്നുണ്ട്. ഇത് മുന്നോട്ടുപോകുന്നത് എൻ.ആർ.സി.-യിലേക്കുള്ള

വഴിയാണ്. എൻ.ആർ.സി.-യിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. അതിന്റെ ഘട്ടങ്ങളാണ് ഓരോന്നായി നടപ്പാക്കുന്നത്. എൻ.ആർ.സി. വന്നുകഴിഞ്ഞാൽ കുറേ ആളുകളെ പുറത്താക്കാം. ഈ നടപടിയെ നമുക്ക് അംഗീകരിക്കാൻ കഴിയുമോ; ഒരു ജനാധിപത്യ രാജ്യത്തിന് അംഗീകരിക്കാൻ സാധിക്കുമോ? 2018-19 കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ വാർഷിക റിപ്പോർട്ടിൽ എൻ.ആർ.സി.-യിലേക്കുള്ള ചുവടുവയ്പ്പാണ് എൻ.പി.ആർ.-എന്ന് വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് ഇതിനെ ശക്തമായി നമുക്ക് എതിർക്കേണ്ടിയിരിക്കുന്നു. ഇതിനെപ്പറ്റി വിശദമായ പഠനമുണ്ടാക്കേണ്ടിയിരിക്കുന്നു. സംസ്ഥാനങ്ങളെ വിശ്വാസത്തിലെടുക്കാതെ കേന്ദ്രത്തിന് മുന്നോട്ട് പോകാൻ കഴിയില്ല. സി.എ.എ. നിയമം നടപ്പിലാക്കിയതിനുശേഷം രാജ്യത്തെ സ്ഥിതിയെന്താണ്? ജപ്പാൻ, ബംഗ്ലാദേശ് അതുപോലെ മറ്റ് രണ്ട് യൂറോപ്യൻ രാജ്യങ്ങളിലെ പ്രതിനിധികളുൾപ്പെടെ നാല് രാജ്യങ്ങളിലെ തലവന്മാർ ഇന്ത്യയിലേക്കുള്ള സന്ദർശനം വെട്ടിച്ചുരുക്കി. ടൂറിസ്റ്റുകൾ ഇന്ത്യയിലേക്ക് വരുന്നത് നിർത്തിവച്ചു. വിവിധ രാജ്യങ്ങൾ ഇന്ത്യക്കെതിരായി പ്രമേയം പാസ്സാക്കുന്നു. ഐക്യരാഷ്ട്ര സഭയിലെ വിവിധ കമ്മിറ്റികൾപോലും ഇന്ത്യയുടെ നടപടിക്കെതിരായി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. അന്താരാഷ്ട്ര രംഗത്തുപോലും ഇന്ത്യയുടെ സ്ഥാനം താഴോട്ടുവരുന്നുവെന്നുള്ള വസ്തുതകൾകൂടി ഇന്ത്യൻ

പൗരന്മാരെന്നുള്ള നിലയിൽ നമ്മൾ കണക്കാക്കണം. സാധാരണഗതിയിൽ പൗരത്വം തീരുമാനിക്കുന്ന ഇന്റർനാഷണൽ കൺവെൻഷൻസുണ്ട്. ഇന്ത്യയിൽ 1955-ലെ പൗരത്വ നിയമം പാസ്സാക്കിയത് ഇന്റർനാഷണൽ കൺവെൻഷൻസിന്റെ അടിസ്ഥാനത്തിലാണ്. എനിക്ക് ശ്രീ. അമിത് ഷായോട് ചോദിക്കുവാനുള്ളത് ഏത് ഇന്റർനാഷണൽ കൺവെൻഷൻസിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നത് എന്നാണ്. എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നതെന്ന് നിങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. പെർസിക്യൂട്ടായിട്ടുള്ള ജനങ്ങൾക്ക് സിറ്റിസൺഷിപ്പ് നൽകാനാണെങ്കിൽ, എന്തുകൊണ്ട് ശ്രീലങ്കയിലുള്ള തമിഴ് വംശജരായ ആളുകൾക്ക് നൽകുന്നില്ല, റോഹിങ്ക്യൻ അഭയാർത്ഥികൾക്ക് നൽകുന്നില്ല, എന്തുകൊണ്ട് പാക്കിസ്ഥാനിലെ അഹമ്മദീയർക്ക് നൽകുന്നില്ല, അപ്പോൾ ലക്ഷ്യം വളരെ വ്യക്തമാണ്. രാജ്യത്ത് ഒരു polarisation ഉണ്ടാക്കണം. നിങ്ങളുടെ ഭരണ പരാജയങ്ങളിൽ നിന്നും രാജ്യത്ത് നിങ്ങൾക്ക് രക്ഷപ്പെടാൻ വേണ്ടി, നിങ്ങൾ ആഗ്രഹിക്കുന്നത് മതപരമായ ഭിന്നത രാജ്യത്ത് വളർത്തിക്കൊണ്ടുവരണമെന്നുള്ളത് തന്നെയാണ്. നമ്മുടെ രാജ്യത്ത് ഇന്ന് ഉണ്ടായിരിക്കുന്ന വലിയൊരു പ്രതിസന്ധിയെ കണ്ടില്ലെന്ന് നടിക്കുവാൻ നമുക്ക് സാധിക്കുമോ? നമുക്ക് ഇതിനെതിരെ പ്രതിഷേധിക്കാതിരിക്കാൻ സാധിക്കുമോ?

നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, ഇത് മുസ്ലീങ്ങൾ മാത്രം നടത്തുന്ന സമരമാണോ? ഇത് മുസ്ലീങ്ങൾക്കുവേണ്ടിയുള്ള സമരമാണോ? ഈ രാജ്യത്തെ മതേതര വിശ്വാസികളായ മുഴുവൻ ജനങ്ങളും ഏറ്റെടുക്കേണ്ട പോരാട്ടമായി ഇതിനെ കാണുകയാണ്. ഇന്ന് മുസ്ലീം മത ന്യൂനപക്ഷങ്ങൾക്ക് ആശങ്കയുണ്ട്. എന്നാൽ ആ സമരം ഏറ്റെടുക്കേണ്ടത് ഇന്ത്യയിലെ മറ്റ് മതസ്ഥരാണെന്നുള്ളതാണ് ഇന്ത്യയിലൊട്ടാകെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. നോർത്ത്-ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ അവകാശങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടിയാണിത്. Mizoram Accord, Assam Accord... സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുപോലത്തന്നെ നാഗാ കാലാപകാരികളുമായി interlocutor നടത്തിക്കൊണ്ടിരിക്കുന്ന ഓരോ തരത്തിലുള്ള ചർച്ചകൾ, ഇതിനെല്ലാം കടകവിരുദ്ധമായ നടപടിയാണ് ഈ പൗരത്വ ഭേദഗതിയിലൂടെ വന്നിട്ടുള്ളത്. അതുകൊണ്ടാണ് നോർത്ത്-ഈസ്റ്റേൺ സംസ്ഥാനങ്ങളിൽ പ്രക്ഷോഭങ്ങൾ കത്തിപ്പടരുന്നത്. ഇന്നലെ തമിഴ്നാട്ടിൽ ശ്രീലങ്കൻ അഭയാർത്ഥി ക്യാമ്പുകളിൽ പോയ രണ്ട് പത്രപ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു. ഞാൻ അതിനെ ശക്തമായി അപലപിക്കുകയാണ്. അവിടെപ്പോയ പത്രപ്രവർത്തകരെ അറസ്റ്റുചെയ്യാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ നടപടി അങ്ങേയറ്റത്തെ തെറ്റായ നടപടിയാണ്. തമിഴ്നാട്

ഗവൺമെന്റ് അത് ചെയ്യാൻ പാടില്ലായിരുന്നു. സ്ഥിതിവിവര കണക്കുകൾ കേൾക്കാൻ പോയവരാണ് പത്രക്കാർ. നമ്മുടെ രാജ്യത്ത് ഇന്നുണ്ടായിരിക്കുന്ന അതീവഗുരുതരമായ സാഹചര്യത്തെ നമുക്കൊരുമിച്ച് നേരിടണം. യോജിച്ച പ്രക്ഷോഭം വേണമെന്ന് ആവശ്യപ്പെട്ടത് ഞാനാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. യോജിച്ച പ്രക്ഷോഭങ്ങൾ ഞങ്ങൾ ഒരുമിച്ചുനടത്തി. We have send a very good message to all over the country and outside. യോജിച്ച സമരത്തിലൂടെ കേരളത്തിലെ ജനങ്ങൾ ഒരുമിച്ചുനിൽക്കുന്നു എന്നുള്ള സന്ദേശം രാജ്യത്തുടനീളവും രാജ്യത്തിന് പുറത്തും നമ്മൾ ൽകി. സർവ്വകകക്ഷിയോഗം ചേർന്നപ്പോൾ സഭായോഗം വിളിച്ചുകൂട്ടണമെന്ന് ഞാനാണ് ആവശ്യപ്പെട്ടത്. സഭ വിളിച്ചുകൂട്ടി പ്രമേയം ചർച്ച ചെയ്യുന്നു. ഇതെല്ലാം യോജിച്ച പ്രക്ഷോഭത്തിന്റെ ഭാഗമാണ്. ഞങ്ങൾ ആവശ്യപ്പെടുന്നു, സർവ്വകക്ഷി നിവേദകസംഘം ഇന്ത്യൻ പ്രസിഡന്റിനെ പോയികണ്ട് നമ്മുടെ ആശങ്കകൾ അറിയിക്കണം. അതുപോലെ ഗവർണ്ണറുടെ നടപടിയെക്കുറിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ സംയമനംപാലിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. He is the head of the state. സംസ്ഥാന ഗവർണ്ണറെ വർഷങ്ങളായി എനിക്ക് അറിയാവുന്നതാണ്.

രാഷ്ട്രീയ നേതാവായിരുന്ന അദ്ദേഹം ഗവർണ്ണറായി ചുമതലയേറ്റു. ഒരു ഗവർണ്ണർ ആ ഔന്നത്യം മനസ്സിലാക്കണം. ഗവർണ്ണറായി വരുമ്പോൾ തന്റെ ഇന്നലെകളിലെ രാഷ്ട്രീയത്തെ മറന്നുകൊണ്ട് സംസ്ഥാനത്തെയും അവിടെയുള്ള ജനങ്ങളുടെ വികാരങ്ങളെയും മാനിക്കാനുള്ള ഉത്തരവാദിത്വം അദ്ദേഹത്തിന് ഉണ്ടെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇന്ന് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റിനോട് എനിക്കൊരു അഭ്യർത്ഥന കൂടിയുണ്ട്. ഞാൻ ഈ വിഷയത്തിൽ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ജസ്റ്റിസ് ആർ. ബസന്ത് ആണ് എന്റെ അഡ്വക്കേറ്റ്. കേസ് വരാൻ പോകുകയാണ്. സംസ്ഥാന ഗവൺമെന്റ്കൂടി ഈ കേസിൽ കക്ഷി ചേർന്ന് പുതിയൊരു അദ്ധ്യായം ഇന്ത്യയിലുണ്ടാക്കണമെന്നതാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. "ലോകാസമസ്ഥാ സുഖിനോ ഭവന്തു" - ഏറ്റവും വലിയ ആശയമായിരുന്നു അത്. ലോകത്തിനുമുഴുവൻ നന്മ പകരാൻ ആഗ്രഹിക്കുന്ന, ഹിന്ദുവിശ്വാസങ്ങളെ വക്രീകരിച്ചുകൊണ്ട് ഇതെല്ലാം ഹിന്ദുക്കൾക്ക്

വേണ്ടിയാണെന്ന് പറഞ്ഞുകൊണ്ട് ഹിന്ദുവിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്ന കാപട്യമാണ് ഇന്ന് രാജ്യത്ത് നടക്കുന്നത്. ആ കാപട്യത്തിനെതിരെ പോരാട്ടം നടത്തണം. ആ പോരാട്ടത്തിൽ ഇന്ത്യയിലെ മുഴുവൻ ജനങ്ങളെയും അണിനിരത്തണം. ഇത് മുസ്ലീങ്ങൾക്ക് വേണ്ടിയുള്ള സമരമല്ല, എല്ലാവർക്കും വേണ്ടിയുള്ള സമരമാണ്. പൗരത്വഭേദഗതി ബിൽ അറബിക്കടലിലാണ് എന്ന് പ്രഖ്യാപിക്കാനുള്ള ഉത്തരവാദിത്വം നമ്മൾ ഏറ്റെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഈ സഭയും സഭ പ്രതിനിധാനം ചെയ്യുന്ന കേരളവും ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞതുപോലെ നമ്മുടെ യോജിച്ച മുന്നേറ്റത്തിന്റെ, ഐക്യത്തിന്റെ പ്രതിധ്വനി ഇന്ത്യയിൽ മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. ആ ഐക്യത്തിന് ഏതെങ്കിലും തരത്തിൽ ഭംഗമുണ്ടാകാതിരിക്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യും. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ഐക്യരാഷ്ട്ര

സംഘടനയുൾപ്പെടെ ലോകമെമ്പാടും ആഘോഷിക്കുകയാണ്. സഭ ചേർന്നുകൊണ്ടാണ് കേരളം ആ ദിനം ആചരിച്ചത്. മഹാത്മാഗാന്ധിക്ക് ജന്മം നൽകിയ നാട്ടിൽതന്നെയാണ് ഗാന്ധിക്ക് എതിരായുള്ള ഭീകരതയും രൗദ്രഭാവത്തിൽ നടമാടുന്നത്. ഗാന്ധിയുടെ വധം ആവർത്തിക്കപ്പെടുകയുണ്ടായി. മഹാത്മാഗാന്ധിയുടെ ഏറ്റവും പരിപാവനമായ ലക്ഷ്യങ്ങളിലൊന്നാണ് മതേതരത്വം. അദ്ദേഹത്തിന്റെ ജീവിത സമർപ്പണവും അതിനുവേണ്ടിത്തന്നെയായിരുന്നുവെന്നത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഗാന്ധിയെ അപഹസിക്കാനും ചരിത്രത്തെ അപകീർത്തിപ്പെടുത്താനും ദേശീയതയെ ഭംഗപ്പെടുത്താനും ശ്രമിക്കുന്ന അധികാരശക്തികളുടെ സംഹാരതാണ്ഡവത്തിന്റെ അവസാനത്തെ ഒരു ദൃശ്യമാണ് പൗരത്വ ബില്ലിൽക്കൂടി പ്രകടമാകുന്നത്. നമ്മുടെ നാടിന്റെയും ഐക്യത്തിന്റെയും ഗാന്ധിമൂല്യങ്ങളുടെയും ദർശനങ്ങളുടെയുമൊക്കെ നിരാകാരത്തിനുള്ള അട്ടഹാസമെന്നാണ് ഇതിനെ ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള ജാതിമത ചിന്തകൾക്കതീതമായി, രാഷ്ട്രീയ ചിന്തകൾക്കതീതമായി അതിനെയെല്ലാം ഉല്ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള കേരളത്തിന്റെ

ആപ്തഭാവം തന്നെയാണ് ഇന്ത്യയ്ക്ക് പ്രതീക്ഷ. ഇക്കാര്യത്തിൽ ആദ്യംതന്നെ ഇത് നയപരമായി പ്രാവർത്തികമാക്കില്ലെന്ന് സംസ്ഥാനത്തെ മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അതുതന്നെയാണ് കേരളം ആവർത്തിച്ചതും ഇന്ത്യ ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നത്. അതുകൊണ്ടുതന്നെ ചരിത്രപരമായ ഈ ദൗത്യം നിർവ്വഹിക്കുന്നതിന് പ്രതിബന്ധങ്ങളെയും പ്രയാസങ്ങളെയും അതിജീവിച്ച് ഇന്ത്യയ്ക്ക് ആകമാനം നേതൃത്വം നൽകുന്ന ശ്രദ്ധാകേന്ദ്രമായി കേരളത്തെ പരിവർത്തിതമാക്കുന്നതിന് നമുക്കെല്ലാം ഒറ്റക്കെട്ടായി മുന്നോട്ടുപോകാൻ കഴിയേണ്ട ഈ മുഹൂർത്തത്തിൽ കുറച്ച് വാക്കുകൾ സംസാരിക്കാൻ സാധിച്ചതിൽ എല്ലാവർക്കും നന്ദിയുണ്ട്. ഒരിക്കൽകൂടി ഈ സംരംഭത്തിന് കേരളത്തിന്റെ സമുജ്ജ്വലമായ പ്രാതിനിധ്യം രേഖപ്പെടുത്താനും തുടർന്നുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകാനും കഴിയട്ടെയെന്നുകൂടി ആഗ്രഹിച്ചുകൊണ്ട്, പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ ഇന്ന് ചേരാനിടയായ സാഹചര്യം അങ്ങേയ്ക്ക് ഏറ്റവും കൂടുതൽ വ്യക്തതയോടെ അറിയാവുന്നതാണ്. ഇത്തരമൊരു കാര്യം ചർച്ച ചെയ്യാൻ അതൊരു

അവസരമായിവന്നു. അല്ലെങ്കിൽ, സാധാരണഗതിയിൽ ഗവർണ്ണറുടെ അഡ്രസ്സോടെയുള്ള സഭയിൽ മാത്രമേ കാര്യങ്ങൾ ചർച്ച ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഏതായാലും പട്ടികജാതി സംവരണ പ്രശ്നം നമ്മുടെ നിയമസഭകൂടി അംഗീകരിക്കുകയെന്ന ധർമ്മം നമുക്ക് നിർവ്വഹിക്കാനുണ്ടായിരുന്നു. അതിൽ സംഭവിക്കുന്നത്, അങ്ങയുടെ ഓഫീസിലേക്ക് ആ വിവരം എത്തുന്നത് ഡിസംബർ 28-ാം തീയതി ശനിയാഴ്ചയാണ്. ആ വിവരം കിട്ടിയ ഉടൻതന്നെയാണ് അങ്ങ് എന്നോട് ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചതും എങ്ങനെയാണ് സഭചേരാൻ കഴിയുകയെന്ന് ചർച്ച ചെയ്തതും. 2020 ജനുവരി 10-ാം തീയതിക്കുള്ളിൽ ഇത് അംഗീകരിച്ച് പാർലമെന്റിന് കൊടുക്കേണ്ടതുണ്ട്. ആ വിവരം അപ്പോഴും ഗവൺമെന്റിന് ലഭിച്ചിരുന്നില്ല. അങ്ങയുടെ ഓഫീസിലാണ് ഈ വിവരം ലഭിച്ചത്. നമ്മൾ തമ്മിൽ ചർച്ചചെയ്തശേഷം സഭ ഡിസംബർ 31-ന് നടത്തുന്നതല്ലേ നല്ലതെന്നൊരു പരസ്പര ധാരണയുണ്ടായപ്പോൾ ഞാൻ ആദ്യം വിളിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയാണ്. ഇങ്ങനെയൊരു അടിയന്തരഘട്ടം വന്നിട്ടുണ്ടെന്നും ഉടനെ നിയമസഭ ചേരേണ്ടതുണ്ടെന്നും അദ്ദേഹവുമായി സംസാരിച്ചു. അതിനോട് പൂർണ്ണ

യോജിപ്പ് പ്രകടിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട് കാബിനറ്റ് യോഗം ഞായറാഴ്ച ചേരാമെന്ന് അദ്ദേഹംതന്നെ അഭിപ്രായപ്പെടുകയും ചെയ്തു. അത് ഉടനെ ഗവർണ്ണറെ അറിയിക്കുകയും നമുക്ക് സഭ ഇന്ന് ചേരാൻ കഴിയുകയും ചെയ്തു. അങ്ങനെ സഭ ചേരാൻ കഴിഞ്ഞതുകൊണ്ട് ഇന്ന് രാജ്യത്ത് ഏറ്റവും ഗൗരവമായി, പ്രക്ഷുബ്ധമായി നിൽക്കുന്ന ഒരു പ്രശ്നത്തിൽ നമ്മുടെ അഭിപ്രായം ഐകകണ്ഠ്യേന അറിയിക്കാൻ കഴിയുന്നൊരു അവസ്ഥ വന്നിരിക്കുകയാണ്. ആ പ്രക്ഷോഭത്തോടെല്ലാം ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നവരാണ് ഇവിടെയുള്ളവർ. സഭയെന്ന നിലയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാനുള്ള ഒരവസരം നമുക്ക് ലഭിക്കുകയാണ്. പൗരത്വഭേദഗതി നിയമം ഒറ്റപ്പെട്ടൊരു കാര്യമാണെന്ന് പറയാൻ പാടില്ല; അത് കൃത്യമായൊരു അജണ്ടയുടെ ഭാഗമാണ്. അതാണ് ഇവിടെ എല്ലാവരും ഒരേ വികാരത്തോടെ സംസാരിച്ചത്. ഈ അജണ്ട എന്താണെന്ന് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കമുള്ള എല്ലാ അംഗങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് തുടർച്ചയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ പ്രത്യേക ദിശയിൽ ഉള്ളതാണെന്ന് നമുക്ക്  കാണാൻ സാധിക്കും. ഒരു പ്രത്യേക വിഭാഗത്തിന്

എതിരെയുള്ള നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ആഭ്യന്തര ശത്രുക്കൾ ആരാണെന്ന് നേരത്തെ വിശകലനം ചെയ്തു വച്ചിട്ടുണ്ട്. ഇന്നത്തെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന, ആശയപരമായി നേതൃത്വം കൊടുക്കുന്ന ആർ.എസ്.എസ്. അതിന്റെ ഭാഗമായി ആ ആഭ്യന്തര ശത്രുക്കളിൽ ഒരു വിഭാഗമായ മുസ്ലീം വിഭാഗത്തിന് എതിരെയുള്ള നീക്കങ്ങൾ ഓരോന്നോരോന്നായി നമ്മുടെ രാജ്യത്ത് നടപ്പാക്കി വന്നിട്ടുണ്ട്. ഇവിടെ പലരും വിവാഹമോചനവുമായി ബന്ധപ്പെട്ട പ്രശ്നത്തെക്കുറിച്ച് പരാമർശിച്ചു. വിവാഹ മോചനവുമായി ബന്ധപ്പെട്ട പ്രശ്നം എല്ലാ സമുദായത്തിലും, എല്ലാ വിഭാഗത്തിലുമുണ്ട്. അത് ഒരു സിവിൽ നിയമത്തിന്റെ ഭാഗമായി കൈകാര്യം ചെയ്യുന്ന വിഷയമാണ്. പക്ഷേ, മുത്തലാഖിന്റെ പേരിൽ മുസ്ലീങ്ങളുടെ വിവാഹ മോചനം ഒരു ക്രിമിനൽ കുറ്റമായി മാറ്റുന്ന നിലയുണ്ടായി. അത് ഒരു വിഭാഗത്തിനെതിരെയുള്ള വിവേചനപരമായ നീക്കം മാത്രമായിരുന്നു. ഇന്ത്യയിലെ മറ്റെല്ലാ വിഭാഗവും വിവാഹമോചന പ്രശ്നം സിവിൽ നിയമത്തിലൂടെ കൈകാര്യം ചെയ്യുമ്പോൾ എന്തിനാണ് അതിൽനിന്നും വേറിട്ട ഒരു സമീപനം മുസ്ലീം വിഭാഗത്തിന് നേരെ സ്വീകരിച്ചത്. അത് ഒരു അജണ്ടയുടെ ഭാഗം തന്നെയായിരുന്നു. അതുപോലെ, ഇവിടെ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് അവസാനം സൂചിപ്പിച്ച ജമ്മുകാശ്മീരിന്റെ പ്രശ്നം. നമ്മുടെ രാജ്യത്തെ പതിമൂന്നോളം സംസ്ഥാനങ്ങൾക്ക് സവിശേഷ നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. അത്തരം ഒരു സാഹചര്യം നിലനിൽക്കെയാണ് ജമ്മുകാശ്മീരിനെമാത്രം ഒരു പ്രത്യേക രീതിയിൽ കാണുന്ന നിലവന്നത്. പോക്കറ്റിൽനിന്ന് ഒരു കടലാസ് എടുത്ത് വായിച്ചുകൊണ്ട് നമ്മുടെ ഭരണഘടനയിലെ 370-ാം വകുപ്പ് റദ്ദാക്കുന്ന ആശ്ചര്യകരമായ ഒരു നടപടിയല്ലേ നമ്മൾ കണ്ടത്. എന്തും ചെയ്യാം എന്നുള്ള ഒരു അവസ്ഥയല്ലേ ഉണ്ടായിത്തീർന്നത്. ഇത് നമ്മുടെ രാജ്യത്തിന്റെ അവിഭാജ്യഘടകമായി മാറിയ ജമ്മുകാശ്മീറിന്റെ ചരിത്രം അറിയാവുന്ന കൂട്ടർക്ക് അത്ര എളുപ്പത്തിൽ സ്വീകരിക്കാൻ കഴിയുന്ന ഒരു നിലപാടാണോ; പക്ഷേ, അതിന്റെയൊന്നും ഭാഗമല്ലാത്ത, അതൊന്നുമറിയാത്ത, ആ ഘട്ടത്തിൽ തന്നെ വർഗ്ഗീയമായി കാര്യങ്ങൾ ചിന്തിച്ചിരുന്ന ഒരു വിഭാഗത്തിന് തങ്ങളുടെ കയ്യിൽ ഇപ്പോൾ അധികാരമുണ്ട് എന്നതിന്റെ മേലെ എന്തും കാണിക്കാം എന്ന നിലയല്ലേ വന്നിട്ടുള്ളത്? അവിടെയും വേറൊരു കാര്യം പരിശോധിച്ചുനോക്കുക. മുസ്ലീം ഭൂരിപക്ഷമുള്ള സംസ്ഥാനത്ത് പ്രത്യേക അജണ്ടയുടെ ഭാഗമായി ഇത്തരം ഒരു കാര്യം ചെയ്യുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ വേറൊരു നിലപാട്

സ്വീകരിക്കുന്നത് നമുക്ക് കാണാൻ കഴിയും. ജമ്മുകാശ്മീരിന് പ്രത്യേകമായ അധികാരങ്ങൾ എന്നു പറഞ്ഞുകൊണ്ട് 370-ാം വകുപ്പ് എടുത്തുമാറ്റുമ്പോൾ ചില സംസ്ഥാനങ്ങൾക്ക് ഐ.എൽ.പി. (Inner Line Permit) അധികാരം നൽകുകയാണ്. കേരളത്തിൽ ഒരു മണിപ്പൂരുകാരനോ ഇന്ത്യയിലെ മറ്റേത് സംസ്ഥാനക്കാരനോ വന്ന് സ്വത്ത് വാങ്ങാം. എന്നാൽ നിങ്ങൾക്ക് മണിപ്പൂരിൽ പോയി വാങ്ങാൻ സാധിക്കില്ല. അവിടെ പ്രത്യേക അധികാരമാണ്, പ്രത്യേക അവകാശമാണ്. അതുമാത്രമല്ല, അവിടെ പോകണമെങ്കിൽ അതിന് പ്രത്യേക അനുമതി വേണം. അപ്പോൾ ഇത്തരത്തിൽ മതപരമായ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് അവകാശം നൽകുന്ന രീതി തുടരാൻ പാടുണ്ടോ; സ്വീകരിക്കാൻ പാടുണ്ടോ? ഇത് കൃത്യമായ ഒരു അജണ്ടയുടെ ഭാഗമാണെന്നത് ഇവിടെയാണ് നാം കാണേണ്ടത്. ഇവിടെ എല്ലാവരും പൊതുവെ പറയുന്ന ഒരു കാര്യമുണ്ട്. നമ്മുടെ രാജ്യത്ത് ഒരുപാട് രാഷ്ട്രീയ പാർട്ടികളുണ്ട്. ആ രാഷ്ട്രീയ പാർട്ടികളുടെ ഗണത്തിൽപ്പെടുന്ന ഒരു പാർട്ടിയല്ല ബി.ജെ.പി.. എന്താണ് അവരെ വ്യത്യസ്തമാക്കി നിർത്തുന്നത്? അവർ ആർ.എസ്.എസ്. നേതൃത്വം അംഗീകരിച്ചവരാണ്. ആർ.എസ്.എസ്. ആണ്

ആ പാർട്ടിയെ നയിക്കുന്നത്. ആർ.എസ്.എസ്. കൃത്യമായ ആശയമുള്ളൊരു സംഘടനയാണ്. ആർഷഭാരത സംസ്കാരത്തിൽ ഞങ്ങൾ നിൽക്കുകയാണെന്ന് ആർ.എസ്.എസ്-ലെ ചില നേതാക്കൾ പറയുന്നത് കേൾക്കാം. ആർഷഭാരത സംസ്കാരമൊന്നുമല്ല ആർ.എസ്.എസ്. അംഗീകരിച്ചിട്ടുള്ളത്. ആർ.എസ്.എസ് അംഗീകരിച്ചത് ഹിറ്റ്ലറുടെ ആശയമാണ്. ഹിറ്റ്ലർ ജർമ്മനിയിൽ നടപ്പാക്കിയ ആശയമാണ്. ഇവിടെ ചിലർ അത് സൂചിപ്പിക്കുകയുണ്ടായി. ആശയം ഹിറ്റ്ലറുടേതാകുമ്പോൾ അവരുടെ സംഘടനാരൂപം നാം ഇപ്പോൾ കാണുന്ന ആർ.എസ്.എസ്സിന്റെ വിവിധ പരിശീലന രീതികളടക്കം സ്വായത്തമാക്കിയത് മുസ്സോളിനിയുടെ അന്നത്തെ ഫാസിസ്റ്റ് സംഘടനാ രൂപം അംഗീകരിച്ചുകൊണ്ടാണ്. അപ്പോൾ സംഘടന മുസ്സോളിനിയിൽനിന്നും ആശയം ഹിറ്റ്ലറിൽനിന്നും സ്വീകരിച്ച ഒരു സംഘടനയാണ് ആർ.എസ്.എസ്. ഇത് ആർ.എസ്.എസ്സിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ ബി.എസ്. മുഞ്ചേ തന്നെ കൃത്യമായി രേഖപ്പെടുത്തിയ കാര്യമാണ്. അവരോട് ആർക്കെങ്കിലും വിരോധം ഉള്ളതുകൊണ്ട് കെട്ടിച്ചമച്ച ഒരു കാര്യമല്ല എന്നർത്ഥം. ആർ.എസ്.എസ്-ന്റെ നിരവധി ഗ്രന്ഥങ്ങളുണ്ട്. അതിൽ ഹിറ്റ്ലറുടെ വഴിയേയാണ് തങ്ങൾ

സഞ്ചരിക്കുന്നതെന്ന് അവർ കൃത്യമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. ആർ.എസ്.എസ്-ന്റെ പ്രമുഖനായ താത്വികാചാര്യനാണ് ഗുരുജി ഗോൾവാൾക്കർ. ഗോൾവാൾക്കറുടെ പുസ്തകം 'നാം അഥവാ നമ്മുടെ ദേശീയത നിർവ്വചിക്കപ്പെടുന്നു' (We or our nationhood defined) എന്ന പുസ്തകത്തിൽ കൃത്യമായി ഈ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ തന്നെ 'വിചാരധാര' എന്ന പുസ്തകത്തിലും എന്താണ് 'പൗരത്വം', എന്താണ് 'വംശീയത' എന്നതിനെക്കുറിച്ചൊക്കെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഈ കാലത്ത് എന്തായിരുന്നുവെന്ന് നമ്മൾ ഒന്നുകൂടി ഓർക്കുന്നത് നല്ലതാണെന്നാണ് തോന്നുന്നത്. ഗോൾവാൾക്കർ പറഞ്ഞ കാര്യം,ജർമ്മനിയിലെ കാര്യമാണ്- "ഒരു വംശത്തിന്റെയും സംസ്കാരത്തിന്റെയും ശുദ്ധി നിലനിർത്താൻ, ജർമ്മനി ലോകത്തെ ഞെട്ടിച്ചുകൊണ്ട് ആ രാജ്യത്തിലെ സെമിറ്റിക് വംശജരായ ജൂതരെ പിഴുതെറിഞ്ഞു. വംശാഭിമാനം (Race pride) അതിന്റെ ഏറ്റവും ഉയർന്ന നിലയിലാണ് ഇവിടെ കാണപ്പെട്ടത്. അടിസ്ഥാനപരമായി വ്യത്യസ്തതകളുള്ള വംശങ്ങൾക്കും സംസ്കാരങ്ങൾക്കും ഐക്യരൂപത്തിൽ ഉൾപ്പെടാൻ കഴിയില്ലെന്ന് ജർമ്മനി തെളിയിച്ചിരിക്കുകയാണ്." അടുത്ത

വാചകം പ്രത്യേകം ശ്രദ്ധിക്കണം "ഇത് ഹിന്ദുസ്ഥാനിലുള്ള നമുക്ക് പഠിക്കാനും പ്രയോഗിക്കുവാനും കഴിയുന്നതാണ്". ഇതാണ് 'We or our nationhood defined' എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതിവച്ചത്. അതായത് ഹിറ്റ്ലറുടെ പാതയാണ് തങ്ങളുടെ പാത എന്ന് ഒരു മറയുമില്ലാതെ നേരത്തെ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളും മറ്റും എങ്ങനെയാണ് നമ്മുടെ രാജ്യത്ത് ജീവിക്കേണ്ടത്. അത് 'നാം അഥവാ നമ്മുടെ ദേശീയത നിർവ്വചിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇതൊക്കെ സാധാരണഗതിയിൽ ഒരു പരിഷ്കൃത സമൂഹത്തിൽ ആർക്കും പറയാൻ കഴിയാത്ത കാര്യമാണ്. പക്ഷേ, ആർ.എസ്.എസ്. അതാണ്., ആർ.എസ്.എസിന്റെ നിലപാട് അതാണ്. എന്താണ് ന്യൂനപക്ഷത്തെക്കുറിച്ച് പറഞ്ഞത്, എങ്ങനെ അവർ ജീവിക്കണമെന്നാണ്. ഇവിടെ നേരത്തെ പറയുകയുണ്ടായി. വിദേശീയരായ കൂട്ടർക്ക് രണ്ട് മാർഗ്ഗങ്ങൾ മാത്രമേയുള്ളൂ. 'ഒന്നുകിൽ ദേശീയ വംശത്തിൽ സ്വയം ലയിക്കുകയും അതിന്റെ സംസ്കാരം സ്വീകരിക്കുകയും ചെയ്യുക. അല്ലെങ്കിൽ ദേശീയ വംശം അനുവദിക്കുന്ന കാലത്തോളം അതിന്റെ ദയയിൽ കഴിയുകയും അതിന്റെ മധുരേച്ഛ പോലെ പിന്നെ നാടുവിടുകയും ചെയ്യുക.

വിചക്ഷണങ്ങളായ പഴയ രാഷ്ട്രങ്ങളുടെ അനുഭവത്തിന്റെ അനുമതിയുള്ള ഈ നിലപാടുകൾ നോക്കിയാൽ ഹിന്ദുസ്ഥാനിലെ വിദേശ വംശങ്ങൾ ഒന്നുകിൽ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കുകയും ഹിന്ദു മതത്തോട് ആദരവും ഭയഭക്തിയും ബഹുമാനവും കാട്ടാൻ പഠിക്കുകയും ഹിന്ദു വംശത്തേയും സംസ്കാരത്തെയും, അതായത് ഹിന്ദു രാഷ്ട്രത്തെ മഹത്വവത്കരിക്കുന്നവ അല്ലാതെ മറ്റ് യാതൊരാശയവും വച്ചുപുലർത്താതിരിക്കുകയും ഹിന്ദു വംശത്തിൽ ലയിക്കുന്നതിനുവേണ്ടി തങ്ങളുടെ വേറിട്ടുള്ള നിലനിൽപ്പ് ഉപേക്ഷിക്കുകയും ചെയ്യണം. അല്ലെങ്കിൽ യാതൊന്നും അവകാശപ്പെടാതെ, യാതൊരു ആനുകൂല്യങ്ങൾക്കുമുള്ള മുൻഗണനാ പരിഗണനയുടെ കാര്യം പറയുകയുംവേണ്ട, അർഹതയില്ലാതെ, എന്തിന് പൗരാവകാശങ്ങൾ പോലുമില്ലാതെ, ഹിന്ദു രാഷ്ട്രത്തിന് പൂർണ്ണമായും വഴങ്ങി, വേണമെങ്കിൽ അവർക്ക് ഈ രാജ്യത്ത് കഴിയാം. അവർക്ക് സ്വീകരിക്കാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല, ഉണ്ടായിരിക്കാനും പാടില്ല. നമ്മുടേത് പഴയ രാഷ്ട്രമാണ്. നമ്മുടെ നാട്ടിൽ ജീവിക്കാൻ തീരുമാനിച്ചിട്ടുള്ള വിദേശ വംശങ്ങളെ പഴയ രാഷ്ട്രങ്ങൾ ചെയ്തതുപോലെ നമുക്ക് കൈകാര്യം ചെയ്യാം.' ഇതാണ് ആർ.എസ്.എസ്. നമ്മുടെ രാജ്യത്തിന്റെ ഭാഗമായിട്ടുള്ള ഒരു

വിഭാഗം സഹോദരങ്ങളെ ഈ രാജ്യത്തിന്റെ ഭാഗമായി അവർക്ക് കാണാൻ കഴിയുന്നില്ല. അവരെ സ്വീകരിക്കാൻ തയ്യാറല്ല. അവർ ഇവിടെയൊരു പ്രത്യേക വിഭാഗത്തിന്റെ അടിമകളായി കഴിഞ്ഞുകൊള്ളണമെന്നാണ് പറയുന്നത്. ഈ രാജ്യം എന്നുപറയുന്നത് എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഈ രാജ്യം ഇന്ന് നേടിയ സ്വാതന്ത്ര്യത്തിന്റെ അവസ്ഥ, അതിനുവേണ്ടി ജീവത്യാഗം ചെയ്തവരുടെ അനുഭവം, അതെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞു. എത്രമാത്രം അപകടകരമായ ഒരു ആശയവുമായാണ് മുന്നോട്ടുപോകുന്നത്. ആ അജണ്ടയുടെ ഭാഗമായാണ് ഓരോന്നോരോന്നായി നടപ്പാക്കുന്നത്. ആർ.എസ്.എസ്.-ന്റെ നേതൃത്വം അംഗീകരിച്ച് അധികാരത്തിൽ വന്നതോടെ ആർ.എസ്.എസ്.-ന്റെ നയം നടപ്പാക്കാൻ പുറപ്പെട്ടുകയാണ്. അതിന്റെ ഭാഗമായാണ് ഓരോന്നോരോന്നായി ചെയ്യുന്നത്. അതിലൂടെയാണ് ഇപ്പോൾ ഈ പറയുന്ന കാര്യം വന്നത് എന്ന് നാം കാണണം. ഇതേ തരത്തിലുള്ള ഉദ്ധരണികൾ ഇനിയും എന്റെ കയ്യിലുണ്ട്. പക്ഷേ, ഞാനത് കൂടുതലായി പറയുന്നില്ല. ജനാധിപത്യ ഇംഗ്ലണ്ടിലെ ഒരു ഉദാഹരണം ഗോൾവാൾക്കർ എടുത്തുപറയുന്നുണ്ട്. '100 വർഷങ്ങൾക്കുമുമ്പ് കുറച്ച് ജൻമൻകാർ ഇംഗ്ലണ്ടിൽ

കുടിയേറിപ്പാർക്കുകയും അവർക്ക് പൗരത്വാവകാശം ലഭിക്കുകയും ചെയ്തു. അവിടെ അവരെ അന്യരായി കണ്ടിരുന്നില്ല. അവരിലൊരാൾ ഒരു ഐ.സി.എസ്. ഉദ്യോഗസ്ഥനായി മധ്യപ്രദേശിൽ ജോലി ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ 1914-ൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹത്തിന് ജർമ്മൻ അനുകൂല വികാരം ഉണ്ടാകുമോയെന്ന് കരുതി അദ്ദേഹത്തെ തടങ്കലിൽ വയ്ക്കുകയുണ്ടായി. കേവലമൊരു സംശയത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ തടങ്കലിൽ വച്ചത്. ഇതാണ് ദേശീയതയെക്കുറിച്ചുള്ള അവരുടെ ശരിയായ നിലപാട്. നമ്മുടെ രാജ്യത്തെയും സ്ഥിതി ഇതുതന്നെയാണ്.' ഇതെല്ലാം ഗോൾവാൾക്കറുടെ വാചകങ്ങളാണ്. 'കേവലം കൂട്ടായ താമസമോ ജനനമോ നമ്മുടെ രാജ്യത്ത് വളരുകയോ ചെയ്താൽ മാത്രം ഒരേ തരത്തിലുള്ള കൂറും ഗുണങ്ങളും ജീവിതരീതിയും എല്ലാവരിലും ഉണ്ടാകില്ല.' ഇന്ന് ആളുകളുടെ രാജ്യത്തോടുള്ള കൂറ് ആർ.എസ്.എസ്.-കാർ തീരുമാനിക്കുകയാണ്. ഈ രാജ്യത്തിനുവേണ്ടി ജീവൻ വെടിഞ്ഞവരെക്കുറിച്ചാണ് ഈ പറയുന്നത്. ആർ.എസ്.എസ്. അവരുടെ ആന്തരിക ഭീഷണിയായി ആദ്യംതന്നെ പറയുന്നത് മുസ്ലീമിനെയാണ്. പിന്നീട് ക്രിസ്ത്യാനിയെ, കമ്മ്യൂണിസ്റ്റുകാരെ. ഈ

ആന്തരിക ഭീഷണി എവിടെ നിന്ന് വന്നതാണ്. ഇത് ഹിറ്റ്ലറുടെ വാചകമാണ്. ജർമനിയിൽ ജൂതരെയും ബോൾഷെവിക്കുകളെയുമാണ് ആന്തരിക ഭീഷണിയായി കണ്ടിരുന്നത്. അതേ വാചകം ഇവിടെ സ്വീകരിച്ചതാണ്. അപ്പോൾ ആർ.എസ്.എസ്.-ന്റെ നയമെന്നത് പൂർണ്ണമായും ഹിറ്റ്ലറുടെ ആശയമാണ്. ദേശീയ പ്രസ്ഥാനത്തെയും അതിന്റെ പാരമ്പര്യത്തെയും പൂർണ്ണമായി നിഷേധിക്കുന്നതാണ് ഇവരുടെ നിലപാട്. അവർക്ക് ദേശീയ പ്രസ്ഥാനത്തിൽ പങ്കില്ലല്ലോ; ഇവിടെ നേരത്തേ അത് പറഞ്ഞല്ലോ? ഇവിടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി എന്തെല്ലാം വിഷമതകൾ അനുഭവിച്ചവരുണ്ട്; ഏതെല്ലാം പ്രയാസങ്ങൾ അനുഭവിച്ചവരുണ്ട്. ആൻഡമാനിൽ എന്തെല്ലാം കഠിനമായ വിഷമതകൾ അനുഭവിച്ച് ആ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ജീവിതം നയിച്ചവരുണ്ട്. എന്നാൽ അവിടെനിന്ന് മാപ്പെഴുതി രക്ഷപ്പെട്ടവരെയല്ലേ വലിയ മഹാന്മാരായി ചിത്രീകരിക്കാൻ ശ്രമം നടക്കുന്നത്. രാജ്യത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണോ അത്? ചരിത്രത്തെത്തന്നെ തിരുത്തിക്കുറിക്കാനല്ലേ നോക്കുന്നത്. അപ്പോൾ തങ്ങളുടെ കയ്യിൽ അധികാരമുണ്ടെന്നുവച്ച് എന്തുമാകാം എന്നുള്ള നിലയിലല്ലേ കാര്യങ്ങൾ

നീക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് ദേശീയ പ്രസ്ഥാനം എന്താണെന്ന് അറിയില്ല; ദേശീയ പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ എന്താണെന്ന് അറിയില്ല; ദേശീയ പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഭരണഘടന ഒരു ഘട്ടത്തിലും അവർക്ക് അംഗീകരിക്കാനും കഴിഞ്ഞിട്ടില്ല. അതവർ പലവട്ടം വ്യക്തമാക്കിയിട്ടുണ്ട്, പാർലമെന്റിൽത്തന്നെ വ്യക്തമാക്കിയതാണ്. ശരിയായ രീതിയിൽ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് ഒരു വിഭാഗത്തിന് എതിരെയാണെങ്കിൽ നാളെ മറ്റ് വിഭാഗങ്ങൾക്ക് നേരെ തിരിയും. ആരെല്ലാം ഇവർക്ക് തൊട്ടുകൂടാത്തവരായിട്ടുണ്ടോ അവരുടെയെല്ലാം നേരെ ഭീഷണി ഉയരുകയാണ്. അതവർ വ്യക്തമാക്കുന്നുണ്ട്, അവർ പറയുന്ന ഒരു കാര്യം, 'നമ്മുടെ സമാജത്തിന്റെ മറ്റൊരു സവിശേഷത വർണ്ണ വ്യവസ്ഥയാണ്. എന്നാൽ ഇതിനെ ജാതീയത എന്ന് മുദ്രകുത്തി പുച്ഛിച്ച് തള്ളുകയാണ്. വർണ്ണവ്യവസ്ഥ എന്ന് പരാമർശിക്കുന്നതുതന്നെ അപഹസിക്കേണ്ട ഒന്നാണെന്ന് നമ്മുടെ ആളുകൾക്ക് തോന്നിത്തുടങ്ങിയിട്ടുണ്ട്. അതിൽ അടങ്ങിയിട്ടുള്ള സാമൂഹ്യ വ്യവസ്ഥയെ സാമൂഹ്യവിവേചനമായി അവർ തെറ്റിദ്ധരിക്കുന്നു.' ഇതാണ് ഇന്ത്യയുടെ ശാപം. ഈ പറയുന്ന ജാതിവിവേചനം, അതിന്റെ ഉച്ചനീചത്വം,

അതിനെ മഹത്വവത്കരിക്കുകയാണ്. ഈ പറയുന്നതിന്റെ ഒരു ഭാഗം എന്താണ്, ഈ പറയുന്ന വർണ്ണവ്യവസ്ഥ ബ്രഹ്മ-ക്ഷത്രിയ-വൈശ്യ-ശൂദ്ര. ശൂദ്രർ കഴിഞ്ഞാലുള്ള വിഭാഗത്തെ മനുഷ്യഗണത്തിൽപോലും പെടുത്തുന്നില്ല. അതാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ശൂദ്ര വിഭാഗത്തിൽപെടുന്നില്ല. എന്നിട്ട് അതിന്റെ മേന്മയും പറഞ്ഞ് നടക്കുകയാണ്. നമ്മുടെ രാജ്യത്തെ വലിയൊരു ജനവിഭാഗത്തെ മനുഷ്യരായിപ്പോലും പരിഗണിക്കാത്ത തത്വശാസ്ത്രം, അതുംകൊണ്ടാണ് ആർ.എസ്.എസ്. നടക്കുന്നത്. ഏതാണ് ഹിന്ദു, വിചാരധാരക്കാരൻ പറയുന്നുണ്ട്, ബ്രാഹ്മണൻ - തല, രാജാവ് - ബാഹുക്കൾ, വൈശ്യൻ - ഊരുക്കൾ, ശൂദ്രൻ - പാദങ്ങൾ. ഈ ചതുർവിധ വ്യവസ്ഥയുള്ള ജനത, അതായത് ഹിന്ദു ജനതയാണ് നമ്മുടെ ദൈവം എന്നാണ് അതിന്റെ അർത്ഥം. അപ്പോൾ ജാതീയമായ അടിസ്ഥാനത്തിൽ വിശ്വാസികളായവരെത്തന്നെ വലിയ തോതിൽ ഭിന്നിപ്പിക്കുകയാണ്. ഇതിൽ ഏത് വിഭാഗത്തിന്റെ താല്പര്യമാണ് ഇവർ സംരക്ഷിക്കുന്നതെന്നത് വ്യക്തമാണ്. അതവർ പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. പല നടപടികളിലൂടെയും വന്നിട്ടുണ്ട്. ചുരുക്കത്തിൽ സംഘപരിവാറിന്റെ അജണ്ട

എന്നുപറയുന്നത് ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ജനതയെ രണ്ടാംകിട പൗരന്മാരായി കണക്കാക്കുക, ആന്തരിക ഭീഷണിയുടെ ഭാഗമാണ് ഇതെന്ന് പറയുക, എന്നിട്ട് അവരെ തകർക്കുക എന്നതാണ്. ആ അജണ്ടയുടെ ഭാഗമായാണ് ഈ പൗരത്വ ഭേദഗതി നിയമം വന്നിട്ടുള്ളത്. അതാണ് ഇതിലുള്ള ഏറ്റവും ഗൗരവമായ പ്രശ്നമെന്ന് നാം കാണണം. ഇതിനെ നാം ഒന്നിച്ച് എതിർത്തില്ലെങ്കിൽ ഇത്തരം അജണ്ടകൾ ഒന്നൊന്നായി നമ്മുടെ നാട്ടിൽ ശക്തിപ്പെടുന്ന നിലയുണ്ടാകും. അതുകൊണ്ടുതന്നെ മതനിരപേക്ഷത സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന, നമ്മുടെ രാജ്യത്തിന്റെ ഭരണഘടന സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന മുഴുവൻപേരും ഇതിനെതിരെ അണിനിരക്കേണ്ട ഘട്ടമാണിത്. അതാണിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. അതാണ് രാജ്യവ്യാപകമായി നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ നേരത്തേ പൗരത്വ ഭേദഗതിയുണ്ടായ ഘട്ടത്തിൽ മറ്റ് പ്രതിഷേധങ്ങൾ ഉയർന്നിട്ടില്ല എന്നത് വസ്തുതയാണ്. അതിൽ നാം കാണേണ്ടത് ഈ അജണ്ടയുടെ ഭാഗമായിട്ടല്ല നേരത്തെ പൗരത്വ ഭേദഗതി നിയമങ്ങൾ വന്നത്. 1955-ലാണ് പൗരത്വ നിയമം രാജ്യത്തുണ്ടാകുന്നത്. ഭരണഘടന മുന്നോട്ടുവച്ച ആശയങ്ങൾ പൂർണ്ണമായും സ്വാംശീകരിച്ചുകൊണ്ടാണ് അത് നിലവിൽ

വന്നത്. പിൽക്കാലത്ത് 1985, 2004, 2005 എന്നീ വർഷങ്ങളിൽ ചില ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. 1985-ൽ അസാം അക്കോർഡിൽ അനുസൃതമായ മാറ്റങ്ങൾ വരുത്താനാണ് ഭേദഗതിയുണ്ടായത്. 2004-ൽ വിദേശികൾക്ക് പൗരത്വം നൽകുന്നതുമായി ബന്ധപ്പെട്ട കാലാവധി പുതുക്കി നിശ്ചയിക്കുന്നതിനും 2005-ൽ ഇന്ത്യൻ വംശജരായ വിദേശികൾക്ക് ഇന്ത്യൻ പൗരത്വം നൽകുന്നതിനുമാണ് ഭേദഗതിയുണ്ടായത്. ഇതിലൊക്കെയുള്ള പ്രത്യേകത, ഈ ഭേദഗതികളിലൊന്നിലും മതപരമായ വിവേചനത്തിന്റെ ലാഞ്ചനപോലും ഉണ്ടായിരുന്നില്ല. മൗലികാവകാശം ലംഘിക്കുന്നതിന്റെ ഒരു കാഴ്ചപ്പാടുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അതൊന്നും മറ്റുതരത്തിലുള്ള എതിർപ്പിന് ഇടയാക്കിയിട്ടില്ല. ഇന്നത്തെ കാലത്ത് ഇത് ബോധപൂർവ്വം നടപ്പാക്കാൻ ശ്രമിക്കുന്ന ഒന്നാണ്. അതിനെ ശക്തമായിത്തന്നെ നമുക്ക് ഒന്നിച്ച് തള്ളിപ്പറയേണ്ടതുണ്ട്, തകർക്കേണ്ടതുണ്ട്, ഒരു തരത്തിലും രാജ്യം അംഗീകരിക്കില്ലെന്ന നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ഇവിടെ വന്ന ഭേദഗതി നിർദ്ദേശത്തെക്കുറിച്ച് പറയാനുള്ള കാര്യം, പാർലമെന്റ് പാസ്സാക്കിയ ഈ നിയമം റദ്ദാക്കണമെന്നാണ് നമ്മൾ

ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാരിന് ഒരു ഓർഡിനൻസ് മുഖേന ഈ നിയമം ഉടനെ നിർത്തലാക്കാൻ സാധിക്കും. രാജ്യത്തെ പ്രത്യേക അന്തരീക്ഷം പരിഗണിച്ചുകൊണ്ട് ഒരു ഓർഡിനൻസിലൂടെ പെട്ടന്നുതന്നെ നിയമം റദ്ദാക്കാൻ കഴിയും. അത്തരമൊരു അവസ്ഥ നിലനിൽക്കെ ഇതിൽ തീരുമാനമുണ്ടാകുന്നതുവരെ തുടർനടപടി സ്വീകരിക്കരുതെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം നമ്മുടെ ഉദ്ദേശ്യത്തെ ദുർബലപ്പെടുത്തുകയാണ് ചെയ്യുക. പ്രമേയത്തിലെ ആവശ്യത്തിന്റെ ശക്തി അത് ചോർത്തിക്കളയും. സഭയുടെ മുമ്പാകെയുള്ള പ്രമേയത്തെ കൂടുതൽ ശക്തിപ്പെടുത്താനും സമ്പുഷ്ടമാക്കാനുമുള്ള ഭേദഗതി നിർദ്ദേശം എന്തുവന്നാലും സ്വീകരിക്കുന്നതിന് തടസ്സമില്ല. രാജ്യത്തെയും ജനതയെയും മതത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാനുള്ള ആപത്കരമായ നീക്കമാണ് ഈ നിയമം. അതുകൊണ്ടുതന്നെ പൗരത്വഭേദഗതി നിയമം എത്രയും വേഗം റദ്ദ് ചെയ്യുകയെന്നതാണ് നാം ആവശ്യപ്പെടേണ്ടത്.

മി. സ്പീക്കർ: ചർച്ചയും മറുപടിയും കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ ഭരണഘടന വെല്ലുവിളി നേരിടുമ്പോൾ മതനിരപേക്ഷത ഇരുട്ടിലാഴുവെന്ന ആശങ്ക ഉയരുമ്പോൾ നൂറ്റാണ്ടുകളിലൂടെ നമ്മൾ സ്വാംശീകരിച്ച നമ്മുടെ

സംസ്കാരത്തിന്റെ അന്തസ്സത്തയ്ക്ക് ഇടിവേൽക്കുന്നുവെന്ന് തോന്നുമ്പോൾ കേരളം എങ്ങനെ പ്രതികരിക്കുന്നുവെന്നതിന്റെ ശക്തമായ ഒരുദാഹരണമായിരുന്നു ഈ ചർച്ച. നമ്മുടെ നിയമസഭയുടെ അന്തസ്സ് ഇതുയർത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ചർച്ച കേൾക്കുന്ന സമയത്ത് ഓർമ്മിക്കുന്നത് ദശാവതാരങ്ങളിലെ ഹിരണ്യകശിപുവിന്റെ അനുഭവമാണ്. ഹിരണ്യകശിപുവിന്റെ ആക്രോശങ്ങളും നാടും നഗരവും അടക്കിവാണുകൊണ്ടുമുള്ള ധിക്കാരവുമായിരുന്നില്ല പ്രഹ്ളാദന്റെ വിനയപൂർവ്വമുള്ള നിശ്ചയദാർഢ്യമായിരുന്നു നരസിംഹം പുറത്തുവരാനിടയായ ഒരു കാരണം. കേരളം ഇന്ന് ആ പ്രഹ്ളാദന്റെ റോളിൽ ശക്തമായ നിലപാട് രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ്. ഈ ചർച്ചയുടെ അന്തസ്സത്ത തീർച്ചയായും നമ്മുടെ പുതുതായി ആരംഭിക്കുന്ന സഭാ ടിവിയുടെ നേതൃത്വത്തിൽ രാജ്യത്തെ എല്ലാ സ്ഥലങ്ങളിലും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.